# പരുമല മാർ ഗ്രീഗോറിയോസ് വിജയം

## മഹാകാവ്യം

(Malayalam)

---

**Parumala Mar Gregorios Vijayam: Mahakavyam**

(Poem)

**by M. A. Jacob Puthenkavu**
Mammoottil
Near St. Gregorios School
Mulakuzha P. O. Chengannur,
Kerala, PIN 689505
Tele: 0479-3290581
Mobile: 9961727527

| | | |
|---|---|---|
| Publishers | : | Kottackal Publishers, P. B. 10,<br>Manganam<br>Kottayam - 686018<br>Phone: 0481 - 2578936 |
| First Published | : | Nov., 2012 |
| Copy Right to | : | Author |
| Cover | : | Equations, Kottayam Mob: 94469 84669 |
| Typesetting & Printing | : | Sophia Print House, Kottayam<br>Ph: 99471 20697 |

**Rs. 100/-**

# പരുമല മാർ ഗ്രീഗോറിയോസ് വിജയം

## മഹാകാവ്യം

എം. എ. ജേക്കബ് പുത്തൻകാവ്

പ്രസാധകർ

**കോട്ടയ്ക്കൽ പബ്ലീഷേഴ്സ്**

മാങ്ങാനം, പി.ബി. 10, കോട്ടയം – 18

ഫോൺ: 0481 2578936

വില: 100 രൂപ

### എം. എ. ജേക്കബിന്റെ കൃതികൾ

1. നവീന ക്രൈസ്തവ ഗാനങ്ങൾ (ഗാനസമാഹാരം)
2. പ്രേമാമൃതം (കവിതാസമാഹാരം)
3. ശ്രീയേശു ഭൂഷണം (മഹാകാവ്യം)
4. വിശുദ്ധ അൽഫോൻസാമ്മ
5. പരുമല മാർ ഗ്രീഗോറിയോസ് വിജയം (മഹാകാവ്യം)

## DEDICATION

This book “PARUMALA MAR GREGORIOS VIJAYAM” an epic about the life history and teachings of St. Gregorios of Parumala, the first declared saint of Malankara Orthodox Syrian Church to Dr. Markose Arackal, a well wisher of my family and a transparent personality in the real sense of the term who always gave me love, affection regard and protection in my difficulties by kind permission, is dedicated.

# ആശംസ

മലങ്കരയുടെ മഹാ പരിശുദ്ധനായ മാർ ഗ്രീഗോറിയോസ് തിരുമേനിയുടെ ജീവിതവും ദർശനവും ആധാരമാക്കി നമ്മുടെ വാത്സല്യവാൻ പുത്തൻകാവ് മാമ്മൂട്ടിൽ എം. എ. ജേക്കബ് 'പരുമല മാർ ഗ്രീഗോറിയോസ് വിജയം' എന്ന പേരിൽ ഒരു മഹാകാവ്യം രചിച്ച് പ്രസിദ്ധീകരിക്കുന്നു എന്നറിയുന്നതിൽ നാം ഏറെ സന്തോഷിക്കുന്നു. പരിശുദ്ധനായ പരുമല തിരുമേനിയുടെ ജീവിതകഥ ആസ്പദമാക്കി നിരവധി ഗ്രന്ഥങ്ങൾ പ്രസിദ്ധീകരിക്കപ്പെട്ടിട്ടുണ്ട്. എങ്കിലും ലക്ഷണമൊത്ത കാവ്യരൂപത്തിൽ രചിക്കപ്പെടുന്ന പ്രഥമ സാഹിത്യകൃതി എന്ന സ്ഥാനം ഈ ഗ്രന്ഥത്തിന് അവകാശപ്പെട്ടതാണ് എന്ന് നാം കരുതുന്നു. ഈ വിധത്തിൽ ഈ കൃതിക്ക് മലയാള സാഹിത്യത്തിൽ അതുല്യ സ്ഥാനമാണ് കൈവരുന്നത്.

മലയാള ഭാഷയുടെ വൃത്തങ്ങൾക്കനുസൃതമായ രചനാശൈലിയിലൂടെയും ഭാഷയുടെ സൗന്ദര്യത്തിലൂടെയും എം. എ. ജേക്കബിന്റെ പ്രതിഭയും ജ്ഞാനവും വെളിപ്പെടുത്തുന്ന ഒരു രചനയായി ഇത് പരിണമിച്ചിരിക്കുന്നു. പരിശുദ്ധനായ പരുമല തിരുമേനിയുടെ ദർശനങ്ങൾ വരുംതലമുറയ്ക്ക് പകർന്നു നൽകുവാൻ ഈ ഉദ്യമം മുഖാന്തരമായിത്തീരട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

എല്ലാ അഭിനന്ദനങ്ങളും നന്മകളും നേരുന്നു.

ദൈവം അനുഗ്രഹിക്കട്ടെ.

**ബസ്സേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ**

കാതോലിക്കേറ്റ് അരമന
മാർച്ച് 20, 2012



# അവതാരിക

ധന്യാത്മാവാകുന്ന പരുമല പുണ്യവാളന്റെ നാമം ഉച്ചരിക്കുന്നതു തന്നെ സുകൃതമാണ്; നാവിനു തേൻതുള്ളിപോലെ മധുരപ്രദവുമാണ്! സ്വജീവിതത്തെ 'പരിമള'മാക്കിയ ആ പുണ്യപുരുഷന്റെ ജീവിതം തന്നെ ഒരു 'മഹാ' കാവ്യമായിരുന്നു; വിശുദ്ധിയുടെയും അകളങ്കിത മനസ്സാക്ഷിയുടെയും മഹാകാവ്യം. സന്യാസിയുടെ അച്ചടക്കം, അനുതാപത്തിന്റെ കണ്ണുനീർ, സുകൃതാഭ്യാസങ്ങളുടെ നിറച്ചാർത്ത് എന്നിവയാലാണ് ആ കാവ്യപ്രപഞ്ചം പൂരിതമായിരിക്കുന്നത്. മലങ്കര നസ്രാണികളും, അല്ലാത്തവരും എത്ര ഭക്തിബഹുമാനങ്ങളോടെയാണ് അദ്ദേഹത്തിന്റെ പാവനനാമം ഉരുവിടുന്നത്! ആ ജീവിത ഗാഥയ്ക്കു കാവ്യരൂപം നൽകുന്നത് "നീതീകരണം" വരുത്തുന്ന ഒരു അനുഷ്ഠാനം തന്നെയാണ്. അതു 'മഹാകാവ്യ'മായി വളരുന്നത് സാർഹിതവും.

ഈ സൗഭാഗ്യം കൈവന്നിരിക്കുന്നത് എം. എ. ജേക്കബ് പുത്തൻകാവ് എന്ന 'സാഹിത്യസപര്യ' കർത്താവിനാണ്. നേരത്തെ തന്നെ, കവിതയുടെയും മഹാകാവ്യത്തിന്റെയും മേഖലകളിൽ ചുവടുറപ്പിച്ച് പതറാതെ മുന്നേറുന്ന ഒരു കാവ്യമനീഷി തന്നെയാണ് ജേക്കബ്. ശാന്തമായൊഴുകുന്ന തെളിനീർപുഴ പോലെ സുതാര്യമാണ് ഇവിടെ പരാമൃഷ്ടമായ "പരുമല മാർ ഗ്രീഗോറിയോസ് വിജയ" മഹാകാവ്യം. നോബൽ സമ്മാനം നേടിയ ഷൊളോക്കോവിന്റെ "And Quiet Flows the Don" എന്ന നോവലിൽ, പലവിധ സംഭവ പരമ്പരകൾ അരങ്ങേറുമ്പോഴും ഡോൺ നദി ശാന്തമായി ഒഴുകിക്കൊണ്ടിരിക്കും. അത്തരം ശാന്തമായൊഴുകുന്ന ഒരു തെളിനീർ പ്രവാഹമാണീ മഹാകാവ്യം. പക്ഷേ, അതിന്റെ ആഴങ്ങളിലും കുഞ്ഞോളപ്പരപ്പിലും ദൈവം തെരഞ്ഞെടുത്ത ഒരു ധന്യാത്മാവിന്റെ ജീവിതസൗരഭവും വിശുദ്ധമായ ആത്മനൊമ്പരങ്ങളും ഒളിപ്പിച്ചുകൊണ്ടാണ് ഈ പുഴയുടെ ശാന്തമായ ഗതി.

ഗ്രഹണക്ലേശഹേതുകമായ സംസ്കൃതപദ സഞ്ചയങ്ങളോ, അധികപ്പറ്റാകാവുന്ന അലങ്കാരങ്ങളോ ഒന്നും ഇതിൽ അവതീർണ്ണമായിട്ടില്ല എന്നത് സാധാരണ വായനക്കാർക്കും സന്തോഷകരമാണ്. അക്കാരണത്താൽ ഈ 'വിജയ' മഹാകാവ്യ പാരായണം അനായാസകരമായിരിക്കുന്നു എന്ന് നിസ്സംശയം പ്രസ്താവിക്കാം. പള്ളിയും സഭയുമായി ബന്ധപ്പെട്ട പദങ്ങളും ഭാഷാപ്രയോഗ വിശേഷങ്ങളും സ്വഭാവേന അധികമായി കാണുന്നുണ്ട്. പരിചിതമായ 'പരുമല ചരിത'ത്തിൽ നിന്നു വലിയ അകൽച്ചയും തോന്നുന്നുമില്ല. അത് ദൗർബ്ബല്യമല്ല, കാര്യഗ്രഹണത്തിന് ഏറെ സഹായകമായിട്ടുണ്ട്.

ഈ മഹാകാവ്യത്തെ അഞ്ച് ഖണ്ഡങ്ങളായി തിരിച്ചിരിക്കുന്നു: ജനന കാണ്ഡം, കർമ്മകാണ്ഡം, പ്രവാസകാണ്ഡം, അന്ത്യകാണ്ഡം, ഉത്തര കാണ്ഡം എന്നിവയാണവ. ആത്മികരിൽ പലരിലും സാഹിത്യശ്രേഷ്ഠ രിലും ഒരു 'പ്രവാസകാണ്ഡം' കാണുന്നുണ്ട്. ഗുരു നിത്യചൈതന്യയതി, വൈക്കം മുഹമ്മദു ബഷീർ, എസ്. കെ. പൊറ്റെക്കാട്, പാറേമ്മാക്കൽ തോമ്മാ കത്തനാർ എന്നിവരിൽ 'പ്രവാസകാണ്ഡം' പ്രസ്പഷ്ടമായി കാണാനുണ്ട്. അത് അവരുടെ "യാത്ര"യ്ക്ക് പുഷ്ടി നൽകിയിട്ടുമുണ്ട്. ഈ മഹാകാവ്യത്തെ 'ഖണ്ഡ'ങ്ങളായി പിരിച്ചിരിക്കുന്നത് കാവ്യവർണ്ണ നയ്ക്ക് പൊതുവെ ഒരു അടുക്കും ചിട്ടയും നൽകിയിട്ടുണ്ട്. ഓരോ കാണ്ഡ ത്തിലെയും ഉപവിഭാഗങ്ങൾ വൃത്തഭേദങ്ങളോടെയാണ് അവതരിപ്പിച്ചി രിക്കുന്നത്. വിരസതയെ അകറ്റുന്നതിൽ (breaking the monotomy) ഈ പ്രത്യേകത ഉപകരിച്ചിട്ടുണ്ട്. പൊതുവെ പറഞ്ഞാൽ ചരിത്ര വസ്തുത കൾക്ക് 'കവിസ്വാതന്ത്ര്യം' (poetic licence) ഉപയോഗിച്ച് ഭേദം വരുത്താതെ തികഞ്ഞ ഒരു ഭക്തകാവ്യമായി "വിജയം" തലയുയർത്തി നിൽക്കുന്നു.

പൗരസ്ത്യ സഭാവിജ്ഞാനീയത്തിലും ആരാധനാ പാരമ്പര്യത്തിലും 'chanting' (ചൊല്ലൽ) എന്നതിനാണ് പ്രാധാന്യം. ഗദ്യം ഉപയോഗിക്കു മെങ്കിലും മനുഷ്യഹൃദയങ്ങളെ തൊട്ടുണർത്തുന്ന 'ചൊല്ലൽ' ആണ് ഗണ്യ മായ സ്ഥാനം നേടിയിട്ടുള്ളത്. പ്രാർത്ഥനകൾ "പറയുക"യല്ല; ആലപി ക്കുകയാണ്. കുറെക്കൂടെ സൂക്ഷ്മമായി പറഞ്ഞാൽ ഗദ്യത്തെയും പദ്യ ത്തെയും അതിർലംഘിക്കുന്ന ഒരു ആത്മിക കാവ്യരൂപമാണ് ഈ 'ചൊല്ലൽ' രീതി. അത് ഹൃദയസ്പർശിയും ആസ്വാദ്യകരവുമായി നില നിൽക്കുന്നു.

കേരള ക്രൈസ്തവരുടെ ഇടയിൽ സാഹിത്യകാരന്മാർ – വിശേഷിച്ചും കവികൾ – കമ്മിയാണെന്ന പരാതിക്ക് ഒരു നല്ലയളവുവരെ അറുതി വരു ത്തിയ കാവ്യതേജസ്വികളുടെ നിരയിലേക്ക് ഒരാൾ കൂടി മഹാകവി പീഠ മേറിയതിൽ സാഹിത്യകുതുകികൾക്ക് ആഹ്ലാദിക്കാം.

ആംഗല കാവ്യ-നാടക ലോകത്തെ അത്ഭുത പ്രതിഭാസമാണ് ഷേക് സ്പിയർ. Black verse എന്നു വിളിക്കുന്ന ഗദ്യ-പദ്യ സങ്കലനമാണ് അദ്ദേഹം പ്രയോഗിച്ചിരിക്കുന്നത്. അത്തരം ശൈലിയുടെ ഒരു വിദൂര സാമ്യം "മാർ ഗ്രീഗോറിയോസ് വിജയ"ത്തിൽ കാണുന്നുണ്ട്. എന്നാൽ അലങ്കാരങ്ങളും ചമൽക്കാരങ്ങളും പ്രയോഗിക്കുന്നതിൽ കവി അല്പം 'ശങ്ക' കാട്ടുന്നുണ്ട്; അത്രയ്ക്ക് ഭയ-ഭക്ത്യാദരവുകളോടെയാണ് ഓരോ 'കാണ്ഡ'വും പുരോഗമിക്കുന്നത്.

പരുമല പുണ്യവാളന്റെ തിരുമൊഴികൾ, പ്രഭാഷണങ്ങൾ മുതലായ വയുടെ മൗലികമായ വിശുദ്ധി നഷ്ടപ്പെടുത്താതെ അപ്പാടെ ഒപ്പിയെ

ടുത്തതുപോലെയാണ് 'വിജയ'ത്തിലെ പല ഭാഗങ്ങളും. ചില ഉദാഹരണങ്ങൾ:

"ജഗന്നിയന്താവിൽ അണയ്ക്കും പ്രാർത്ഥന
സുതരാം നമ്മൾ തൻ മനമതിലുള്ള
തമസ്സു നീങ്ങാനും, തളർച്ച തീരാനും
പരമമാം രക്ഷ ലഭിച്ചിടാനും ..." (അന്ത്യകാണ്ഡം: 'തിരുമൊഴികൾ').

"നമ്മുടെ ഭാരതഭുവിൽ അജ്ഞാനികൾ ജനസംഘം
ദരിദ്രരായ്, ദുഃഖിതരായ് മരുവിടുന്നു
അധഃസ്ഥിതജാതിക്കാരായ് മരുവിടും പുലയർ
മനുഷ്യരായ് ജീവിക്കുവാൻ തുണച്ചീടേണം
രാജപാത തന്നിൽ ചെമ്മേ സഞ്ചരിക്കാൻ കഴിയാത്ത
പാവങ്ങളാം പുലയരെ സംരക്ഷിക്കേണം" (അന്ത്യകാണ്ഡം: 'യാത്രാനന്തരം').

ഇതിലേറെ ലളിതമായി എങ്ങനെയാണ് ഇത്തരം "വിപ്ലവ"കരമായ ആശയങ്ങൾ സംവേദിക്കുന്നത്!

അനുഗൃഹീതനായ ഈ ശ്രേഷ്ഠ മഹാകവിക്ക് നന്മകളും ഈശ്വരാനുഗ്രഹവും വർദ്ധമാനമായി ലഭ്യമാകട്ടെ! ഈ 'പുണ്യസാഹിതി' സഹൃദയസമക്ഷം സമർപ്പിക്കുന്നത് തികഞ്ഞ കൃതാർത്ഥതയോടെയാണ്.

**ഡോ. യാക്കോബ് മാർ ഐറേനിയോസ്**
**മെത്രാപ്പോലീത്താ**



## പരുമല മാർ ഗ്രീഗോറിയോസ് വിജയം

# കാവ്യ സുകൃതം

### പ്രിയാ ജേക്കബ്

പരിശുദ്ധിയുടെ ദിവ്യപരിമളവുമായി മലങ്കരയിൽ ദൈവത്തിന്റെ പരിവാഹകനായി ജീവിച്ച പരുമല തിരുമേനി വിശ്വവന്ദ്യനാണ്. മലങ്കരസഭയുടെ ചുമരുകൾക്കുള്ളിൽ ഒതുങ്ങിനിൽക്കുന്ന ഒരു വ്യക്തിത്വമല്ല തിരുമേനിയുടേത്. അക്രൈസ്തവരായ ചിന്തകർ പോലും ഗാന്ധിജിക്കും ശ്രീനാരാണഗുരുവിനും സമശീർഷനായി പരുമല തിരുമേനിയെ കാണുന്നു.

മലയാള സാഹിത്യ ചരിത്രം പരിശോധിച്ചാൽ ക്രൈസ്തവരായ കവികളും സാഹിത്യകാരന്മാരും വിരളമാണ്. മഹാകാവ്യങ്ങളുടെ നിരയിൽ സംസ്കൃതത്തിൽ രചിക്കപ്പെട്ട പ്രൊഫ. പി. സി. ദേവസ്യായുടെ ക്രിസ്തുഭാഗവതം, കട്ടക്കയത്തിൽ ചെറിയാൻ മാപ്പിളയുടെ ശ്രീയേശുവിജയം, മഹാകവി പ്രവിത്താനം ദേവസ്യായുടെ ഇസ്രായേൽ വംശം, മഹാകവി കെ. വി. സൈമന്റെ വേദവിഹാരം, പുത്തൻകാവ് മാത്തൻ തരകന്റെ വിശ്വദീപം, ഇടയാറന്മുള കെ. എം. വർഗീസിന്റെ ക്രിസ്തുദേവചരിതം, ഡോ. ടി. വി. മാത്യുവിന്റെ ദിവ്യസംഗീതം, ഗാഥാപ്രസ്ഥാനത്തിനു പുതുമ പകർന്ന പ്രൊഫ. മാത്യു ഉലകംതറയുടെ ക്രിസ്തുഗാഥ ഇവയൊക്കെ നമുക്ക് പരിചിതങ്ങളാണ്. എന്നാൽ ഈ കൃതികൾക്കൊന്നും ക്രൈസ്തവ സമൂഹത്തിൽ പ്രചുരപ്രചാരം ലഭിച്ചിട്ടില്ല എന്നത് ഖേദകരമാണ്. കട്ടക്കയം ക്രൈസ്തവ കാളിദാസൻ എന്ന് കവിയെ പരിഹാസ്യമായിട്ടാണ് വിശേഷിപ്പിച്ചതെങ്കിലും കട്ടക്കയം ക്രൈസ്തവ കാളിദാസൻ എന്ന് പുതുതലമുറ അഭിമാനത്തോടെ ആവർത്തിച്ചു ഉറപ്പിക്കണം. വർത്തമാനകാലത്ത് ക്രൈസ്തവർക്ക് ആചാരാനുഷ്ഠാനങ്ങൾക്കും പ്രാർത്ഥനാമന്ത്രങ്ങൾക്കും അപ്പുറം കേരളീയ ജനതയുടെ സാംസ്കാരിക മണ്ഡലത്തിൽ ഒരു സ്വാധീനശക്തിയായി മാറുവാൻ കഴിയുന്നില്ലായെന്നത് നാം ഗൗരവമായി കാണണം. എന്നാൽ അക്രൈസ്തവരായ എഴുത്തുകാർക്ക് തങ്ങളുടെ രചനകളിലൂടെ ക്രിസ്തുവിനെ സഹൃദയർക്ക് ആസ്വാദ്യമാക്കുവാൻ കഴിഞ്ഞിട്ടുണ്ടെന്നത് അഭിനന്ദനീയമാണ്.

പരുമല തീർത്ഥാടനത്തോടനുബന്ധിച്ച് പരുമല തിരുമേനിയെ സ്തുതിച്ചുകൊണ്ടുള്ള ഭക്തിഗാനപരമ്പരകൾ ധാരാളമുണ്ട്. എന്നാൽ തിരുമേനിയുടെ ജീവിതത്തെ മുൻനിർത്തിയുള്ള കാവ്യങ്ങൾ ഇല്ലെന്നുതന്നെ പറയാം. അതുകൊണ്ടുതന്നെ എം. എ. ജേക്കബിന്റെ പരുമല മാർ ഗ്രീഗോറിയോസ് വിജയം മഹാകാവ്യം ഏറെ ശ്രദ്ധേയമാണ്. പരുമല തിരുമേ

നിയെ ആസ്പദമാക്കിയുള്ള പ്രഥമ മഹാകാവ്യം എന്ന ബഹുമതി ഈ കൃതിക്കുണ്ട്. പുത്തൻകാവ് മാത്തൻ തരകന്റെ നാട്ടിൽനിന്നും മഹാകാവ്യ പ്രസ്ഥാനത്തിലേക്കു ചുവടുവെച്ച എം. എ. ജേക്കബിന്റെ ശ്രീയേശുഭൂഷണം മഹാകാവ്യം മലയാളത്തിലെ ക്രൈസ്തവ പാരമ്പര്യത്തിന് ഒരു മുതൽക്കൂട്ടായിരുന്നു.

'മാമക ശിഷ്യന്മാരാം സോദരന്മാരേ കേൾപ്പിൻ
ഭൂലോകം മുഴുവൻ പോയിട്ടെൻ സുവിശേഷം
സർവ്വ ജാതിക്കാരോടും ചൊല്ലുവിൻ മടിക്കാതെ
മാമക കൃപയെന്നും നിങ്ങൾക്കു കൂട്ടാണല്ലോ' (ശ്രീയേശുഭൂഷണം).

വൃത്തനിബന്ധമായി മഹാകാവ്യ ലക്ഷണങ്ങൾക്കനുസൃതമായി രചിച്ച ഈ കാവ്യത്തിനു പിന്നാലെ പരുമല തിരുമേനിയെപ്പറ്റി അഞ്ചു കാണ്ഡങ്ങളിൽ ഒരു മഹാകാവ്യ രചനയ്ക്കു മുതിർന്നതും സുവിശേഷ ത്തിന്റെ ഭാഗമായിട്ടാണ്. ഒരു ഭക്തന്റെ കാവ്യാർച്ചന എന്ന് ഇതിനെ വിശേ ഷിപ്പിക്കാം. തിരുമേനിയുടെ ജീവചരിത്രം ആദിയോടന്തം ധ്യാനിച്ച് മനനം ചെയ്ത ഒരു വിശ്വാസിയുടെ ഹൃദയത്തിൽ നിന്ന് അടർന്നുവീണതാണ് ഇതിലെ വരികൾ. പരുമല തിരുമേനിയുടെ ജന്മശതാബ്ദിയും ചരമശതാ ബ്ദിയും മലങ്കരസഭ ആചരിച്ചുവെങ്കിലും തിരുമേനിയുടെ രചനകളും ജീവിതഗന്ധിയായ ചരിത്രവുമൊക്കെ ഇന്നും അപൂർണ്ണമാണ്. ഊർശ്ലേം യാത്രാവിവരണം പോലും അടുത്തകാലത്താണ് ചർച്ചയ്ക്കും പഠന ത്തിനും വിധേയമായത്. ഇത്തരമൊരു സാഹചര്യത്തിൽ ഈ കൃതി ഒരു 'പുത്തൻ തീ'യുടെ അനുഭവമാണ് എന്നുള്ളതിൽ സംശയമില്ല.

'വിണ്ടലസൗഭാഗ്യത്തിൽ മധുരം നുകർന്നീടും' എന്ന് തിരുമേനിയുടെ സ്വരമാധുരി കവി നേരിൽ ആസ്വദിച്ചതായി തോന്നുന്നു. ദൈവരാജ്യ ത്തിന്റെ മുന്നാസ്വാദനമായിരുന്നു തിരുമേനിക്ക് ഈ ഭൂമിയിലെ ജീവിതം.

'ഗന്ധർവ്വ ഗായകർ മുട്ടുമടക്കുന്ന സ്വർഗീയ സുന്ദര ശാരീരവും' എന്ന പ്രയോഗത്തിലൂടെ ജീവിച്ചിരുന്നപ്പോൾതന്നെ സ്വർഗത്തിൽ നിന്ന് അയ ക്കപ്പെട്ട ദൈവദൂതനായിരുന്നുവെന്ന് വിശ്വാസികൾക്ക് അനുമാനിക്കാം. ഈ കൃതിയുടെ രചനയ്ക്ക് മുമ്പ് വിശുദ്ധ അൽഫോൻസ എന്ന കാവ്യം ഈ കൃതിയുടെ രചനയ്ക്കു ഉൾപ്രേരണയായി എന്നു തോന്നുന്നു. അൽഫോൻസാമ്മയുടേയും പരുമല തിരുമേനിയുടേയും ജീവിതം സമാ നതകളുള്ളതാണ്. ബാല്യത്തിൽത്തന്നെ ഇരുവർക്കും മാതാവ് നഷ്ട പ്പെട്ടു. നിരന്തരമായ രോഗപീഡയിലൂടെ ക്രിസ്തുവിന്റെ പീഡാനുഭവ ത്തിൽ പങ്കാളികളായി. 'ശാരീരികക്ലേശം ആത്മാവിനു രക്ഷ നൽകുന്ന സുകൃതത്തിന്റെ ആയുധം' എന്ന വി. അന്തോണിയോസിന്റെ വാക്കുകൾ ഈ വിശുദ്ധരുടെ ജീവിതത്തിൽ അർത്ഥവത്തായിരുന്നു. സഹനം,

ആർഭാടവിരക്തി, ഗുരുഭക്തി, നിർമ്മല ജീവിതം എന്നീ സന്യാസത്തിന്റെ മുഖമുദ്രകളായ ഗുണവിശേഷങ്ങൾ ഇരുവരേയും വിശുദ്ധിയിലേക്കു നയിച്ചു.

'പന്തത്തിൽ നിന്നുള്ള പന്തമായി' കർമ്മകാണ്ഡത്തിൽ വൈദികാഭ്യസനത്തെ കണ്ടത് എടുത്തു പറയേണ്ടതുതന്നെ. അക്കാലത്തെ സെമിനാരികളിൽ നടന്നുവന്നിരുന്ന വേദാഭ്യസനത്തെ സൂചിപ്പിക്കുവാൻ ഈ ഒരൊറ്റ വരി മതിയാകും. ഇത്തരം ശ്രദ്ധേയമായ വരികൾ ഒട്ടനവധി.

മാധുരി, കേക, മഞ്ജരി, നതോന്നത, അന്നനട എന്നീ വൃത്തങ്ങൾക്കൊപ്പം വടക്കൻപാട്ടിന്റെ ഈണത്തിലും താളത്തിലും രചിക്കപ്പെട്ട കൃതി പാരായണ സുഗമതയിലും പിന്നിലല്ല. ഉത്തരകാണ്ഡത്തിലെ അത്ഭുത സംഭവങ്ങൾ ഒന്നൊന്നായി അവതരിപ്പിക്കുമ്പോൾ പുറജാതിയിൽപ്പെട്ടവരും തിരുമേനിയുടെ മധ്യസ്ഥതയിൽ അഭയം പ്രാപിച്ചു ദൈവത്തെ സ്തുതിക്കുന്നത് കവിയുടെ വിശ്വാസ പ്രഖ്യാപനം കൂടിയാണ്. ഒരു ഭക്തന്റെ ഉൾവിളിയിൽ രചിക്കപ്പെട്ട വരികളാണ് പരുമല തിരുമേനി വിശുദ്ധൻ എന്ന് ഏറ്റുപറയുന്ന ഉത്തരകാണ്ഡത്തിൽ തിരുമേനിയുടെ ഇച്ഛാശക്തി, സത്യസന്ധത, സ്വഭാവമഹിമ ഇവയൊക്കെ വിശദമാക്കുമ്പോൾ അനുവാചകന് ഹൃദയവിമലീകരണത്തിനും ആത്മശോധനയ്ക്കും വഴിയൊരുക്കുവാൻ കഴിഞ്ഞുവെന്നത് നിസ്തർക്കമാണ്. 'പരിശുദ്ധന്മാർ ഈ ലോകത്ത് ജീവിച്ചിരുന്നപ്പോൾ ഉണ്ടായതിനേക്കാൾ പതിന്മടങ്ങു ശക്തി ഈ ലോകം വിട്ടതിനുശേഷം ആർജ്ജിക്കുന്നു' എന്ന വിശ്വാസം സ്മരണീയമാണ്.

ദൈവസന്നിധിയിലെ ബുദ്ധിമാന്മാരാണ് പരിശുദ്ധന്മാർ. പരിശുദ്ധനായ പരുമല തിരുമേനിയുടെ ജീവചരിത്രം മഹാകാവ്യരൂപത്തിൽ പ്രസിദ്ധീകൃതമാകുന്നത് പ്രശംസാർഹവും അഭിനന്ദനീയവുമാണ്. സാഹിത്യരംഗത്തും സഭാതലത്തിലും ഈ കൃതിക്കും കവിക്കും ലഭിക്കുന്ന പ്രോത്സാഹനം പ്രവചിക്കുക വയ്യ. എന്നാൽ പരുമല തിരുമേനിയുടെ മദ്ധ്യസ്ഥതയിൽ ആ ജീവിതം പഠിച്ചു പാടിയ കവിയുടെ കാവ്യാർച്ചന ഒരു ജീവിതസുകൃതം തന്നെ. ആസ്വാദക ലോകത്തിന് ഇതു പ്രിയംകരമാകട്ടെ, വിശ്വാസിക്ക് ഒരു പ്രാർത്ഥനാഗീതവും.



# മുഖവുര

എന്റെ അഞ്ചാമത്തെ കൃതിയായ "പരുമല മാർ ഗ്രീഗോറിയോസ് വിജയം" മഹാകാവ്യം സഹൃദയസമക്ഷം സമർപ്പിക്കുന്നതിൽ അനല്പ മായ സന്തോഷവും ചാരിതാർത്ഥ്യവും ഉണ്ട്. ഈ കൃതി എന്റെ രണ്ടാ മത്തെ മഹാകാവ്യം കൂടിയാണ്. അത്രയൊന്നും കഴിവൊ, ഭാഷാ പാണ്ഡി ത്യമൊ, കാവ്യരചനാ ശാസ്ത്രത്തിൽ പരിജ്ഞാനമൊ ഇല്ലാത്ത എനിക്ക് ഇത്രയൊക്കെ കാര്യങ്ങൾ നിർവ്വഹിക്കുവാൻ സാധിച്ചത് സർവ്വശക്ത നായ ദൈവത്തിന്റെ മഹാകരുണയല്ലാതെ മറ്റൊന്നുമല്ല. ഈ മഹാകാവ്യ ത്തിന്റെ രചന മുതൽ ഇന്നുവരെയും പരമകാരുണികനായ ദൈവത്തിന്റെ കൃപാകടാക്ഷങ്ങൾ എനിക്ക് സമൃദ്ധിയായി ലഭിച്ചിട്ടുണ്ട്.

പരിശുദ്ധ പരുമല മാർ ഗ്രീഗോറിയോസ് തിരുമേനി മലങ്കര ഓർത്ത ഡോക്സ് സുറിയാനിസഭയുടെ പ്രഥമ പ്രഖ്യാപിത പരിശുദ്ധനാണ്. കത്തോലിക്കാ സഭയിൽ നിലവിലുള്ളതുപോലെ ഓർത്തഡോക്സ് സഭ യിൽ ഒരംഗത്തെ പരിശുദ്ധനായി പ്രഖ്യാപിക്കുന്ന സമ്പ്രദായം അന്ന് നിലവിലില്ലായിരുന്നു. എന്നാൽ ജീവിച്ചിരിക്കുമ്പോൾത്തന്നെ സമൂഹ ത്തിലെ ആബാലവൃദ്ധം ജനങ്ങൾ ഒരു പരിശുദ്ധനായി അദ്ദേഹത്തെ ബഹുമാനിക്കുകയും മദ്ധ്യസ്ഥതയ്ക്കായി അപേക്ഷിക്കുകയും ചെയ്തി രുന്നു. പ. പിതാവ് കാലം ചെയ്തതിനുശേഷം ഭക്തജനങ്ങളുടെ എണ്ണം ക്രമാതീതമായി വർദ്ധിക്കുകയും പരുമലയിലെ ദേവാലയം ഒരു തീർത്ഥാ ടനകേന്ദ്രമായി മാറുകയും ചെയ്തു. നാനാജാതിമതസ്ഥരായ ഭക്തജന ങ്ങളെക്കൊണ്ട് പെരുന്നാൾ ദിവസങ്ങളിൽ മാത്രമല്ല ഞായർ, വെള്ളി ദിവസങ്ങളിലും ദേവാലയം നിറഞ്ഞു കവിയുന്നു. പെരുന്നാൾ ദിവസ ങ്ങളിലാകട്ടെ പരുമല ദേവാലയവും പരിസരവും മനുഷ്യ മഹാസാഗര മായി മാറുന്നു. തിരുമേനിയുടെ മദ്ധ്യസ്ഥതയിൽ ഉദ്ദിഷ്ട കാര്യങ്ങൾ സാധിക്കുന്നതുകൊണ്ടാണല്ലൊ ഭക്തരുടെ എണ്ണം നിയന്ത്രണാതീതമായി വർദ്ധിക്കുന്നത്. അവിടെ വന്നുകൂടുന്ന അനേകായിരങ്ങൾക്ക് അനുഭവ കഥകൾ പലതും പറയാനുണ്ടായിരിക്കും.

മലയാള സാഹിത്യത്തിൽ പൊതുവെയും കാവ്യശാഖയിൽ പ്രത്യേ കിച്ചും വ്യാപരിക്കുന്ന ഓർത്തഡോക്സ് സഭാംഗങ്ങൾ തുലോം പരിമി തമാണെന്നുള്ളത് ലജ്ജാകരം തന്നെയാണ്. ഓർത്തഡോക്സ് സഭാംഗ ങ്ങളായ സാഹിത്യകാരന്മാരെ ഒരു കുടക്കീഴിൽ കൊണ്ടുവരുവാനൊ അവർക്ക് കഴിയുന്ന പ്രോത്സാഹനം നൽകുവാനൊ സഭ ഇതുവരെ ചിന്തി ച്ചിട്ടില്ല എന്നത് ഒരു നഗ്ന യാഥാർത്ഥ്യമാണ്. സഭ വക പ്രസിദ്ധീകരണ ങ്ങളിൽപ്പോലും അൽമായരായ സാഹിത്യകാരന്മാർക്കു അവസരം പൊതുവെ നിഷേധിച്ചിരിക്കുകയാണ്. ഇത്തരം ഒരു പരിതാപകരമായ

അവസ്ഥയിലാണ് എന്നെപ്പോലെയുള്ള സാധാരണക്കാരായ സാഹിത്യ കുതുകികൾ സാഹിത്യരചന നടത്തുന്നത്.

നാനാജാതിമതസ്ഥരായ മലയാളികളുടെ സ്നേഹാദരങ്ങൾക്ക് പാത്രീഭൂതനായ പ. പരുമല തിരുമേനിയെ അവർക്ക് മനസിലാകുന്ന ഭാഷയിൽ പരിചയപ്പെടുത്തുക എന്നതാണ് ഈ രചനയുടെ പ്രഥമവും പ്രധാനവുമായ ഉദ്ദേശ്യം. മലയാള ഭാഷയും സാഹിത്യവും മഹാകാവ്യവും ഓർത്തഡോക്സ് സഭയ്ക്ക് അന്യമല്ല എന്ന വസ്തുത സമൂഹത്തെ ബോധ്യപ്പെടുത്തുക എന്നതാണ് രണ്ടാമത്തെ ഉദ്ദേശ്യം. എന്റെ മഹാകാവ്യരചന ഓർത്തഡോക്സ് സഭാംഗങ്ങളായ യുവജനങ്ങൾക്ക് ഒരു പ്രചോദനം ആയിത്തീരണം എന്നതാണ് മൂന്നാമത്തെ ലക്ഷ്യം. ഭാവിയിൽ ഓർത്തഡോക്സ് സഭാംഗങ്ങളിൽപ്പെട്ടവർ കൂടുതലായി സാഹിത്യ സൃഷ്ടികൾ നടത്തുവാൻ ഇടയാകണം. കവികളും മഹാകവികളും സഭയിൽ ഉണ്ടാകുവാനും ഇടയാകണം. മലയാള സാഹിത്യ നഭോ മണ്ഡലത്തിൽ ഓർത്തഡോക്സ് സഭയ്ക്ക് ഒരു സമുന്നതസ്ഥാനം തന്മൂലം ലഭിക്കണം.

ഈ ഗ്രന്ഥത്തിന്റെ പ്രസിദ്ധീകരണത്തിന് പ്രചോദനവും പ്രോത്സാഹനവും നൽകിയ മഹദ് വ്യക്തികളെ സ്മരിക്കാതെ വയ്യ. ഈ കൃതിയുടെ രചന ആരംഭിച്ചതുതന്നെ പൗരസ്ത്യ കാതോലിക്കായും മലങ്കര മെത്രാപ്പോലീത്തായുമായ പ. പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവായുടെ അനുവാദത്തോടും അനുഗ്രഹത്തോടും കൂടിയാണ്. ഇതിന്റെ രചനയുടെ എല്ലാ ഘട്ടത്തിലും പ. പിതാവിനെ വിവരങ്ങൾ അറിയിച്ചുകൊണ്ടിരുന്നു. രചന പൂർത്തിയായ ഉടൻതന്നെ തിരുമേനിയെ സമീപിക്കുകയും വളരെ വേഗം തന്നെ എന്റെ കൃതിയെയും എന്നെയും അനുഗ്രഹിച്ചുകൊണ്ടുള്ള കല്പന അയച്ചുതരികയും ചെയ്തു. എന്നെ അകമഴിഞ്ഞു സ്നേഹിക്കുന്ന പ. ബാവാ തിരുമേനിയോടുള്ള ബഹുമാനവും കടപ്പാടും വാചാമഗോചരമാണ്.

ഈ കൃതി സശ്രദ്ധം വായിച്ച് വളരെ ഹൃദ്യമായ ഒരു അവതാരിക അയച്ചുതന്ന കൊച്ചി ഭദ്രാസനാധിപൻ അഭിവന്ദ്യ ഡോ. യാക്കോബ് മാർ ഐറേനിയോസ് തിരുമേനിയോടുള്ള കടപ്പാട് നിസ്സീമമാണ്. തിരുമേനിയുടെ ലേഖനം എനിക്ക് ലഭിക്കുവാൻ വേണ്ട സഹായം ചെയ്ത പടമുകൾ പള്ളി വികാരി ഫാ. ജിജി വറുഗീസ്, പ്രധാന ശുശ്രൂഷകൻ ബിജു എന്നിവരോടുള്ള സ്നേഹവും ബഹുമാനവും അറിയിച്ചുകൊള്ളട്ടെ.

എന്റെ വലിയ അഭ്യുദയകാംക്ഷിയും പുത്തൻകാവ് ഹയർ സെക്കന്ററി സ്കൂൾ പ്രിൻസിപ്പലുമായ പ്രിയാ ജേക്കബ് വളരെ പ്രോത്സാഹജനകമായ ഒരു ആസ്വാദനം എഴുതിത്തന്നു. ജോലിത്തിരക്കിനിടയിലും എന്റെ ആവശ്യം അംഗീകരിച്ച പ്രിയയോടുള്ള നന്ദിയും രേഖപ്പെടുത്തുന്നു.

എന്റെ സുഹൃത്തും സഭാചരിത്ര ഗ്രന്ഥകാരനുമായ കെ. വി. മാമ്മന്റെ ഉടമസ്ഥതയിലുള്ള കോട്ടയ്ക്കൽ പബ്ലിഷേഴ്സാണ് ഈ പുസ്തകം പ്രസിദ്ധപ്പെടുത്തുന്നത്.

ഈ ഗ്രന്ഥത്തിന്റെ അച്ചടിക്കുള്ള സാമ്പത്തിക സഹായത്തിനായി അധികം ആരുടെയും മുമ്പിൽ ഞാൻ പോയിട്ടില്ല. സഭയൊ സ്ഥാപനങ്ങളൊ, പ്രസ്ഥാനങ്ങളൊ സഹായിക്കുകയില്ല എന്ന് എനിക്കറിയാമായിരുന്നു. എന്നാൽ എന്റെ ആവശ്യവും അവസ്ഥയും മനസ്സിലാക്കി സഹായിച്ചവരെ എനിക്ക് ഒരിക്കലും മറക്കാനാവില്ല. അവരുടെ പേരുവിവരങ്ങൾ ചുവടെ ചേർക്കുന്നു.

1. Ninan Cherian (Aniyankunju), Nandalathu Puthenpurackal, Piralassery, Mulakuzha (New York) Member of St. Gregorios Indian Orthodox Church, New York.

2. Varghese Abraham, Kochakken, Ayyampilly, Kerala (Washington) Member of St. Thomas Indian Orthodox Church, Washington.

3. Suresh Varghese Vannilam, Koothattukulam (Washington), Member of St. Thomas Indian Orthodox Church, Washington.

4. George Thomas, Poovathur, U.S. A., Member of St. Thomas Indian Orthodox Church, Washington.

5. P. George Varghese (Kunjumon), Parampil, Puthencavu. Residing at Vannilam, Koothattukulam, Muvattupuzha.

6. Fr. Dr. Mathew Koshy, Kizhakethalakal, Piralassery, Chengannur, Atlanta (U. S. A).

ഞാൻ ആവശ്യപ്പെടാതെ തന്നെ സ്വമനസാലെ സഹായവുമായി മുമ്പോട്ടുവന്ന ഇവർ പ. പരുമല തിരുമേനിയോട് നിഷ്കളങ്കമായ ഭക്തിയും ബഹുമാനവും ഉള്ളവരാണ്. അവരുടെ സന്മനസിന് മുമ്പിൽ ശിരസു നമിക്കുന്നു.

എനിക്കും എന്റെ പുസ്തകത്തിനും ധാർമ്മിക പിന്തുണ നൽകിയ ഞങ്ങളുടെ പള്ളി വികാരി ഫാ. മത്തായി കുന്നിൽ, മുദ്രണം കമനീയമായി നിർവ്വഹിച്ച കോട്ടയത്തെ സോഫിയാ പ്രിന്റുഹൗസ് എന്നിവരോടും എനിക്കുള്ള നന്ദിയും സ്നേഹവും പ്രകടിപ്പിക്കുന്നു.

ഈ ഗ്രന്ഥത്തിന് അല്പമായൊ അധികമായൊ, പ്രത്യക്ഷമായൊ പരോക്ഷമായൊ സഹായം ചെയ്ത ഏവരേയും കൃതജ്ഞതാപൂർവ്വം സ്മരിക്കുന്നു. സഹൃദയരുടെ സഹകരണം പ്രതീക്ഷിക്കുന്നു.

പ. പരുമല തിരുമേനിയുടെ മദ്ധ്യസ്ഥതയിൽ അഭയം പ്രാപിച്ചുകൊണ്ട് നിറുത്തട്ടെ.

**എം. എ. ജേക്കബ് പുത്തൻകാവ്**

2-11-2012



# പരുമല മാർ ഗ്രീഗോറിയോസ് വിജയം മഹാകാവ്യം

## ജനനകാണ്ഡം

### ഉപോദ്ഘാതം

മലങ്കരസഭയുടെ ആദ്യവിശുദ്ധൻ പരുമലത്തിരുമേനി
താവകതനയർ ശരണാർത്ഥികളായ് അണയുന്നൂ സവിധെ
മലങ്കരസഭയിലെ തനയന്മാർതൻ മാനസക്ഷേത്രത്തിൽ
വിളങ്ങിനിൽക്കും യുഗപ്രഭാവൻ പരുമലത്തിരുമേനി
അതുല്യമായ വ്യക്തിപ്രഭാവം നിറഞ്ഞു നിന്നവനെ
ഈശ്വരഭക്തി വിളങ്ങിനിന്ന പുണ്യാത്മാവല്ലൊ
നിർമ്മലമാകും താവക ജീവിതം അന്യൂനം തന്നെ
തവമാദ്ധ്യസ്ഥ്യം ഭക്തർക്കെന്നും അഭയം കോട്ടയുമാം
ചാത്തുരുത്തിയെന്ന തറവാടതിലായ് പിറന്ന തിരുമേനി
ധരയിലെ എല്ലാ സുഖങ്ങളെയും തൃണവൽഗണിച്ചു നീ
ജനനം മുതലെ ജഗന്നിവാസനെ ഭജിച്ചു വളർന്നു നീ
നിതാന്ത സുന്ദര നിർമ്മല ജീവിതം ചെമ്മെ നയിച്ചൂ നീ
പ്രാർത്ഥനയാലുപവാസത്താലെ മേനിയെ ജയിച്ചൂ നീ
അനശ്വരമാം ആത്മാവിനെ നീ പരിപോഷിപ്പിച്ചു
പട്ടിണിയാലെ നന്നെ വലയും പാവപ്പെട്ടവരെ
ആശ്വാസത്തിൻ തെളിനീർ നൽകി ഉത്തേജിതരാക്കി
ദളിതസമൂഹ പുരോഗതിക്കായ് ഏറെ പ്രയത്നിച്ചു
അവർ തൻ കണ്ണീർതുള്ളികളൊപ്പാൻ ദയ കാണിച്ചൂ നീ
നിമിഷംതോറും ജഗന്നിവാസനെ അനുസ്മരിച്ചൂ നീ
പ്രാർത്ഥനയാലും ധ്യാനത്താലും ജീവിതം നയിച്ചൂ നീ
പരുമലയെന്ന ചെറുതാം ദ്വീപിൽ വാസം തുടങ്ങീ നീ
അഴിപ്പുരമാളിക ആസ്ഥാനമതായ് പ്രഖ്യാപിച്ചു നീ
നാളെയെക്കുറിച്ചുള്ളാകുല ചിന്ത തീണ്ടിയിട്ടില്ലാത്ത
ഭക്തശിരോമണി അവിടുന്നല്ലൊ കറപുരളാത്തവനെ
രോഗികളാകിയ മാനവന്മാരെ ശുശ്രൂഷിപ്പാനും
അവർക്കുവേണ്ടി പ്രാർത്ഥിപ്പാനും സമയം കണ്ടെത്തി
സഭയുടെ നിർമല വിശ്വാസത്തിൽ ഉറച്ചു നിന്നൂ നീ
ജീവിതകാലം മുഴുവൻ വിശുദ്ധ ജീവിതം നയിച്ചൂ നീ
താവക സവിധേ വന്നണഞ്ഞീടും തനയർ ഞങ്ങൾ തൻ
പാപം പോക്കാൻ കൃപ ലഭിപ്പാൻ പ്രാർത്ഥിക്കണമെ നീ

# 2
# ജനനവും ബാല്യവും

സുന്ദര പരുമല മന്ദിരം തന്നിലായി
കബറടക്കപ്പെട്ട പുണ്യവാൻ തിരുമേനി
ഭാരതസഭ തന്നിൽ പ്രഥമ ഗണനീയൻ
നിഷ്ക്കളങ്ക മാനസൻ നിർമ്മല കർമ്മയോഗി
വന്ദ്യനാം പിതാവിന്റെ ജീവിതവിശുദ്ധിയും
നിസ്തുല്യ വിനയവും താപസജീവിതവും
കേരളക്കരയിലെ മാനവജനതയ്ക്കു
അത്ഭുതജനകമാം സംഭവകഥയായി
ഇരുട്ടിൽ സഞ്ചരിക്കും മാനവകുലത്തിനു
അഗ്നിശലാകയായി പ്രകാശഗോപുരമായ്
അജ്ഞാനം തന്നിൽമേവും നരസമൂഹത്തിനു
വിജ്ഞാനം വിതറീടും ഗുരുവല്ലയൊ താതൻ
ഇരുട്ടിൽ സഞ്ചരിക്കും നരരെ പാലിക്കുന്ന
ക്ഷണഭംഗുരമായ മേഘജ്യോതിസ്സല്ലയൊ
ജീവിതദുഃഖങ്ങളിൽ തപ്തരാം ജനതയ്ക്കു
സന്തോഷം പകർന്നീടും മുരളീഗാനമല്ലൊ
വിശപ്പാൽ, ദാഹത്താലെ വലയും ജനതയുടെ
സംതൃപ്തി ഏകീടുന്ന വിശിഷ്ടഭോജ്യമല്ലൊ
തകർന്ന മനസ്സുമായ് തളർന്ന മേനിയുമായ്
എത്തിടും വിശ്വാസിക്കു ആശ്വാസദായകൻ നീ
ഈവിധം വിശ്വവന്ദ്യനായിടും തിരുമേനി
മുളന്തുരുത്തിയെന്ന സുന്ദരഗ്രാമം തന്നിൽ
ചാത്തുരുത്തിയെന്നുള്ള പ്രശസ്ത തറവാട്ടിൽ
വീടിന്നു വിളക്കായി നാടിനു രത്നമായി
കൊച്ചുമത്തായിയുടെ മറിയത്തിന്റേയുമാം
ഇളയമകനായി ഭൂവിതിൽ ജാതനായി
കൊച്ചയിപ്പോര എന്ന സുന്ദരനാമധേയം
മാതാപിതാക്കൾ ചെമ്മെ നൽകിയാർ നന്ദനനു
താതനാം മത്തായിതൻ കുടുംബം കീർത്തിയേറും
മുളന്തുരുത്തിയെന്ന സുന്ദരഗ്രാമം തന്നിൽ
പള്ളത്തട്ടെന്നു ചൊല്ലും പ്രസിദ്ധ തറവാട്ടിൽ
കൊച്ചിയെന്നഭിധാനം ഉള്ളതാം രാജ്യം തന്നിൽ
ചെമ്മെയായ് വാണിരുന്ന ധർമ്മിഷ്ഠനാകും നൃപൻ

കുടുംബത്തിനായ് വീടു നിർമ്മിച്ചു ദാനം നൽകി
അതു കാരണമത്രെ ആത്തറവാടിന്നഹൊ
പള്ളിത്തട്ടെന്ന പേരു ക്രമേണ ലഭിച്ചഹൊ
വർഷങ്ങൾ കഴിഞ്ഞപ്പോൾ പള്ളിത്തട്ടെന്ന പേരു
പള്ളത്തട്ടായിട്ടഹൊ പേരു മാറ്റവും വന്നു
മാതാവു മറിയാമൊ കല്ലറയ്ക്കലുള്ളതാം
പള്ളിപ്പുറത്തു വീട്ടിൽ ജനിച്ച വനിതയാം
മാതാവാം മറിയത്തിൻ മാതാപിതാക്കളുടെ
ദേഹവിയോഗ ശേഷം കൊച്ചുമത്തായി തന്റെ
പിതൃസ്വത്തായി ച്ചെമ്മെ ലഭിച്ച ചാത്തുരുത്തി
ഭവനം തന്നിലേക്കു താമസം മാറ്റീമുദാ
വിശുദ്ധ ഗ്രീഗോറിയോസ് ജനകൻ ചാത്തുരുത്തി
ഭവനം തന്നിലത്രെ മോദേന പിറന്നതും.
കൊച്ചയിപ്പോരാ തന്റെ ബാല്യകാലത്തു തന്നെ
മാതാവു ലോകം വിട്ടും വിണ്ടലം തന്നിൽ പൂകീ
കൊച്ചയ്പ്പോരായുടെ പൂർണ്ണമാം സംരക്ഷണം
കനിഷ്ട സഹോദരി സാമോദം ഏറ്റെടുത്തു
ഉത്തമ കുടുംബിനി ആയുള്ള മാതാവിന്റെ
മരണത്തിന്റെ ദുഃഖം ഒട്ടുമെ അറിഞ്ഞില്ല
കനിഷ്ട സഹോദരി അത്രമേൽ സ്നേഹപൂർവ്വം
ശിശുവാം സോദരനെ ഭദ്രമായ് സംരക്ഷിച്ചു
ബാല്യകാലത്തിൽ തന്നെ സ്നേഹവും ഭക്തിയതും
ആർഭാട വിരക്തിയും കാണിച്ചു കൊച്ചയ്പ്പോരാ
ലളിതമാകും വേഷം സരള സംഭാഷണം
വിമല ജീവിതവും നിർമ്മല ഭക്തിയതും
ഇഴുകിച്ചേർന്നിട്ടുള്ള ബാലന്റെ സൽസ്വഭാവം
ഗ്രാമീണജനതയെ വളരെ ആകർഷിച്ചു.
ദേശവാസികൾക്കൊരു അഭിമാനഭാജനം
ബാലജനങ്ങൾക്കൊരു ഉത്തമമാതൃകയും
മാതൃഇടവകയ്ക്കു വിലയേറിയ രത്നം
മാതാപിതാക്കൾക്കൊരു കണ്ണിലുണ്ണിയും തന്നെ
പ്രാർത്ഥന നൊയമ്പതും ഉപവാസവും പിന്നെ
വേദപാരായണവും ബാലനു പഥ്യമായി
കൊച്ചയിപ്പോരയെന്ന ബാലനാം നന്ദനനെ
താതനാം കൊച്ചുമത്തായി വളരെ സ്നേഹിച്ചഹൊ
പ്രഥമ വിദ്യാഭ്യാസം നിർവഹിച്ചീടുവാനായ്
കുടിപ്പള്ളിക്കൂടത്തിൽ കൊച്ചയ്പ്പോരാ ചേർന്നു

ഓണക്കാവിലയ്യയാം ഹിന്ദുവാം ഗുരുശ്രേഷ്ഠൻ
ബാലന്റെ വിദ്യാരംഭം ചെമ്മെയായ് നടത്തിയാൻ
മണിയെന്നഭിധാനം ഉള്ളതാം ഗുരുശ്രേഷ്ഠൻ
ബാലന്റെ വിദ്യാഭ്യാസം പൂർത്തിയാക്കിയാൻ ചെമ്മെ
ബുദ്ധിവൈഭവത്തിലും സ്വഭാവഗുണത്തിലും
ബാലനാം കൊച്ചയിപ്പോരാ എപ്പോഴും മുന്നിൽ വന്നു.
വിനയം, ഗുരുഭക്തി സോദര സ്നേഹമിവ
ബാലനിൽ എല്ലായ്പ്പോഴും നിറഞ്ഞു നിന്നു ചെമ്മെ.
ബുദ്ധിവൈഭവത്തിലും ഉത്സാഹശീലത്തിലും
സ്നേഹിതന്മാരെയെല്ലാം കീഴ്പ്പെടുത്തിയാൻ ബാലൻ
നിർമ്മല ഗുരുഭക്തി വിനയം, സ്നേഹമിവ
നിർമ്മല ബാലകനിൽ വിളങ്ങി നിന്നൂ മുദാ.
നല്ല കാര്യങ്ങൾ ചെയ്വാൻ നല്ല വാക്കോതീടുവാൻ
കർമ്മനിരതനാവാൻ ബാലകൻ ശ്രമിച്ചഹോ
മേല്പട്ടക്കാരനായി മെത്രാപ്പോലീത്തായായി
എന്നിട്ടും ഗുരുക്കളെ ബഹുമാനിച്ചു പാരം
ഗുരുക്കന്മാരോടൊപ്പം പീഠത്തിലിരിക്കുവാൻ
ഒരിക്കൽപോലും ശിഷ്യൻ ശ്രമിച്ചിട്ടില്ല സത്യം.
ഗുരുക്കൾ വന്നീടുമ്പോൾ സൽക്കാരം സമ്മാനങ്ങൾ
എന്നിവ നൽകീടുവാൻ മറന്നിട്ടില്ല ശിഷ്യൻ
സുറിയാനിയിൽ നല്ല പണ്ഡിതനായിരുന്ന
മല്പാനാം ഗീവറുഗീസ് ബാലനിൽ ആകൃഷ്ടനായ്
സുറിയാനിയാം ഭാഷ ചെമ്മെയായ് പഠിപ്പിക്കാൻ
തീരുമാനവും ചെയ്തു ബന്ധുവാം മല്പാനച്ചൻ.
ശ്രുധിമധുരമായി ഗാനങ്ങളാലപിക്കാൻ
കൊച്ചയിപ്പോര അന്നേ വളരെ സമർത്ഥനും
സ്വന്ത സഹോദരന്റെ പുത്രനാം ബാലകനു
സുറിയാനി ഭാഷയിൽ അറിവു നൽകി മല്പാൻ
സുറിയാനി ഭാഷയിൽ ഏറ്റവും മധുരമായ്
ഗാനമാലപിക്കുവാൻ സമർത്ഥനായി ബാലൻ
ബാലന്റെ ഗാനാമൃതം ശ്രവിച്ച ശ്രോതാക്കൾ താൻ
വിണ്ടല സൗഭാഗ്യത്തിൻ മധുരം നുകർന്നിടും
അത്രമേൽ ശ്രോതാക്കൾ തൻ കരളു കവർന്നുള്ള
ബാലന്റെ ഗാനാലാപം തുടർന്നു അനുസ്യൂതം.

## കർമ്മകാണ്ഡം

# 1

# വൈദികൻ

കൊച്ചയിപ്പോരാ തൻ നിർമ്മല ഭക്തിയും
ശ്രേഷ്ഠമാം ജീവിത നൈർമ്മല്യവും
വിദ്യയോടുള്ളതാം തീക്ഷ്ണമാം ആർത്തിയും
നിസ്തുല്യമായ ഗുരുഭക്തിയും
അന്യൂനമായ ഗ്രഹണത്തിൻ ശക്തിയും
കോമളമായ തിരുവുടലും
ആർഭാടത്തോടുള്ള തീവ്രവിരക്തിയും
വേഷത്തിലുള്ളതാം ലാളിത്യവും
ഗന്ധർവ്വഗായകർ മുട്ടുമടക്കുന്ന
സ്വർഗീയ സുന്ദര ശാരീരവും
ഒത്തുചേർന്നുള്ളോരാ അത്ഭുത ബാലനെ
വൈദികനാക്കുവാൻ നിശ്ചയിച്ചു.
കാരണവരാകും മല്പാനാം വൈദികൻ
താഴ്മയായ്, ഭക്തിവിനയത്താലെ
ഗ്രാമവാസികൾ തൻ ശ്രദ്ധയാകർഷിച്ചു
കൊച്ചിയപ്പോരയെ ശിഷ്യനാക്കി
ഗീവറുഗീസായ മല്പാനാം വൈദികൻ
അന്നു സഭയുടെ മെത്രാനാകും
മാത്യൂസത്താനാസിയോസിന്റനുവാദം
സാദരം വാങ്ങിയാൻ മുൻകൂറായി
കൊച്ചീലുള്ള കരിങ്ങാശ്രപ്പള്ളിയിൽ
അന്നൊരു നാളിൽ ശുഭദിനത്തിൽ
മാത്യൂസത്താനാസിയോസിന്റെ കരങ്ങളാൽ
ബാലനു കോറൂയോസ്ഥാനം നൽകി.
കേവലം പത്തു വയസ്സുള്ള ബാലകൻ
ശെമ്മാശ്ശനായി വിളങ്ങി പാരം.
ഗീവറുഗീസായ ശെമ്മാശ്ശൻ പിന്നീടു
മല്പാനോടൊത്തങ്ങു വാസമായി.
മറ്റുള്ള ശെമ്മാശ സംഘത്തെപ്പോലവെ
സുറിയാനി ഭാഷ പഠിച്ചു ചെമ്മെ
പഠനത്തിൽ മുമ്പനാം നമ്മുടെ ശെമ്മാശ്ശൻ
വേഗത്തിലെല്ലാം പഠിച്ചു തീർത്തു

സുറിയാനി ഭാഷ പഠിച്ചീടുവാനായി
നന്നായ് പകർത്തിയാൻ പുസ്തകങ്ങൾ
മസൂരിയെന്നുള്ള മാരകമാം രോഗം
അന്നു ഗ്രാമങ്ങളിൽ വ്യാപിച്ചഹോ
സ്നേഹസ്വരൂപനാം ഗീവർഗീസ് മല്പാനും
മാരകരോഗത്തിൽ പെട്ടുപോയി.
രോഗം ബാധിച്ചതാം നേരത്തു തന്നെയാ
ശിഷ്യരെയെല്ലാം പറഞ്ഞയച്ചു
എങ്കിലും ഗീവർഗീസ് ശെമ്മാശ്ശൻ ഒട്ടുമെ
പിന്മാറിയില്ല സ്ഥിരചിത്തനായ്
തന്റെ ഗുരുവിനെ ശുശ്രൂഷ ചെയ്തിട്ടു
നിർവൃതി നേടിയാൻ ഗീവറുഗീസ്
ശുശ്രൂഷയൊന്നും സഫലമായില്ലഹൊ
മല്പാൻ മരണത്തെ ആശ്ലേഷിച്ചു.
ഏറെ ദിനങ്ങൾ കഴിഞ്ഞില്ല ശെമ്മാശ്ശൻ
മാരകരോഗത്താൽ ബന്ധിതനായ്
മാരകമായുള്ള ഭീകര കല്ലൂരി
ബാധിച്ചു ശെമ്മാശ്ശൻ വീണുപോയി
സ്നേഹത്തിൻമൂർത്തിയാം സ്വന്ത സഹോദരി
ബാലനെ ശുശ്രൂഷിപ്പാനായ് വന്നു.
പെങ്ങൾ തൻ സാന്നിദ്ധ്യം ബാലന്റെ ഹൃദത്തിൽ
അല്പമല്ലാത്തതാം തുഷ്ടി നൽകി.
എപ്പോഴും എപ്പോഴും എല്ലാ സമയത്തും
പ്രാർത്ഥനയിലവൻ ജാഗരിച്ചു.
മാരകരോഗത്തിൻ മൂർദ്ധന്യാവസ്ഥയിൽ
ദൈവത്തിൻ മാതാവു പ്രത്യക്ഷയായ്
കന്യകാമാതാവു തന്നിരികത്തെത്തി
നിൽക്കുന്നതായിട്ടു ബാലൻ കണ്ടു
രോഗമതിവേഗം ഭേദപ്പെടുമെന്നും
പിന്നീടു കിട്ടുന്ന ആയുസെല്ലാം
ദൈവവേലയ്ക്കായ് ബലി കഴിച്ചീടാനും
മാതാവു കല്പിച്ചതായീത്തോന്നി
സീമാതീതമായ ദൈവകൃപയാലെ
സത്വരമാരോഗ്യം വീണ്ടെടുത്തു
മാതാവിൻ കല്പന പോലവെ ശെമ്മാശ്ശൻ
ദൈവവേലയ്ക്കായ് സമർപ്പിച്ചഹൊ
ശെമ്മാശ്ശൻ വേഗം വിവാഹിതനായിട്ട്

ജന്മനാടാകും മുളന്തുരുത്തി
പള്ളിയിൽ ചെമ്മെ വികാരിയായിടുവാൻ
താതനാം മത്തായി ആഗ്രഹിച്ചു.
താതന്റെ ആഗ്രഹം പൂർത്തീകരിക്കുവാൻ
കൊച്ചുശെമ്മാശ്ശനു തോന്നിയില്ല.
ദാമ്പത്യജീവിതം, പള്ളിഭരണവും
ബാലനു താല്പര്യം ഇല്ലേയില്ല.
ബ്രഹ്മചാരിയായി ആയുഷ്കാലമെല്ലാം
പാവനമായീടുമീസഭയെ
ശുശ്രൂഷ ചെയ്യുവാൻ ദാസനായ് തീരുവാൻ
ശെമ്മാശൻ തീവ്രമായ് ആഗ്രഹിച്ചു.
പ്രാർത്ഥന തന്നിലും തീവ്രമാം നോമ്പിലും
കൃത്യമായുള്ളുപവാസത്തിലും
കർത്താവിനെ നൂനം സ്നേഹിതനാക്കിയ
ശെമ്മാശനെങ്ങിനെ ഭർത്താവാകും?
ഈവിധമായുള്ള സ്വന്ത തീരുമാനം
ശെമ്മാശ്ശൻ താതനോടേറ്റു ചൊല്ലി
പുത്രന്റെ വാക്കുകൾ കേട്ടപ്പോൾ താതനു
ദുഃഖം നിരാശയും തോന്നി പാരം
സുറിയാനി ഭാഷയിൽ പാണ്ഡിത്യം നേടുവാൻ
കോനാട്ടു മല്പാന്റെ ശിഷ്യനായി.
സ്വന്തം സഹോദരി ഏലി തൻ ഗേഹത്തിൽ
ശെമ്മാശൻ നിർഭയം താമസിച്ചു.
കോനാട്ട് മല്പാന്റെ വത്സലശിഷ്യനായ്
പന്തത്തിൽ നിന്നുള്ള പന്തമായി
കാനോൻ നിയമവും സത്യവിശ്വാസവും
സുറിയാനിഭാഷയും അഭ്യസിച്ചു.
അന്നു മലങ്കര മെത്രാപ്പോലീത്തായായ്
മാത്യൂസ് അത്താനാസിയോസ് വാണിരുന്നു
അദ്ദേഹമൊ തന്റെ വേദവിപരീതം
ധൈര്യസമേതം പ്രചരിപ്പിച്ചു.
സഭയുടെ മക്കളിൽ പാശ്ചാത്യവിശ്വാസം
തിരുകിക്കയറ്റുവാനാഗ്രഹിച്ചു.
ശീമയിൽ നിന്നഹൊ ആഗതനായോരാ
കൂറിലോസ് മെത്രാനെ ബന്ധപ്പെട്ടു.
സുറിയാനി ഭാഷയിൽ നല്ല പാണ്ഡിത്യവും
നിർമ്മല ഈശ്വരവിശ്വാസവും

സമ്പാദ്യമായുള്ള കൊച്ചുശെമ്മാശ്ശനെ
കൂറിലോസ് മെത്രാച്ചൻ ഇഷ്ടപ്പെട്ടു.
തന്റെ സഹായിയായ് തർജ്ജമക്കാരനായ്
കൊച്ചുശെമ്മാശ്ശൻ നിയമിതനായ്.
കൂറിലോസ് താതന്റെ കല്പന പോലവെ
ഒട്ടേറെ പള്ളികൾ സന്ദർശിച്ചു.
കൊച്ചുശെമ്മാശ്ശനിൽ ഏറ്റവും പ്രീതനായ്
കൂറിലോസ് മെത്രാച്ചൻ വൈകീടാതെ
പൂർണ്ണശെമ്മാശ്ശനു കത്തനാർപട്ടവും
നൽകിയാൻ ഏറ്റവും തൃപ്തനായി.
ഒട്ടും വൈകീടാതെ കോറെപ്പിസ്കോപ്പാ തൻ
സ്ഥാനവും നൽകിയാൻ മോദമോടെ
കൂറിലോസ് നാമാവാം താതനിൽ നിന്നഹൊ
ദയറായ ജീവിതനൈർമല്യവും
പൗരസ്ത്യ താതർ തൻ വിശ്വാസദാർഢ്യവും
കോറെപ്പിസ്ക്കോപ്പാ പഠിച്ചു ചെമ്മെ
ദയറായ ജീവിതം സ്വീകരിപ്പാനുള്ള
തീരുമാനത്തിലണ്ടെത്തിച്ചേർന്നു.

# 2

# റമ്പാൻ

ദയറായ ജീവിതത്തിൽ അകൃഷ്ടനാം പുരോഹിതൻ
സന്യാസശ്രേഷ്ഠന്മാരുടെ കഥ പഠിച്ചു.
പൗരസ്ത്യമാം സഭയിലെ വിശുദ്ധ പിതാക്കന്മാർ തൻ
വിവരങ്ങൾ ശേഖരിച്ചു പഠിച്ചു ചെമ്മെ
വിശുദ്ധ ജനകന്മാർ തൻ പ്രാർത്ഥന നോമ്പുപവാസം
ഇവയെല്ലാം അനുഷ്ഠിച്ചു വിശുദ്ധി നേടി
ഈഗുപ്തായ പട്ടണത്തിൽ ഭക്തിജീവിതം നയിച്ച
അന്തോനിയോസ് പിതാവിന്റെ കഥ പഠിച്ചു.
അളവറ്റ സമ്പത്തിന്റെ ഉടമയാം അന്തോനിയോസ്
പാവങ്ങൾക്കു ദാനം നൽകി ദരിദ്രനായി
ലോകരക്ഷകനാം ക്രിസ്തു ഇപ്രകാരം ഉച്ചരിച്ചു
ഗിരിപ്രഭാഷണം ചെമ്മെ ചെയ്തവേളയിൽ
"ഒരുത്തനെൻ ശിഷ്യനാവാൻ ആഗ്രഹിക്ക ചെയ്യുന്നെങ്കിൽ
സർവ്വവും പരിത്യജിച്ചെൻ പിന്നാലെ വരും."
അന്തോനിയോസിനെപ്പോലെ ക്രിസ്തുവിന്റെ ശിഷ്യനാവാൻ
യുവവൈദികനും ചെമ്മെ ആഗ്രഹിച്ചഹൊ.
ബ്രഹ്മചര്യം, ദാനധർമ്മം ജഗദീശ ഭക്തിയിവ
ലക്ഷ്യമായി സ്വീകരിച്ചു യുവ വൈദികൻ
വെട്ടിക്കലാം ദേശത്തുള്ള കുരിശുപള്ളിയിൽ ചെമ്മെ
വാസം ചെയ്വാൻ ആഗ്രഹിച്ചു തെരഞ്ഞെടുത്തു.
മുളന്തുരുത്തിപ്പള്ളിതൻ സമീപത്തു സ്ഥിതിചെയ്ത
വെറുമൊരു ചാപ്പലത്രെ വെട്ടിക്കൽ പള്ളി
ജനസംഖ്യ കുറവുള്ള വെട്ടിക്കലാം കുഗ്രാമമൊ
ശാന്തസുന്ദരമായിടും ജനപദമാം
തപസിനും ധ്യാനത്തിനും അനുദിന പ്രാർത്ഥനയ്ക്കും
അനുയോജ്യമാണെന്നഹൊ ചിന്തിച്ചുകൊണ്ട്
വെട്ടിക്കലാം പള്ളി തന്നിൽ താമസമാക്കീടുവാനായ്
നമ്മുടെ കഥാപുരുഷൻ തീർമാനം ചെയ്തു.
പ്രഭാകരൻ ഉദിക്കുമ്പോൾ അന്ധകാരം നീങ്ങുംപോലെ
വെട്ടിക്കൽ പള്ളിയിൽ വെട്ടം തൂകാൻ തുടങ്ങി.
പ്രാർത്ഥനകൾ, നൊയ്മ്പുകൾ, ഉപവാസം, ജാഗരണം
എന്നിവകൾ തനുവിലെ അംഗങ്ങൾ പോലെ
ചെമ്മെയായി കൊണ്ടുനടന്നീടുന്നോരാ-വൈദികനെ

ആദരവോടെ ജനങ്ങൾ നോക്കിക്കണ്ടഹൊ
വിശ്വാസികൾ അഹമഹം എന്നു ചൊല്ലി വൈദികന്റെ
ചാരത്തണഞ്ഞീടുവാനായ് തുടങ്ങി വേഗം
വൈദികന്റെ ഉപദേശം പ്രാർത്ഥനകൾ ഇവ കേൾപ്പാൻ
ദിനംതോറും നിരവധി ജനങ്ങൾ വന്നു.
കെട്ടുതേങ്ങാ, പിടിയരി എന്നിവകൾ സംഭരിച്ചു
പള്ളിക്കായി നേർച്ച നൽകി ജനസമൂഹം
വിശുദ്ധനാം വൈദികന്റെ കീർത്തിയെങ്ങും വ്യാപിച്ചഹൊ
തീർത്ഥാടനകേന്ദ്രമായി വെട്ടിക്കൽ പള്ളി.
വൈദികരായ് തീർന്നീടുവാൻ അഗ്രഹിച്ച ചെറുപ്പക്കാർ
വെട്ടിക്കൽ പള്ളിയിൽ വന്നു താമസമായി.
മലങ്കരയുടെ മെത്രാപ്പോലീത്തായാം അത്താനാസിയോസ്
സഭയിൽ നടത്തിവന്ന നവീകരണം
വിശ്വാസ തീക്ഷ്ണതയുള്ള മലങ്കര സഭാമക്കൾ
ബഹുഭൂരിപക്ഷവും താൻ എതിർത്തു ചെമ്മെ
റമ്പാച്ചന്റെ നിർമ്മലമാം ദയറാ ജീവിതത്താലും
പ്രാർത്ഥനാ സാഫല്യത്താലും പ്രസിദ്ധി നേടി
ദേശമായ ദേശമെല്ലാം റമ്പാച്ചൻ പ്രസിദ്ധനായി
ജാതിമതഭേദമെന്യെ കണ്ണിലുണ്ണിയായ്
സ്വന്തം മേനി തന്നിൽ രോഗം വന്നീടുന്ന ദശാന്തരെ
മരുന്നുകൾ കുടിക്കുവാൻ മടിച്ചിരുന്നു
പ്രപഞ്ച സ്രഷ്ടാവാം ദൈവം അറിയാതെ യാതൊന്നുമെ
സംഭവിച്ചീടുകില്ലെന്നു വിശ്വസിച്ചഹൊ.
പ്രാർത്ഥനകൾ, ഉപവാസം, ആരാധനകൾ എന്നിവയിൽ
ദിവസവും ഏറെനേരം ചെലവഴിച്ചു.
ജീവനോടീ ദുനിയാവിൽ കഴിയുന്ന കാലം പോലും
പരിശുദ്ധനെന്നു ലോകം വിധിയെഴുതി.

# 3
# മെത്രാപ്പോലീത്താ

സഭാചരിത്രത്തിൽ അതീവദുർഘട
ദശാന്തരെ സഭ കടന്നുപോകുന്നു
നവീകരണത്തിൻ ചുഴിയിൽ പെട്ടഹൊ
സഭാനൗകയിതാ ഉലഞ്ഞു സത്വരം
തിരയിൽപ്പെട്ടതാം സഭയെ രക്ഷിപ്പാൻ
സഭാസ്നേഹികളാം സഭാവിശ്വാസികൾ
പുലിക്കോട്ടെ വന്ദ്യപിതാവിന്റെ ചാരെ
വളരെ വേഗത്തിൽ അണഞ്ഞു ചെമ്മെ
മലങ്കരയിലെ വിമലമാം സഭ
വിനയപൂർവ്വമായ് ക്ഷണിച്ചപോലവെ
പരമതാതനാം പത്രോസു മൂന്നാമൻ
മലങ്കര തന്നിൽ എഴുന്നെള്ളി മോദാൽ
സഭതൻ സന്ദേശപ്രകാരം വന്നൊരാ
പരമതാതനെ സഭതൻ നന്ദനർ
വളരെ ഉത്സാഹപ്രഹർഷത്തോടഹൊ
അതിഘോഷത്തോടെ വരവേല്പു നൽകി
നവാഭിഷിക്തനാം കഥാപുരുഷനൊ
പരമതാതനെ മുഖം കാണിച്ചഹൊ
കഥാപുരുഷന്റെ ഗുണഗണങ്ങളിൽ
ആകൃഷ്ടനായിതെ പരമതാതനും
പരമതാതന്റെ പരിഭാഷകനായ്
കഥാപുരുഷനു നിയമനം നൽകി.
പരമതാതന്റെ പരിഭാഷകനായ്
വളരെ മാസങ്ങൾ ചെലവഴിച്ചഹൊ
ജനപ്രീതി നേടി പ്രസിദ്ധനായൊരാ
നവറമ്പാച്ചനെ മെത്രാച്ചനാക്കുവാൻ
പരമതാതനങ്ങഭിലാഷം തോന്നി
ജനകദംബയം പ്രമോദചിത്തരായ്
പരമതാതന്റെ അഭിലാഷം കേട്ടു
കഥാപുരുഷനൊ സന്താപചിത്തനായ്
വളരെ ദുഃഖത്താൽ മരുവി റമ്പാച്ചൻ
സ്വർഗ്ഗസ്ഥ താതനോടഭ്യർത്ഥിച്ചു സാദരം
“മമ പിതാവെയെൻ സ്വർഗ്ഗസ്ഥതാതനെ

തുടച്ചു മാറ്റുക പദവിയിൽ നിന്നും
തവ തനയന്റെ സമീപത്തുനിന്നും
ഇനിയെല്ലാം തവ തിരുഹിതം പോലെ.”
പരമതാതനാം പാത്രിയർക്കീസ് ബാവാ
കഥാപുരുഷനു മെത്രാൻപട്ടം നൽകി.
ജെറുസലേമിലെ മെത്രാപ്പോലീത്താ തൻ
ഗ്രീഗോറിയോസെന്ന അഭിധാനവും നൽകി
ശ്രീയേശു നാഥന്റെ അരുമ ശിഷ്യനാം
തോമ്മാശ്ലീഹായാലെ സ്ഥാപിക്കപ്പെട്ടതാം
നിരണത്തുപള്ളി ഉൾക്കൊള്ളുന്നതായ
ഭദ്രാസനം തന്നെ കൊടുത്തു മോദേന.
നവാഭിഷിക്തരാം പഞ്ചപിതാക്കളിൽ
ഇളയവനത്രെ ഗ്രീഗോറിയോസഹൊ
അതിനാൽ താതനെ ജനകദംബകം
വിളിച്ചു മോദേന “കൊച്ചു തിരുമേനി.”
ഗ്രീഗോറിയോസിന്റെ അഭിലാഷം പോലെ
നവാഭിഷിക്തരാം മെത്രാന്മാരഞ്ചു പേർ
വെട്ടിക്കലെന്നഹൊ അഭിധാനമുള്ള
ദയറാ തന്നിലായ് തുടങ്ങി താമസം
വളരെ ദീർഘമാം നമസ്കാരങ്ങളും
ഉപവാസങ്ങളും വിശുദ്ധധ്യാനവും
നടത്തിയാറഞ്ചു മെത്രാപ്പോലീത്തന്മാർ
തികച്ചു നാല്പതു ദിവസങ്ങൾ തന്നെ
ഉപവാസങ്ങളാൽ നമസ്കാരങ്ങളാൽ
പരിശുദ്ധാത്മാവിൽ വളരെ ശക്തരായ്
മഹാപുരോഹിതർ ഗമിച്ചു മോദേന.

# 4
# പരുമലയിലെ തിരുമേനി

ജോസഫ് മാർ ദീവന്നാസിയോസ് തെരഞ്ഞെടുത്തതാം
പരുമലയെന്നുള്ള സുന്ദരമാകും ഗ്രാമം
തന്നുടെ ഭദ്രാസനകേന്ദ്രമായ് ഗ്രീഗോറിയോസ്
കാലവിളംബമന്യെ സന്തതം പ്രഖ്യാപിച്ചു
അതിനാൽ ഗ്രീഗോറിയോസ് നാമാവാം വന്ദ്യ താതൻ
പരുമലയിൽ വാഴും തിരുമേനിയെന്നഹൊ
വിളിക്കപ്പെട്ടീടുവാൻ അറിയപ്പെട്ടീടുവാൻ
ഇടയായ് സഹജരെ, ദൈവനിയോഗമത്രെ.
ദക്ഷിണഗംഗയാകും നിർമ്മല പമ്പാനദി
രണ്ടു കൈവഴികളായ് ചെഞ്ചമ്മെ ഒഴുകിത്താൻ
പന്നായിക്കടവിലെ പാലത്തിൻ ചാരെയായി
ഒന്നിച്ചുചേർന്നീടുന്നു വീണ്ടുമൊഴുകീടുന്നു
പന്നായിപ്പാലം മുതൽ പരന്നു കിടക്കുന്ന
വളരെ ചെറുതായ ദ്വീപത്രെ പരുമല.
വളരെ ഫലപുഷ്ടി ഉള്ളതാം പരുമല
സസ്യലതാദികളാൽ പക്ഷിമൃഗാദികളാൽ
സമ്പൽസമൃദ്ധമത്രെ അനുഗൃഹീതമത്രെ.
പ്രകൃതി സൗന്ദര്യത്താൽ വളരെ പ്രസിദ്ധവും
വൃക്ഷങ്ങൾ പല വിധം സസ്യങ്ങൾ പല തരം
ഫലവൃക്ഷങ്ങൾ അഹൊ അസംഖ്യം തന്നെ നൂനം
സന്തതം മന്ദാനിലൻ വീശിടും പരുമല
സുഖവാസത്തിനേറെ യോഗ്യമായ് ചമഞ്ഞഹൊ
പന്നായിക്കടവിന്റെ ചാരത്തു സ്ഥിതി ചെയ്തു
വനത്തെ ഓർമിപ്പിക്കും പനയന്നാർകാവഹൊ
പ്രേതങ്ങൾ, പിശാചുക്കൾ, ദുഷിച്ച ദേവതകൾ
എന്നിവയെല്ലാം കാവിൽ ഉണ്ടെന്നു ചൊന്നു ജനം
നട്ടുച്ച സമയത്തും കാവിന്റെ സമീപത്തു
ചെന്നുചേരുവാൻ ജനം വളരെ ഭയപ്പെട്ടു.
ഭീകരജന്തുക്കളും പന്നഗവീരന്മാരും
പനയന്നാരാംകാവിൽ മോദേന വസിച്ചഹൊ
ഇവയെക്കുറിച്ചെല്ലാം നാട്ടുകാർ ചൊല്ലി എന്നാൽ
നമ്മുടെ തിരുമേനി പുച്ഛിച്ചു തള്ളീ നൂനം
"പാരിലെ സമസ്തവും സൃഷ്ടിച്ച മഹോന്നതൻ

എന്നുടെ ഇടയനാം എനിക്കു ഭയമില്ല."
കേവലം നൂറു വർഷം മുമ്പുള്ള കാലത്തിങ്കൽ
പനയന്നാരാംകാവും ദേവിതന്നമ്പലവും
ഗ്രാമത്തിൻ തിലകമായ് ഭക്തർ തൻ കേന്ദ്രമായി
ആശ്രയസ്ഥാനമായി ചെഞ്ചമ്മെ നിലകൊണ്ടു.
പനയന്നാരാംകാവിൽ ഒട്ടേറെ നിശാചരർ
സ്വഛന്ദ വിഹാരത്താൽ ജനത്തെ ഭീതരാക്കി.
കൊള്ളയും കൊള്ളിവയ്പും അക്രമങ്ങളും പിന്നെ
അക്രമപരമ്പര സർവസാധാരണമാം.
പ്രസിദ്ധ കുടുംബമാം അരികുപുറത്തിന്റെ
ഗൃഹനാഥനായിടും കോരുള മാത്തൻ താതൻ
സുന്ദരപരുമലയായീടും ഗ്രാമം തന്നിൽ
സ്ഥിരമായ് വാസം ചെയ്വാൻ ഗ്രാമത്തിലെത്തി ചെമ്മെ
പരുമലയാകും ദ്വീപിൽ പള്ളി സ്ഥാപിച്ചീടുവാൻ
കോരുള മാത്തൻ നൂനം തീരുമാനവും ചെയ്തു.
അതിനു മുന്നോടിയായ് പനയന്നാരാംകാവിൽ
സ്വഛന്ദം വസിക്കുന്ന അക്രമി സമൂഹത്തെ
നിർദ്ദയം ഓടിച്ചഹൊ ഗ്രാമത്തെ ശുദ്ധമാക്കി
പള്ളിനിർമ്മാണത്തിനായ് മുപ്പതു ദണ്ഡസ്ഥലം
കോരുള മാത്തൻ ചെമ്മെ സഭയ്ക്കു ദാനം നൽകി.
മെത്രാനു വസിപ്പാനും ശെമ്മാശന്മാരെ ചെമ്മെ
പഠിപ്പിക്കാനുമായി നിർമ്മിച്ചു അഴിപ്പുര
നിരണം ഭദ്രാസന മെത്രാനു വസിപ്പാനായ്
കൊച്ചൊരു അഴിപ്പുര ദാനമായ് നൽകി സഭ.
ഈവിധം തിരുമേനി അവിടെ വസിച്ചഹൊ
നിരണം ഭദ്രാസന ഭരണം നടത്തിയാൽ.
ജോലികൾ വർദ്ധിച്ചീടും ഭാരങ്ങൾ പെരുകീടും
പ്രാർത്ഥന, ഉപവാസം അഭംഗം തുടർന്നഹൊ.
ഭദ്രാസനാസ്ഥാനമായ് വളർന്നു എന്നാകിലും
പണത്തിൻ സ്ഥിതിയേറ്റം ശോചനീയമാം നൂനം
ചാരത്തു സ്ഥിതി ചെയ്യും പള്ളികൾ, വ്യക്തികളെ
ആശ്രയിച്ചത്രെ അവർ ഭക്ഷണം കഴിച്ചതും.
ഭക്ഷണവസ്തുക്കൾ തൻ ലഭ്യത ഇല്ലെങ്കിലും
സ്ഥിരചിത്തനാം താതൻ ഒട്ടുമെ കൂസിയില്ല.
"നാളത്തേക്കൊരു മണി അരിയില്ലയ്യൊ കഷ്ടം"
വാല്യക്കാർ മുറവിളി കൂട്ടുമ്പോൾ തിരുമേനി
"നാളത്തെ കാര്യം നിങ്ങൾ ചിന്തിക്ക വേണ്ടേ വേണ്ട

എന്നല്ലേ ക്രിസ്തുനാഥൻ നമ്മോടു കല്പിച്ചതു."
ഇങ്ങനെ വാല്യക്കാരെ ആശ്വസിപ്പിക്കും താതൻ
പൂർണ്ണമായ് ദൈവത്തിങ്കൽ പ്രത്യാശ വച്ചു താതൻ
ഭദ്രാസനകേന്ദ്രമാം അഴിപ്പുരയ്ക്കു ചാരെ
വളരെ വിശാലമാം കൊട്ടിലു സ്ഥിതി ചെയ്തു
അവിടെയത്രെ താതൻ വിശുദ്ധ കുർബാനയും
നമസ്കാരങ്ങളെല്ലാം നിവർത്തിച്ചതു ചെമ്മെ
കൊട്ടിലിൻ സ്ഥാനത്തൊരു സുന്ദര ദേവാലയം
സ്ഥാപിക്കാൻ തിരുമേനി തീരുമാനവും ചെയ്തു.
വളരെ കഷ്ടപ്പെട്ടു പണവും സമ്പാദിച്ചു
അരികുപുറത്തുകാർ സ്ഥലവും ദാനം ചെയ്തു
എങ്കിലും സ്ഥലമെല്ലാം വന്ദ്യനാം തിരുമേനി
സഭതന്നദ്ധ്യക്ഷന്റെ പേരിലേക്കെഴുതിയാൻ
വിശുദ്ധ പത്രോസ് പൗലോസ് ശ്ലീഹന്മാരുടെ പേരിൽ
ത്രോണോസും സ്ഥാപിച്ചഹൊ ശുദ്ധീകരിച്ചു പള്ളി
തികഞ്ഞ ദൈവാശ്രയം ദൃഢമാം വിശ്വാസവും
താതന്റെ പരിശ്രമം വിജയം കൈവരിച്ചു.
നിരണം, തുമ്പമണ്ണും കൊല്ലവും ഭദ്രാസന
ഭാരവും പിതാവിന്റെ ചുമലിൽ ഏല്പിച്ചഹൊ.
ജാതിവ്യത്യാസങ്ങളും അന്ധവിശ്വാസങ്ങളും
അന്നത്തെ സമൂഹത്തിൽ നിറഞ്ഞു നിന്നിരുന്നു.
സവർണ്ണർ അവർണ്ണരെ അടിമകളെപ്പോലെ
ക്രൂരമായ്, നിഷ്ഠുരമായ് പീഡനം ചെയ്തു മുദാ
രാജവീഥിയിൽക്കൂടി നടപ്പാൻ കഴിയില്ല
ക്ഷേത്രത്തിൽ പ്രവേശനം നിഷേധിച്ചതും പിന്നെ
ദളിത സമൂഹത്തിൽ പെട്ടതാം കുട്ടികൾക്കു
വിദ്യ നേടുവാൻ പോലും സാധ്യമായില്ല കഷ്ടം.
ഇതൊക്കെ സമൂഹത്തിൽ കണ്ടതാം തിരുമേനി
പാവങ്ങൾ ദളിതരെ ഉയർത്താൻ ശ്രമിച്ചഹൊ
ദൈവത്തിൻ തിരുമുമ്പിൽ അവർണ്ണർ, സവർണ്ണരും
സമസൃഷ്ടികളത്രെ തുല്യരാണത്രെ നൂനം.
താതന്റെ ശ്രമത്താലെ സഭയിൽ പുറജാതി
മിഷനെന്നൊരു സംഘം സ്ഥാപിതമായി ചെമ്മെ.
തികഞ്ഞ പഴഞ്ചന്മാർ സഭതൻ വിശ്വാസികൾ
താതന്റെ ശ്രമങ്ങളെ എതിർക്കാനാരംഭിച്ചു.
സകല എതിർപ്പതും തൃണവൽഗണിച്ചഹൊ
ധാരാളം ദളിതർക്കു മാമോദീസായും നൽകി.

സവർണ്ണ ക്രൈസ്തവർ തൻ എതിർപ്പു മൂലം താതൻ
അവർക്കു പ്രത്യേകമായ് പള്ളികൾ സ്ഥാപിച്ചഹൊ
ചെങ്ങന്നൂർക്കടുത്തുള്ള കാളികുന്നു പള്ളിയും
ചെന്നിത്തലയും പിന്നെ പുതുപ്പള്ളിദേശത്തും
ദളിതർക്കായി താതൻ പള്ളികൾ സ്ഥാപിച്ചഹൊ.
അവർക്കു സഭയ്ക്കുള്ളിൽ മാന്യമാം സ്ഥാനം നൽകി
ക്രിസ്തുവിൻ നിസ്തുല്യമാം ഉപദേശരത്നങ്ങൾ
ജനകൻ ദളിതർക്കു സഹർഷം ദാനം ചെയ്തു.
തുമ്പമൺ ദേശത്തപ്പോൾ കടുത്ത മസൂരിയാൽ
ജനങ്ങൾ പരിഭ്രാന്തി പൂണ്ടതാം ദശാന്തരെ
ജനകൻ അവിടെപ്പോയ് ഗൃഹങ്ങൾ സന്ദർശിച്ചു
രോഗബാധിതർക്കെല്ലാം ആശ്വാസം നൽകി ചെമ്മെ
താതന്റെ പ്രാർത്ഥനയാൽ ധാരാളം രോഗികൾക്കു
ലഭിച്ചു രോഗസൗഖ്യം മാനസാന്തരമതും.

## പ്രവാസ കാണ്ഡം

# 1. യാത്രാരംഭം

തോമാശ്ലീഹാ സ്ഥാപിച്ചുള്ളൊരു മലങ്കരയാം സഭയെ
അയൽരാജ്യങ്ങളിൽ പ്രചരിപ്പിക്കാൻ തീർമാനം ചെയ്തു.
അതിനായ് വിദേശരാജ്യങ്ങളിലായ് സന്ദർശിച്ചിടുവാൻ
വന്ദ്യ പിതാവും പരിവാരങ്ങളും യാത്ര പുറപ്പെട്ടു.
മലബാർ, ഗോവാ, ശ്രീലങ്കായിൽ ക്രൈസ്തവരൊട്ടധികം
ഓർത്തഡോക്സാം സഭയിൽ ചേർന്നു വിശ്വാസികളായി
അവിടങ്ങളിലെ ജനതയ്ക്കെല്ലാം ആത്മീയാചാര്യൻ
അൽവാറീസിനു റമ്പാൻ സ്ഥാനം നൽകി തിരുമേനി
വിനാവിളംബം നവറമ്പാനെ എപ്പിസ്കോപ്പായായ്
പട്ടം നൽകി വന്ദ്യപിതാക്കൾ കോട്ടയം നഗരിയതിൽ.

# 2
# സിലോൺ യാത്ര

അമേരിക്കാ തന്നിൽ വളരെ മാനവർ
സുറിയാനിസഭ അതിൽച്ചേർന്നു മുദാ
അവർ തൻ ശൈശവസഭയെ പാലിപ്പാൻ
റെനിവിലാത്തിയെ മെത്രാനാക്കീടുവാൻ
സഭാധികാരികൾ ഉറച്ചു ചെഞ്ചമ്മെ
റെനിവിലാത്തിക്കു പട്ടംകൊടുക്കുവാൻ
പരുമലയിലെ പരിശുദ്ധ താതൻ
അങ്കമാലിയിലെ അത്താനാസിയോസും
ഗോവായാം ദേശത്തെ യൂലിയോസിനെയും
സഭ നിയോഗിച്ചു പ്രഹർഷമോടവെ
പിതാക്കൾ മൂവരും കൊളംബിലേക്കഹൈാ
ജലമാർഗ്ഗമായി പുറപ്പെട്ടു യാത്ര.
വിവിധ കേന്ദ്രങ്ങൾ തരണം ചെയ്തഹോ
പിതാക്കൾ മൂവരും കൊളംബിലെത്തിയാർ.
സിലോണിലേക്കുള്ള ജലയാത്ര തന്നിൽ
വളരെ ക്ലേശങ്ങൾ അനുഭവിച്ചവർ.
അപകടങ്ങളും വളരെ പീഡയും
പിതാക്കന്മാരവർ അനുഭവിച്ചഹൊ.
ദയതൻ സിന്ധുവാം ജഗന്നിവാസനൻ
അവന്റെ ദാസരെ പരിപാലിച്ചഹൊ
കൊളമ്പിൽ ചെന്നതാം പിതാക്കൾ മൂവർക്കും
വളരെ ഹൃദ്യമാം വരവേൽപ്പു നൽകി.
അൽവാറീസ് നാമാവാം ജനകന്റെ വക
നൽമരണമാതാവകയാം പള്ളിയിൽ
പിതാക്കൾ മൂവരെ വരവേറ്റൂ മുദാ
മഹത്തായ സ്വർഗ്ഗാരോഹണവേളയിൽ
വിലാത്തിയെ ചെമ്മെ റമ്പാനാക്കി മുദാ
അടുത്ത മൂന്നു നാൾ വളരെ വാശിയിൽ
ഉപവാസജപം നടത്തി മൂവരും
അടുത്ത നാളതിൽ പിതാക്കൾ മൂവരും
വിലാത്തിയെ ചെമ്മെ മെത്രാനുമാക്കിയാർ
വളരെ ശ്രേഷ്ഠമാം തിമോത്തിയോസെന്ന
അഭിധാനം നൽകി പട്ടവും നൽകിയാർ

അമേരിക്കയുടെ ഭരണഭാരവും
നവ പിതാവിനു ലഭിച്ചു സത്വരം
അമേരിക്കയുടെ പ്രതിനിധിയഹൊ
ജനകന്മാർക്കഹൊ വരവേൽപ്പു നൽകി.
അമേരിക്കയിലെ നിവാസികൾ ചെമ്മെ
ജനകന്മാർക്കഹൊ വളരെ തുഷ്ടിയാൽ
കമാൻഡറെന്നുള്ള ബഹുമതി നൽകി.
കൊളംബോയിലുള്ള ജനകദംബകം
സമർപ്പിച്ചു ചെമ്മെ മംഗളപത്രവും
മലങ്കരയിലെ തിരുസഭയ്ക്കിതു
അഭൂതപൂർവ്വമാം അനുഭവമത്രെ.
പിതാക്കളേവരും അനന്തന്റെ പുരി
അണഞ്ഞ നേരത്തു ജനസഹസ്രങ്ങൾ
വളരെ തുഷ്ടിയാൽ വളരെ മോദത്താൽ
വളരെ ഗംഭീര വരവേല്പു നൽകി.

# 3

# യെരുശലേം യാത്ര

വളരെ നാളായിട്ടു ജനകമനമതിൽ
ജേർസലേം തന്നിലായി പോകുവാനാശിക്കുന്നു
സഭയിൽ ശാന്തി തെല്ലും ഇല്ലാത്ത കാരണത്താൽ
താതന്റെ അഭിലാഷം ഉള്ളിലൊതുക്കി നൂനം
എങ്കിലും അവസാനം തടസ്സങ്ങളെയെല്ലാം
തൃണവൽഗണിച്ചഹൊ യാത്ര തിരിച്ചു മുദാ
യാത്രയ്ക്കുള്ളൊരുക്കങ്ങൾ സത്വരം പൂർത്തിയാക്കി
യാത്രയ്ക്കായുള്ള ധനം ശേഖരിച്ചല്ലോ വേഗം
വന്ദ്യരാം ജനകരും നാട്ടിലെ മാന്യന്മാരും
വിശ്വാസ സമൂഹവും നിർലോഭം ദാനം ചെയ്തു.
തിരുമേനിയോടൊപ്പം പൗലോസ് റമ്പാച്ചനും
മല്പാനാം വട്ടശ്ശേരിൽ ഗീവറുഗീസ് കത്തനാരും
തെക്കൻപറവൂർ തോപ്പിൽ ലൂക്കോസെന്ന കോറിയും
തുമ്പമൺ കരിങ്ങാട്ടിൽ സ്കറിയാ കത്തനാരും
കടമ്പനിട്ടയിലെ പുത്തൻപുരയ്ക്കലുള്ള
ഗീവർഗ്ഗീസ് കത്തനാരും യാത്രയ്ക്കായ് തിരിച്ചഹൊ
ഇവരെക്കൂടാതെടൊ ശീമനിവാസിയാകും
സ്ലീബാ ശെമ്മാശ്ശനെയും ഫിലിപ്പോസിനെയും താൻ
വളരെ മുമ്പു തന്നെ ബോംബെയാം പട്ടണത്തിൽ
വന്ദ്യനാം തിരുമേനി അയച്ചു മടിക്കാതെ
സർവ്വശക്തനായിടും ദൈവത്തിൻ കരുണയിൽ
മാത്രമാശ്രയിച്ചഹോ യാത്രയും പുറപ്പെട്ടു.
മദിരാശിയിൽ നിന്നും ബോംബേയ്ക്കു പോയിടുന്ന
ഗ്രേറ്റിന്ത്യൻ പെനിൻസുലാർ വണ്ടിയിൽ പ്രവേശിച്ചു.
വഴിയിൽ അവർ കണ്ടു നദികൾ, പാലങ്ങളും
വലിയ തുരങ്കങ്ങൾ ജനക്കൂട്ടങ്ങളെയും
ബോംബെയി സ്റ്റേഷൻ തന്നിൽ എത്തിയ ദശാന്തരെ
അവരെ സ്വീകരിപ്പാൻ സ്ലീബായാം ശെമ്മാശ്ശനും
സുറിയാനിക്കാരായ ചിലരും എത്തിച്ചേർന്നു.
ഒരു വെള്ളക്കാരന്റെ മുറിയിൽ പാർത്തു അവർ
ബോംബെയിൽ ഏറെ ദിനം താമസിച്ചതിനാലെ
പട്ടണം വിശദമായി കാണുവാൻ സാധിച്ചഹൊ.
ഇത്രയും മനോഹരമായുള്ള പട്ടണം താൻ

ജഗത്തിലൊരേടത്തും കാണുവാൻ സാധിക്കില്ല.
അവിടെക്കണ്ടീടുന്ന പെരിയ തുറമുഖം
എത്രയോ വിശാലവും നയനമോഹനവും
നഗരം സമുദ്രത്തെ ചുംബിച്ചു കിടപ്പല്ലോ
അതിനാൽ യാനങ്ങൾക്ക് സൗകര്യം ഏറെയത്രെ.
സഞ്ചാരികൾക്കു യാത്ര ചെയ്‌വാനും ചരക്കുകൾ
കയറ്റാൻ, ഇറക്കുവാൻ എത്രയും സുഖപ്രദം
രാത്രിതൻ കാലങ്ങളിൽ യാനത്തിൻവിളക്കുകൾ
ഉജ്ജ്വലപ്രഭയോടെ കത്തിജ്വലിച്ചീടുന്നു
അതിനാൽ തോന്നിപ്പോകും അത്രയും പ്രദേശത്തു
സൂര്യന്റെ അസ്തമനം സംഭവിക്കുന്നില്ലെന്നു
നഗരം മുഴുവനും അംബരചുംബികളാം
രമ്യഹർമ്യങ്ങളാലെ നിബിഡം തന്നെ നൂനം.
നഗരഹൃദയത്തിൽ കാണുന്ന ഭവനങ്ങൾ
കരിങ്കല്ലിനാൽ തീർത്ത ഉറപ്പേറിയതത്രെ.
വലിയ ഭവനങ്ങൾ അലങ്കാരവേലകൾ
എന്നിവ നോക്കി നിൽക്കാൻ മനസു കുതിച്ചിടും
രമ്യമാം ഹർമ്യങ്ങളൊ മാർബിളിൻ തൂണുകളാൽ
ചിത്രവേലകളാലെ കമനീയമാക്കിയാർ
അപ്പോളോ എന്ന ഹോട്ടൽ ജനറൽ ഹോസ്പിറ്റലും
വിക്ടോറിയാ പൂന്തോട്ടം എന്നിവ മനോഹരം.
ഈവിധമായുള്ളതാം കാഴ്ചകൾ കണ്ടു കണ്ടു
നമ്മുടെ തിരുമേനി വളരെ സന്തോഷിച്ചു.
ഹൈസ്റ്റേഷൻ എന്ന പേരു വഹിക്കും ട്രെയിൻ സ്റ്റേഷൻ
എത്രയോ വിശാലവും ചേതസാകർഷകവും!
ഇതിന്റെ മുമ്പിലുള്ള കൂറ്റനാംകെട്ടിടത്തിൽ
ഒന്നല്ല പതിനാറു ട്രെയിനുകൾ നിർത്തീടാമെ
ഇവിടെ തെരുവുകൾ വളരെ വിശാലമാം
രാജവീഥികളേറെ സുന്ദരം, സുഖപ്രദം
ബോംബെയാം നഗരത്തിൽ എവിടെപ്പോയീടാനും
കുതിര വലിക്കുന്ന വണ്ടികൾ നിരവധി
പാദചാരികൾക്കഹൊ സഞ്ചരിച്ചീടുവാനായ്
കരിങ്കൽ നിർമ്മിതമാം പാതകൾ ഇരുപുറം
സ്നാനപാനാദികൾക്കു പൈപ്പിലെ വെള്ളം തന്നെ
നഗരഭവനങ്ങൾ പട്ടണവീഥികളും
മണിമാളികകളും വൈദ്യുതശക്തികൊണ്ടു
ഉജ്ജ്വലപ്രകാശത്താൽ കത്തിജ്വലിച്ചീടുന്നു.

പാസ്പോർട്ടു ലഭിക്കുവാൻ വളരെ താമസിച്ചു
ജേർസലേം യാത്രയ്ക്കഹൊ വളരെ തടസ്സങ്ങൾ
ഒടുവിൽ തടസങ്ങൾ അഖിലം നീങ്ങിപ്പോയി
പാസ്പോർട്ടും വിസായതും ചെഞ്ചമ്മെ ലഭിച്ചഹൊ
തുറമുഖത്തു വന്ന ചരക്കുകപ്പൽ തന്നിൽ
തിരുമേനിതൻ സംഘം കയറി സസന്തോഷം
അവർ താൻ കയറിയ കപ്പലു മെല്ലെ മെല്ലെ
യാത്രയാരംഭിച്ചപ്പോൾ താതന്റെ മനസതിൽ
ജലപ്രളയത്താലെ ദുരവസ്ഥയിലായ
നോഹിന്റെ കുടുംബത്തിൻ സ്ഥിതിയെ ചിന്തിച്ചഹൊ
നോഹയെ, കുടുംബത്തെ രക്ഷിച്ച സർവേശ്വരൻ
തങ്ങൾക്കു കൂടി രക്ഷ തരുമെന്നാശിച്ചഹൊ.
കരുണാമയനായ കർത്തനോടപേക്ഷിച്ചു
രക്ഷതൻ വാതായനം മലർക്കെ തുറക്കുവാൻ.
യാത്ര തന്നാരംഭത്തിൽ വളരെ സുഖം തോന്നി
സ്വന്തമാം ഭവനത്തിൽ വസിക്കുംപോലെ തോന്നി.
കുറച്ചു ദിനങ്ങൾക്കു ശേഷമൊ അന്തരീക്ഷം
അഖിലം മാറിപ്പോയി മഴയൊന്നാരംഭിച്ചു.
സമയം പ്രഭാതമാണെങ്കിലും അന്തരീക്ഷം
കാർമേഘങ്ങളെക്കൊണ്ടു ഭുവനം ഇരുട്ടായി
കനത്ത മാരുതന്റെ ആക്രമണത്താൽ കപ്പൽ
കേവലം ചെറുവള്ളം പോലവെ ചലിച്ചഹൊ
യാത്രക്കാർ നിരവധി ഛർദിയും ആരംഭിച്ചു
അതിനാൽ അവരെല്ലാം തളർന്നു വിവശരായ്
പ്രകൃതി കാട്ടിയതാം കളികൾ, വിനോദങ്ങൾ
പാതിരാനേരം വരെ തുടർന്നു അനുസ്യൂതം.
ദിനങ്ങൾ കഴിഞ്ഞപ്പോൾ എയിഡൻ ഉൾക്കടലിൽ
വിഘ്നങ്ങൾ കൂടാതഹൊ ചെമ്മെയായ് പ്രവേശിച്ചു.
അറേബ്യാ രാജ്യത്തിന്റെ ദക്ഷിണഭാഗത്തായി
ഏഡനെന്നു പേരുള്ള ദേശമൊന്നുണ്ടു കേൾക്ക.
ഏഡന്റെ തീരത്തെല്ലാം പർവ്വതനിരകളും
അവതൻ മദ്ധ്യത്തിലായ് ചെറിയ മൈതാനവും
ഏഡനിൽ നിന്നും നേരേ വടക്കു ഭാഗത്തേക്കു
തുടർന്നൂ യാത്ര നോക്കിയാൽ കടൽ മാത്രം.
ഓളങ്ങൾ, തിരമാല മലപോലുയരുന്നു
തൽക്ഷണം ജലധാര താഴേക്കു വീണീടുന്നു.
കടലിൻ ഭാഗത്തേക്കു നോക്കിയാൽ ഭയം തോന്നും

ഭീകരരൂപികളാം ജലജീവികളിതാ
സഹസ്രക്കണക്കിനു കടലിൽ കൂത്താടുന്നു.
ചെറിയ മത്സ്യം മുതൽ തിമിംഗലങ്ങൾ വരെ
കടലിൽ തുടർച്ചയായ് ക്രീഡകൾ നടത്തുന്നു.
രാവേറെ കനക്കുമ്പോൾ നിറഞ്ഞ അന്ധകാരം
ദൃഷ്ടിയിൽ ഒന്നും തന്നെ കാണുവാൻ കഴിയില്ല.
വൻകിട മത്സ്യങ്ങളും ഭീകരജന്തുക്കളും
യാനത്തിൽ മുട്ടീടുമ്പോൾ ഹൃദയം വിറകൊള്ളും.
ദക്ഷിണഭാഗത്തായി വിളക്കുമരദ്വയം
അവയ്ക്കു പടിഞ്ഞാറായ് വേറൊരു ദീപസ്തംഭം
ഈവിധം ബഹുദൂരം ഗമിച്ചദശാന്തരെ
ജാബെൽസ്ഗാർ എന്ന ദ്വീപിൽ സത്വരം എത്തീ നൂനം
പാറതൻ സമൂഹത്താൽ നിബിഡമാകും ദ്വീപ്
ഏതാനും വൃക്ഷങ്ങൾ തൻ കൂട്ടവും കണ്ടു അവർ
ദ്വാദശ ശ്ലീഹന്മാർ തൻ പേരിനാൽ പ്രസിദ്ധമാം
ദ്വീപസമൂഹം നൂനം ദൃഷ്ടിയിൽ കണ്ടു അവർ
ദ്വീപസമൂഹം സർവ്വം ദുർഘട സ്ഥലമായ
ബാബേൽ മണ്ടേബായിടും ദേശമായതിനാലെ
കപ്പിത്താൻ അനുസ്യൂതം വളരെ സൂക്ഷ്മമായി
വളരെ ശ്രദ്ധാപൂർവ്വം യാനത്തെ നിയന്ത്രിച്ചു.
വളരെ സമയത്തെ യാത്രയ്ക്കു ശേഷമവർ
ചെമന്നകടലതിൽ ചെഞ്ചമ്മെ പ്രവേശിച്ചു.
ഉത്തര ദിശയതിൽ ലക്ഷ്യമായ് യാത്ര ചെയ്ത
തിരുമേനി തൻ യാനം ഇളകാൻ തുടങ്ങിതെ.
യാനത്തിൻ കുലുക്കത്താൽ കടലിൽനിന്നും ജലം
മേൽത്തട്ടിൽപ്പോലും ചെമ്മെ കയറാൻ തുടങ്ങിതെ.
യാത്രക്കാർ അഖിലവും ഭയത്താൽ, സംഭ്രമത്താൽ
മേനിയാസകലവും വിറയ്ക്കാൻ തുടങ്ങിതെ.
യോനായെപ്പോലും ചെമ്മെ രക്ഷിച്ച സർവ്വശക്തൻ
ആപത്തിൽ നിന്നും നൂനം പാലിപ്പാൻ കൃപ തോന്നാൻ
കണ്ണുനീർ വാർത്തുംകൊണ്ടും മുട്ടിന്മേൽ നിന്നും കൊണ്ടും
ശിരസു നമിച്ചഹൊ പ്രാർത്ഥിപ്പാൻ തുടങ്ങിയാർ.
സ്രഷ്ടാവിൻ കൃപയാലെ കപ്പിത്താൻ, സ്റ്റീവാർഡിവർ
വളരെ ദയാപൂർവ്വം ആശ്വാസം പകർന്നഹൊ
അധികം ദിവസങ്ങൾ കഴിയും മുമ്പേ തന്നെ
ആഫ്രിക്കൻ തീരത്തഹൊ എത്തിയാരവർ നൂനം
ആഫ്രിക്കൻ ഭൂഖണ്ഡത്തിൽ പൗരസ്ത്യ തീരത്തഹൊ

സ്ഥിതി ചെയ്തീടുന്നതാം ബർനീസാം തുറമുഖം
അവിടെ നിന്നുമവർ യാത്ര ചെയ്തീടുംനേരം
ഡെഡ്ലസാം പാറക്കൂട്ടം സ്ഥിതിചെയ്വതും കണ്ടു.
പിന്നെയും യാത്ര ചെയ്തു സൂയസിൽ എത്തുംവരെ
പാറക്കൂട്ടങ്ങളുടെ വലിയ നിര കണ്ടു.
ലതകൾ, ചെടികളും പൂക്കളും മരങ്ങളും
ഒന്നുമെ കാണ്മാനില്ല തികച്ചും വിജനമാം
സൂയസാം ഉൾക്കടലിൽ പ്രവേശിച്ചവർ കണ്ടു
അക്കാബാ ഉൾക്കടലും സീനാ എന്നുപദ്വീപും.
സൂയസാം ഉൾക്കടലിൽ യാത്ര ചെയ്തപ്പോൾ കണ്ടു
സീനായെന്നു പേരുള്ള പർവ്വതസമൂഹത്തെ
യഹോവയാകും ദൈവം മോശയാം നബിക്കഹൊ
നിയമകദംബകം നൽകിയതിവിടല്ലൊ.
സൂയസാം ഉൾക്കടലിൽ നങ്കൂരമിട്ടു നേരം
കമ്പനി ഉദ്യോഗസ്ഥർ കപ്പലിൽ പ്രവേശിച്ചു
വളരെ ബ്രഹ്മാണ്ഡമാം വൈദ്യുത വിളക്കൊന്ന്
കപ്പലിൽ ബന്ധിപ്പിച്ചു തികഞ്ഞ ശ്രദ്ധയോടെ.
ഭീമാകാരമാകുമാ വിളക്കു തെളിഞ്ഞപ്പോൾ
പട്ടണം മുഴുവനും വ്യക്തമായി കാണായ് വന്നു
തോടിന്റെ ഇരുവശം വിശാല വിസ്തൃതിയിൽ
ശുദ്ധശൂന്യമായിടും മണൽഭൂമിയാകുന്നു
പശ്ചിമഭാഗത്തായി വളരെ ദൂരെക്കാണാം
സുന്ദരഗ്രാമങ്ങളും സസ്യങ്ങൾ, വൃക്ഷങ്ങളും
ദിനത്തെ വെല്ലുന്നതാം പ്രകാശധാരയതിൽ
പ്രകൃതിഭംഗി കാണ്മാൻ എത്രയൊ മനോഹരം.
കടലിൽക്കൂടി യാനം ദീർഘമാം യാത്ര ചെയ്തു
പോർട്ടസായിഡെന്നതാം ജനപദത്തിലെത്തി.
കപ്പലിൽക്കൂടിയുള്ള യാത്രയ്ക്കൊരന്ത്യമായി
അതിലെ ജോലിക്കാരെ നന്ദിയുമറിയിച്ചു.
പോർട്ടുസായിഡിൽ നിന്നും വളരെ സമീപത്തായ്
ഈഗുപ്തായക്കാരുടെ പള്ളിയൊന്നവിടുണ്ട്.
സത്വരം അവർ പോയി പള്ളിയിൽ താമസിച്ചു
വിശ്വാസ വിപരീതം ഉള്ളവരല്ല അവർ.
സൗഹൃദ മനോഭാവം വിളങ്ങി ശോഭിക്കുന്നു
പോർട്ടുസായിഡിലുള്ള ഈഗുപ്തായർ തൻ പള്ളി
പണിതീരാത്ത വീടായ് അന്നു വിളങ്ങിയേവം.
ധനികർ, ദരിദ്രരും ഒക്കവെ ചേർന്നീടുകിൽ

മുപ്പതു വീട്ടുകാർ തൻ പള്ളിയായ് മാറും നൂനം
ഭക്തർ തൻ സമൂഹമാം ഈഗുപ്തായ പള്ളിയിൽ
നാല്പതാം വെള്ളി തന്നിൽ തിരുമേനിയും ചേർന്നു
പട്ടക്കാരൻ കുർബാന അർപ്പിച്ചതിനുശേഷം
വിശ്വാസികൾക്കു നൂനം ദിവ്യകാരുണ്യമേകി.
വിശ്വാസികളാം നരർ വളരെ ഭക്തിപൂർവ്വം
ദിവ്യകാരുണ്യമതു കൈക്കൊണ്ടു മെല്ലെ, മെല്ലെ
ഈജിപ്ഷ്യൻ ജനതയെ കൂടാതെയവുനായർ
റോമ്മാക്കാർ, ഇംഗ്ലീഷുകാർ എന്നിവർ അവിടുണ്ട്
ഈജിപ്ഷ്യൻ പള്ളിയിലെ താമസം മതിയാക്കി
വന്ദ്യനാം തിരുമേനി കപ്പലിൽ കയറിയാൻ
അങ്ങനെ തിരുസംഘം ജെറുസലേമിലേക്ക്
കപ്പലിൽ യാത്രയായി മദ്ധ്യതരിണ്യാ വഴി
വിശുദ്ധ ഓശാന തൻ രാവിലെ തന്നെ അവർ
യോപ്പായാം തുറമുഖം തന്നിലങ്ങെത്തിച്ചേർന്നു.
കപ്പലിൻ മുകളിൽ നിന്നൊറ്റനോട്ടത്തിൽ തന്നെ
യോപ്പായാം പട്ടണത്തിൻ ലാവണ്യം കണ്ടു അവർ
ലത്തീൻകാർ, യവുനായർ, ഈജിപ്ഷ്യൻ ജനതയും
യോപ്പയാം നഗരത്തിൽ മോദേന വസിക്കുന്നു.
അവർ തൻ പള്ളികളും ചാപ്പലും ദയറാകളും
അവിടെ പലേടത്തായ് കാണുവാനിട വന്നു.
വളരെ പ്രയാസങ്ങൾ കഷ്ടങ്ങൾ സഹിച്ചഹൊ
തീവണ്ടി വഴിയായി ജറുസലേമിലെത്തി.
വൃക്ഷലതാദികളാൽ സുന്ദരതരമായ
ജേർസലേം പട്ടണത്തെ മറക്കാൻ സാധിക്കില്ല.
നാരകമരങ്ങളും മുന്തിരിത്തോട്ടങ്ങളും
പൂക്കളും സസ്യങ്ങളും നിറഞ്ഞ മൈതാനങ്ങൾ
സമഭൂമികൾ പിന്നെ സുന്ദര താഴ്വാരങ്ങൾ
പർവതനിരകളും പാഴായ ധരണിയും
കുമ്മായക്കല്ലുകളാൽ നിറഞ്ഞ ധരിത്രിയും
മുന്തിരിത്തോട്ടങ്ങളും സൈത്തിന്റെ വൃക്ഷങ്ങളും
ദക്ളാമരങ്ങളും അവിടെ കണ്ടീടുന്നു.
തീത്തായും, തൂത്താ, ലൂസാ, ഹാറൂബാ വൃക്ഷങ്ങളും
നഗരാന്തർഭാഗത്തു കാണുവാൻ കഴിയുന്നു.
പർവതസാനുക്കളിൽ ഗോതമ്പു വിളയുന്നു
അവിടെ നിരവധി ഗുഹകൾ കാണാകുന്നു.
ജേറുസലേമിലുള്ള തീവണ്ടി സ്റ്റേഷൻ തന്നിൽ

തിരുമേനിതൻ സംഘം എത്തിയ ദശാന്തരെ
വലിയ പുരുഷാരം സ്വീകരിപ്പാനായെത്തി.
റമ്പാന്മാർ, ശെമ്മാശ്ശന്മാർ, വൈദികർ, അവൈദികർ
എന്നിവർ സ്വീകരിപ്പാൻ സ്റ്റേഷനിലെത്തി ചെമ്മെ.
കുതിരവണ്ടികളിൽ കയറി തിരുസംഘം
പശ്ചിമ കോട്ടവാതിൽ തന്നിലങ്ങെത്തിച്ചേർന്നു.
മർക്കോസിൻ ഭവനമാം സെഹിയോൻ മാളികയിൽ
തിരുമേനി തൻ സംഘം എത്തിയ ദശാന്തരെ
ഗ്രീഗോറിയോസാം ബാവാ ചുംബനാദികളാലെ
സ്വീകരിച്ചാനയിച്ചു പള്ളിയിൽ പ്രവേശിച്ചു.
വൈദിക കദംബകം ഗാനങ്ങളാലപിച്ചും
മെഴുകുതിരികളാൽ സ്വീകരിച്ചാനയിച്ചു.
പള്ളിയകത്തു ചെന്നു ലുത്തിനിയാ നടത്തി
വിശുദ്ധഭാഗങ്ങളും കാണുവാൻ ഭാഗ്യം കിട്ടി.
പട്ടണമദ്ധ്യത്തിലായ് തെക്കുപടിഞ്ഞാറായി
സ്ഥിതിചെയ്യുന്നതത്രെ മർക്കോസിൻ ജന്മഗേഹം.
വെള്ളക്കല്ലിനാൽ തീർത്ത ഭീമമാമീ മന്ദിരം
കാഴ്ചയ്ക്കു ഗംഭീരവും വളരെ വിശാലവും.
നമ്മുടെ കർത്താവന്നു പെസഹാ ആചരിച്ചു
വിശുദ്ധമാകും ബലി സ്ഥാപിച്ചതിവിടെത്താൻ.
ഇവിടെത്തന്നെയല്ലോ വിശുദ്ധ യാക്കോബ് ശ്ലീഹായ്ക്കാ-
ദ്യമായ് ദിവ്യബലി അർപ്പിക്കാൻ കഴിഞ്ഞതും
വിശുദ്ധ മാതാവിന്റെ നാമത്തിൽ സ്ഥാപിതമാം
ഈയൊരു ദേവാലയം എത്രയോ വിശുദ്ധമാം.
വിശുദ്ധ മദ്ബഹാ തൻ വടക്കെ അരികിലായ്
യാക്കോബിൻ സിംഹാസനം കാണുവാൻ കഴിഞ്ഞീടും.
പൈതലാം യേശുവിനെ വഹിക്കും മാതാവിന്റെ
ചിത്രമാമൊരു ചിത്രം മദ്ബഹാ തന്നിൽ കാണാം
വിശുദ്ധ ലൂക്കോസിന്റെ കരത്താൽ രചിതമാം
പ്രസ്തുത ചിത്രമെത്ര നയനമനോഹരം!
ത്രോണോസിന്നുപരിയായ് വെള്ളക്കല്ലിനാൽ തീർത്ത
മാമോദീസാ തൻ കല്ലും അവിടെ കണ്ടു അവർ
ചിത്രവേലകൾ ചെയ്ത വെള്ളിതൻ പലകയാൽ
മാമോദീസാ തൻ കല്ലും മൂടിയാർ വിശ്വാസികൾ.
വിശുദ്ധ മാതാവിനെ ലാസറിൻ കുടുംബത്തെ
സ്നാനപ്പെടുത്തിയതാം വിശുദ്ധ കല്ലാണിതു.
ഹൈക്കലായുടെ ചാരെ ദൈവത്തിൻ മാതാവിന്റെ

പാവനമാകും കിണർ അവർക്കു കാണായ് വന്നു.
താഴത്തെ നിലതന്നിൽ പശ്ചിമ ഭാഗത്തായി
ബഹനാൻ സഹദാതൻ ത്രോണോസും കണ്ടു അവർ.
ദയറാ തന്നിലുള്ള കാഴ്ചകളെല്ലാം കണ്ടു
ജേർസലേം നഗരം താൻ കാണുവാൻ പുറപ്പെട്ടു.
പർവ്വതനിരകളാൽ ചുറ്റപ്പെട്ടതാണത്രെ
ജഗൽപ്രസിദ്ധമാകും ജേർസലേം നഗരം താൻ
കോട്ടയ്ക്കു പുറത്തുള്ള തെരുവും പാതകളും
വളരെ വിശാലവും വിസ്താരമേറിയതും.
എങ്കിലും കോട്ടയ്ക്കുള്ളിൽ പാതകൾ, തെരുവുകൾ
വിസ്താരം കുറഞ്ഞതും ഞെരുക്കം നിറഞ്ഞതും.
നഗരം തന്നിൽ കാണും വളരെ ഉയർന്നുള്ള
കോട്ട തൻ ഗാംഭീര്യത്തെ ആർക്കു വർണ്ണിക്കാനാകും!
വളരെ പെരുത്തതാം കല്ലിനാൽ നിർമ്മിച്ചതാം
കോട്ടയ്ക്കു മുഖ്യമായി നാലു വാതിലുണ്ടത്രെ.
പശ്ചിമ വാതിലിനു യോപ്പാ തൻ വാതിലെന്നും
പൂർവ്വഭാഗത്തേതിനു എസ്തപ്പാനോസെന്നത്രെ.
ദക്ഷിണ വാതിലിന്നു സെഹിയോൻ വാതിലെന്നും
ഉത്തരവാതിലിനു ദെർമ്മസൊക്കെന്നും ചൊല്ലും.
പശ്ചിമഭാഗത്തുള്ള യോപ്പാ വാതിലിനുള്ളിൽ
തുർക്കി തൻ പട്ടാളക്കാർ ആയുധം ശേഖരിപ്പൂ.
തുർക്കി തൻ പീരങ്കികൾ വളരെ ഉയരത്തിൽ
ഭീകരദൃശ്യമായി അവരും കണ്ടു ന്യൂനം.
കോട്ട തൻ ഉള്ളിലായ് ധാരാളം കെട്ടിടങ്ങൾ
പണ്ടകശാലകളും രാജവീഥിയും കാണാം.
നമ്മുടെ കർത്താവിന്റെ കല്ലറ വഹിക്കുന്ന
ക്യംതാ തൻ ദേവാലയം അക്സായാം കെട്ടിടവും
വിവിധ സഭക്കാർ തൻ പള്ളികൾ, ദയറാകൾ
നയനാമൃതങ്ങളാം വളരെ ഗംഭീരമാം
മർക്കോസിൻ ദയറാ തൻ വടക്കുഭാഗത്തായി
നമ്മുടെ കർത്താവിന്റെ വിശുദ്ധ കബർ കാണാം.
ഇവിടെ സമീപത്തായി ഗോഗുൽത്താമലയതും
കുരിശു കണ്ടെടുത്ത സ്ഥലവും കണ്ടു അവർ.
വിശുദ്ധ ഗ്രന്ഥവുമായി വളരെ ബന്ധമുള്ള
കാഴ്ചകൾ നിരവധി കാണുവാൻ കഴിഞ്ഞഹൊ.
ജേർസലേം പട്ടണത്തിൽ തെക്കുകിഴക്കെ കോണിൽ
മോറിയാമല തന്നിൽ സോളമ ദേവാലയം

കേരള സംഘം കണ്ടു കിഴക്കു ഭാഗത്തായി
ബാബേൽ ദഹറിയൊ എന്നു പേരുള്ള വാതിൽ.
ഗർദ്ദഭം വാഹനമായ് ദാവീദാത്മജൻ ദേവൻ
യാത്ര ചെയ്തതാം വാതിൽ തന്നെയാണത്രെയിത്
ദക്ഷിണഭാഗത്തുള്ള സെഹിയോൻ വാതിൽ തന്നിൽ
കയ്യാപ്പായുടെ വീട് കണ്ടവർ സന്തുഷ്ടരായ്.
കർത്താവു വസിച്ചതാം കാരാഗൃഹവും പിന്നെ
അർമ്മീനിയാക്കാരുടെ പള്ളിയും അവർ കണ്ടു.
കയ്യാപ്പാ ഗേഹത്തിന്റെ തെക്കായി കണ്ടു അവർ
ദാവീദു രാജാവിന്റെ കല്ലറയതും ചെമ്മെ.
സോളമരാജാവിന്റെ പള്ളിക്കു സമീപത്തായ്
ബെത്സൈദാ കുളമതും കണ്ടവർ വിനീതരായ്.
ഇതിനു സമീപത്തായ് ലത്തീൻകാരുടെ വക
പള്ളി തൻ മദ്ബഹായിൻ ഉള്ളിലായ് കാണാമത്രെ
കന്യകാമാതാവിന്റെ മാതാവും ജനകനും
മോദേന വസിച്ചുള്ള രമ്യമാം മന്ദിരത്തെ
സോളമരാജാവിന്റെ ആലയത്തിന്റെ ചാരെ
പീലാത്തോസിന്റെ ഗേഹം ശീലോഹാം കുളം കണ്ടു
സ്തേപ്പാനോസ് കോട്ടവാതിൽ കടന്നു സഞ്ചരിച്ചു
പൂർവ്വഭാഗത്തേക്കഹൊ യാത്ര തിരിച്ചീടുകിൽ
യഹോശാപ്പാത്തെന്നതാം താഴ്‌വരയുടെ ചാരെ
പാറയാൽ ചുറ്റപ്പെട്ട ഭൂവിഭാഗവും കാണാം.
ആദ്യത്തെ സഹദായാം സ്തേപ്പാനോസിനെ ദുഷ്ടർ
കല്ലിനാൽ വധിച്ചതും ഇവിടെത്തന്നെയഹൊ.
താഴ്‌വര കടന്നിട്ട് ഉത്തരഭാഗത്തഹൊ
കന്യകാമറിയത്തിൻ കബറും കണ്ടു അവർ.
കല്ലറ നിലനിന്ന സ്ഥാനത്തു കാണാമിപ്പോൾ
അംബരചുംബിയാകും കുറ്റനാം ദേവാലയം.
ഇനിയും കുറേക്കൂടി മുമ്പോട്ടു പോയീടുകിൽ
നീതിമാൻ യൗസേപ്പിന്റെ കല്ലറ കൂടി കാണാം.
അതിനും വടക്കായി സുറിയാനിക്കാർക്കുള്ള
ത്രോണോസിൽ തിരുമേനി ബലിയർപ്പിച്ചു ചെമ്മെ.
പള്ളിതൻ പടിഞ്ഞാറുഭാഗത്തു ചെമ്മെ കാണാം
ഭംഗിയായ് വളരുന്ന സൈത്തുതൻ പൂങ്കാവനം.
ഗദ്സീമോൻ പള്ളിക്കഹൊ തെക്കുകിഴക്കായ് കാണാം
പെരിയഗുഹയൊന്നു വളരെ വിശാലവും.
തോട്ടത്തിൽ കന്യാസുതൻ പ്രാർത്ഥിക്കും ദശാന്തരെ

ശിഷ്യന്മാർ പ്രാർത്ഥിച്ചതാം ഗുഹയാണത്രെയിതു.
തോട്ടത്തിൻ സമീപത്തു കിഴക്കു വശത്തായി
ചെഞ്ചമ്മെ കാണാമൊരു കൂറ്റനാം പാറയൊന്നു
സ്വർഗ്ഗസ്ഥ പിതാവെയെന്നാരംഭിക്കും പ്രാർത്ഥന
ശിഷ്യരെ പഠിപ്പിച്ചതിവിടെയിരുന്നത്രെ.
ഗദ്സിമോൻ തോട്ടത്തിന്റെ ചാരത്തായവർ കണ്ടു
സഭ തൻ വിശുദ്ധമാം സ്ഥലങ്ങൾ നിരവധി.
സൈത്തിൻമലയിൽ കാണാം സൈത്തതും, ലൂസായതും
പിന്നെയുമവർ കണ്ടു ഹാറൂബാ മരങ്ങളും.
പർവ്വതനിരയുടെ ഉന്നത സ്ഥലത്തഹൊ
കാണുന്ന ഗേഹത്തിനും സൂലാക്കായെന്നു ചൊല്ലും.
ഇവിടെ നിന്നാണത്രെ ക്രിസ്തുവാം ദൈവസൂനു
വിണ്ടലം തന്നിലേക്കു യാത്ര പോയതും നൂനം.
തെക്കു കിഴക്കായ് കണ്ടു റഷ്യാക്കാരുടെ വക
ഭീമാകാരമായുള്ള പള്ളിയും മാളികയും.
മാളിക മുകളതിൽ ചെന്നപ്പോളവർ കണ്ടു
യോർദ്ദാനും യെറിഹോയും ഗിലയാദ് മലകളും.
സൈത്തെന്ന മലയുടെ തെക്കുകിഴക്കായ് കാണാം
ബെസ്പാഗെ എന്ന ഗ്രാമം ചാരത്തു ബഥാനിയാ.
പൂർവപശ്ചിമഭാഗെ ലാസറിൻ കല്ലറയും
അതിനു ചാരത്തായി അവർ തൻ ഭവനവും.
ഗദ്സിമോൻ തോട്ടത്തിന്റെ തെക്കുഭാഗത്തായ് കാണാം
യഹൂദജനത തൻ ശവകുടീരസ്ഥാനം.
അക്കൽദാമായെന്നുള്ള നാമത്തെ വഹിച്ചീടും
രക്തനിലമാം ഭൂമി ജഗത് പ്രസിദ്ധമല്ലൊ.
കർത്താവിൻ ജനനത്താൽ അവിസ്മരണീയമാം
ബേത്‌ലഹേം പട്ടണത്തിൽ അവർ തൻ സംഘം പോയി.
ജേർസലേം നഗരിക്കു തെക്കായി സ്ഥിതിചെയ്യും
ബേത്‌ലഹേം പട്ടണമൊ ജഗൽ പ്രസിദ്ധമല്ലൊ.
തെക്കുവടക്കായ് മേവും മലമേൽ സ്ഥാപിതമാം
ബേത്‌ലഹേം നഗരമൊ കാണ്മതു മനോരമ്യം.
വിശുദ്ധ സ്ഥലത്തവർ വസിക്കും ദശാന്തരെ
ഭാരതസഭയ്ക്കായും വിശുദ്ധ ജനത്തിനും
അവർ തൻ നന്മയ്ക്കായി അവർ തൻ ക്ഷേമത്തിനായ്
പ്രാർത്ഥന, കുർബാനകൾ എന്നിവ അർപ്പിച്ചവർ.
ബേതലഹേം പട്ടണത്തിൻ വടക്കു കിഴക്കായി
ചെറുതാമൊരു കൂപം പിന്നൊരു കെട്ടിടവും.

കൂപത്തിനടുത്തായി ധരണിക്കുള്ളിലായി
പ്രാചീനമായിടുന്ന ഒരു പള്ളിയുണ്ടത്രെ.
കൂപത്തിനടുത്തായി തെക്കുപടിഞ്ഞാറായി
ദാവീദിൻ പിതൃഗേഹം ഇവിടായിരുന്നത്രെ.
ബേത്‌ലഹേം പട്ടണത്തിൻ തെക്കുകിഴക്കേ കോണിൽ
യവനായ ജനത തൻ വലുതാം പള്ളിയുണ്ട്.
പള്ളി തൻ കിഴക്കായി ചെറുതാമൊരു ഗുഹ
തന്നിലുള്ളിലായി ഒരു ത്രോണോസും കാണാം.
ലോകത്തിൻ രക്ഷയ്ക്കായി കന്യകാസുതൻ ദേവൻ
ജഗന്നിവാസ പുത്രൻ ഇവിടെ ജനിച്ചഹൊ.
തെക്കുപടിഞ്ഞാറായി വേറൊരു ത്രോണോസുണ്ട്
കർത്താവു പള്ളികൊണ്ട പുൽക്കൂടായിരുന്നു താൻ.
ബേത്‌ലഹേം ഗിരിയുടെ ദക്ഷിണഭാഗത്തായി
പെരിയമലയുടെ താഴ്‌വാര ഭാഗം കാണാം.
ദാവീദാം ചെറു ബാലൻ ഗോലിയാത്തിനെ കൊന്ന
രണഭൂമിയാണത്രെ വിജയഭൂമി തന്നെ.
ബേത്‌ലഹേം മലയുടെ പൂർവ്വഭാഗത്തായി കാണാം
പ്രകൃതിസുന്ദരമാം ബത്സാവോർ എന്ന ഗ്രാമം.
ബേത്‌ലഹേം ഗ്രാമമതിൽ ക്രൈസ്തവ വിശ്വാസികൾ
ദൈവകല്പനയാലെ തുഷ്ടിയായ് ജീവിക്കുന്നു.
യവനായ വിശ്വാസികൾ അർമ്മനായക്കാരവർ
ലത്തീനാരാധനക്കാർ എന്നിവരത്രെ അവർ.
തിരുമേനിയും പിന്നെ സഹയാത്രക്കാരായ
ശ്രേഷ്ഠരാം വൈദികരും വളരെ തൃപ്തിയോടെ
ദയറാപള്ളിയിലും ക്യംതാ തൻ പള്ളിയിലും
ഗദസിമോൻ പള്ളിയിലും കുർബാനയണച്ചഹൊ.
ഉയിർപ്പിൻ ദിനമതിൽ അരയിൽ വാളുമേന്തി
കരത്തിൽ തോക്കുമായി തുർക്കി പട്ടാളം നിന്നു
കബറിൻ മുറയിലും ദക്ഷിണാങ്കണത്തിലും
ക്യംതാ തൻ വാതിൽക്കലും നിരയായ് നിന്നാരഹൊ.
പള്ളികൾ പരിസരം അന്തർഭാഗത്തുമെല്ലാം
വിശ്വാസികൾ തൻ സംഘം തുഷ്ടിയാൽ നിലകൊണ്ടു.
പുത്തൻ തീ കണ്ടീടുവാൻ വാഞ്ഛയാൽ, ആനന്ദത്താൽ
ഭക്തസമൂഹം ചെമ്മെ വളരെ സന്തോഷിച്ചു.
പാത്രിയർക്കീസും പിന്നെ മെത്രാന്മാർ, റമ്പാന്മാരും
പട്ടക്കാർ ഇവരെല്ലാം ആർഭാടപൂർവ്വം വന്നു.
സൗകര്യപ്രദമായ മുറിയിൽ ഇരുന്നിട്ടു

കേരളസംഘം ചെമ്മെ കാഴ്ചകൾ കണ്ടു മുദാ
ആർപ്പിൻവിളികളും ഗാനവും സ്തുതികളും
ഹസ്തതാഡനമെല്ലാം സത്വരം നിലച്ചഹൊ.
വൈദികകദംബകം സേന തൻ മദ്ധ്യേ കൂടി
വിശുദ്ധ പ്രദക്ഷിണം നടത്തി ചെമ്മെയായി.
പ്രാർത്ഥന കഴിഞ്ഞപ്പോൾ പാത്രിയർക്കീസിൽ നിന്നു
കത്തുന്ന മെഴുകുതിരി ഏറ്റുവാങ്ങിയാർ മക്കൾ.
പുത്തൻ തീ പ്രാപിച്ചിട്ടു സഭ തൻ തനയന്മാർ
വർണ്ണശബളമാകും പ്രദക്ഷിണം നടത്തി.
പട്ടക്കാർ, മേല്പട്ടക്കാർ പാത്രിയർക്കീസെന്നിവർ
വേഷഭൂഷാദികളാൽ വർണ്ണവിസ്മയം തീർത്തു.
പൊൻ വെള്ളിക്കുരിശുകൾ കാസായും പീലാസായും
അംശവടികൾ പിന്നെ പള്ളിവസ്തുക്കൾ വേറെ.
അത്യന്തം മനോഹരമായിടും പ്രദക്ഷിണം
തീർന്നപ്പോൾ വിശുദ്ധമാം ബലിയും അർപ്പിച്ചഹൊ
അടുത്തദിവസമാം തിങ്കളാഴ്ചയിൽ ബാവാ
ദയറാ പള്ളിയതിൽ ബലിയർപ്പിച്ചു ചെമ്മെ
പന്തളം കരിങ്ങാട്ടിൽ സ്കറിയാ കത്തനാർക്കു
കോറെപ്പിസ്കോപ്പാ സ്ഥാനം നൽകിയാൻ ശ്രേഷ്ഠാചാര്യൻ.

# 4

# മടക്കയാത്ര

വലിയനോമ്പതിലെ മുഖ്യദിനങ്ങളിലെ
ശുശ്രൂഷ അഖിലവും പൂർത്തീകരിച്ച ശേഷം
മലയാളത്തിൻ നാട്ടിൽ മടങ്ങിപ്പോകാനുള്ള
ഒരുക്കം പൂർത്തിയാക്കി അവരും തയ്യാറായി.
യാത്രയ്ക്കുള്ളനുവാദം ചോദിച്ച ദശാന്തരെ
പാത്രിയർക്കീസാംബാവാ കരയാൻ തുടങ്ങിയാൻ.
വന്ദ്യനാം ശ്രേഷ്ഠാചാര്യൻ കേരള ക്രൈസ്തവരെ
എത്രമേൽ സ്നേഹിക്കുന്നു എത്രമേൽ മാനിക്കുന്നു.
കേരള തനയർ തൻ വരവും താമസവും
ജേർസലേം സഭയ്ക്കഹൊ വളരെ തൃപ്തിയായി.
കേരളവാസികൾക്കു അഖിലം ശ്രേഷ്ഠാചാര്യൻ
മാരിപോലനുഗ്രഹം ചൊരിഞ്ഞു സംതൃപ്തനായ്.
മടക്കയാത്രാ നേരം തീവണ്ടി സ്റ്റേഷൻ വരെ
കേരളമക്കൾക്കൊപ്പം ബാവായും യാത്ര ചെയ്തു.
അബ്ദുള്ളാ റമ്പാച്ചനും യാക്കോബു ശെമ്മാശ്ശനും
യോപ്പായിൽ വരെ വന്നു അവരെ യാത്രയാക്കി.
തീവണ്ടി സ്റ്റേഷനിൽ നിൽക്കുന്ന ദശാന്തരെ
പശ്ചിമഭാഗത്തായി കുന്നിന്മേൽ വീടു കണ്ടു.
ദേശവാസികളോട് സംശയം ചോദിച്ചപ്പോൾ
വൃദ്ധനാം ശിമവോന്റെ കബറാണെന്നും ചൊല്ലി.
അവിടെ യവുനായ സഭ തൻ ദയറായും
വിശുദ്ധ കുർബാനയ്ക്കായ് ഒരു ചാപ്പലുമുണ്ട്.
യാത്ര തൻ മദ്ധ്യേ അവർ ഈജിപ്ഷ്യൻ മെത്രാനാകും
മാർ ബസേലിയോസിനെ സാദരം സന്ദർശിച്ചു.
ശിഷ്യരിൽ തലവനാം ശിമവോനുയർപ്പിച്ച
തബീഥായുടെ ഗേഹം ഇവിടെ സ്ഥിതി ചെയ്വൂ.
യോപ്പയിൽ നിന്നുമവർ കപ്പലിൽ പ്രവേശിച്ചു
അധികം വൈകീടാതെ യാത്രയും ആരംഭിച്ചു.
യാത്രയാരംഭിച്ചപ്പോൾ സമുദ്രം കോപിച്ചഹൊ
പർവ്വതം പോലെയുള്ള തിരമാലകൾ കാണാം
കല്ലോലം ശക്തമായി ജലവാഹനത്തിനെ
അമ്മാനമാടീടുവാൻ തുടങ്ങി അന്നേരത്തിൽ
കപ്പൽ തൻ ചലനത്തിൽ പരിഭ്രാന്തരായ് അവർ

പേടിച്ചു വിറയ്ക്കുവാൻ തുടങ്ങി അനുക്ഷണം.
കപ്പലിൻ ചലനത്താൽ യാത്രക്കാരഖിലവും
കപ്പലിൻ തറയിന്മേൽ വീഴുവാനാരംഭിച്ചു.
കപ്പലിൻ ജോലിക്കാരോ കേരളതനയരെ
സത്വരമെഴുന്നേൽക്കാൻ ചെഞ്ചമ്മെ സഹായിച്ചു.
യോപ്പയിൽ നിന്നും ചെമ്മെ യാത്ര പുറപ്പെട്ടവർ
അധികം ക്ഷീണിക്കാതെ പോർട്ടസായിഡിലെത്തി.
അവിടെ അവർ ചെമ്മെ ഈജിപ്ഷ്യൻ പള്ളിയതിൽ
അധികം തുഷ്ടിയോടെ താമസം ആരംഭിച്ചു.
പള്ളികൾ സസന്തോഷം കേരള തനയരെ
വളരെ ഭക്തിപൂർവ്വം സസ്നേഹം സഹായിച്ചു.
ബോംബെയ്ക്കു പോകാനുള്ള കപ്പലു പ്രതീക്ഷിച്ചു
കുറച്ചു ദിവസങ്ങൾ അവിടെ വസിച്ചഹൊ.
ഈജിപ്ഷ്യൻ പള്ളിയതിൽ ഞായറാംദിനം തന്നിൽ
വന്ദ്യനാം താതൻ ചെമ്മെ അർപ്പിച്ചു ദിവ്യബലി.
സിങ്കപ്പൂർ മെയിലെന്ന പ്രസിദ്ധ കപ്പലതിൽ
പിതാവും സമൂഹവും ബോംബെയ്ക്കു പുറപ്പെട്ടു.
ഇടയ്ക്കു തടസ്സങ്ങൾ പ്രശ്നങ്ങൾ, ദുരിതങ്ങൾ
ഇവകൾ സഹിച്ചഹൊ സൂയസിലെത്തി അവർ.
വളരെ ചരക്കുകൾ ഇറക്കാൻ, കയറ്റുവാൻ
ജലവാഹനം ഒരു ദിവസം തങ്ങിയഹൊ.
സൂയസിൽ നിന്നും നേരെ സഞ്ചരിച്ചവർ പിന്നെ
എയിഡനാം തുറമുഖം തന്നിലങ്ങെത്തിച്ചേർന്നു.
അവിടെ അവർ കണ്ടു പാറമേൽ തട്ടിയൊരു
ജലവാഹനം കഷ്ടം തകർന്നു കിടക്കുന്നു.
തകർന്ന കപ്പലിന്റെ അവസ്ഥ കണ്ട നേരം
താതന്റെ മനസ്സിലും വ്യഥയുണ്ടായി നൂനം.
എയിഡനിൽ നിന്നും യാത്ര പുറപ്പെട്ട യാത്രികർ
പിറ്റേന്നു പ്രഭാതത്തിൽ ബോംബെയിലെത്തിച്ചേർന്നു
ബോംബെയിലൊരു വീട്ടിൽ താമസമാക്കിക്കൊണ്ടു
കോട്ടയം യാത്രയ്ക്കായി ഒരുക്കം തുടങ്ങിയവർ.
അന്നത്തെ തീവണ്ടിയിൽ യാത്രയാരംഭിക്കുവാൻ
ഏജന്റു വഴി ശ്രമം ആരംഭിച്ച മാത്രയിൽ
വേറൊരു ദുഃഖവാർത്ത കേൾക്കുവാനിടയായി.
അത്ഭുതം ദുഃഖമിവ മനസ്സിൽ തോന്നീ നൂനം.
വന്ദ്യനാം ജനകനും ഏതാനും പേരും കൂടി
ജനത്തെ ചതിച്ചഹൊ പണവും പിരിച്ചഹൊ

അന്യമാം രാജ്യത്തേക്കു കടന്നു കളഞ്ഞഹൊ.
ഈവിധമൊരു ഹർജി കോടതി സമക്ഷത്തിൽ
കൊടിയ കുബുദ്ധികൾ വൈകാതെ സമർപ്പിച്ചു.
തീർത്ഥയാത്രാ സംഘത്തെ പിടിപ്പാൻ വാറണ്ടുമായ്
ഉന്നത പോലീസ് സംഘം പുറപ്പെട്ടതായി കേട്ടു.
വാർത്ത കേട്ടപ്പോൾ വന്ദ്യ താതനു ദുഃഖമായ്
എങ്കിലും സർവ്വസ്വവും ഈശനിൽ സമർപ്പിച്ചു.
അധികം കഴിയാതെ കേട്ട വാർത്തകളെല്ലാം
തെറ്റിദ്ധാരണയെന്നു വ്യക്തമായ് മനസ്സിലായ്.
ബോംബെയിൽ നിന്നും യാത്ര തിരിച്ചു അഞ്ചാം ദിനം
ഷൊർണൂറാം സ്റ്റേഷനതിൽ സുഖമായെത്തിച്ചേർന്നു.
വടക്കൻപള്ളികളിൽ ഹർഷാരവങ്ങളോടെ
തീർത്ഥയാത്രാ സംഘത്തെ എതിരേറ്റഹൊ മുദാ.
പഴഞ്ഞി, കുന്നംകുളം ചാവക്കാടതും പിന്നെ
ചക്കരക്കടവതും വടക്കൻപറവൂരും
അവിടെനിന്നു കൊച്ചി മുളന്തുരുത്തി പിന്നെ
കണ്ടനാടും കഴിഞ്ഞു കോട്ടയത്തെത്തിച്ചേർന്നു.
അവിടെനിന്നും യാത്ര തിരിച്ചു നിരണത്തും
പിന്നീട് ആസ്ഥാനമാം പരുമലയിലെത്തി.

## IV

### അന്ത്യകാണ്ഡം

# 1. തിരുമൊഴികൾ

മലങ്കരയുടെ പ്രഥമ വിശുദ്ധൻ
പരുമല വാഴും തിരുമേനി തന്റെ
പ്രസംഗവേളയിൽ സംസാരവേളയിൽ
പറഞ്ഞതാം തിരുമൊഴികൾ കേൾക്കുവിൻ.
“പകലിലും പിന്നെ രജനി തന്നിലും
കളങ്കമില്ലാത്ത ഭയഭക്തിയോടെ
വളരെ ഉച്ചത്തിൽ ജഗന്നിവാസനിൽ
ശരണം പ്രാപിക്ക, നമസ്കരിക്കുക.
ജഗന്നിയന്താവിൽ അണയ്ക്കും പ്രാർത്ഥന
സുതരാം നമ്മൾ തൻ മനമതിലുള്ള
തമസു നീങ്ങാനും തളർച്ച തീരാനും
പരമമാം രക്ഷ ലഭിച്ചീടുവാനും
വളരെ ഉത്തമം വളരെ ശ്രേഷ്ഠവും.
അതിവിശുദ്ധമാം വഴിയത്രേയിതു
ഭജിക്കുവിൻ നിങ്ങൾ പരംപുരുഷനെ
നമസ്ക്കാരത്തോടെ വിശ്വാസത്തോടെയും.
പ്രപഞ്ച സ്രഷ്ടാവിന്നണയ്ക്കും പ്രാർത്ഥന
ധരിത്രിയെ പലവിധത്തിലും ചെമ്മെ.
ചിരന്തനൻ തന്റെ തിരുപ്പാദങ്ങളെ
ബലമായ് ബന്ധിക്കും കനകച്ചങ്ങല
ജഗത്തിൻ നാഥനെ അറിഞ്ഞിടും പിന്നെ
കരങ്ങൾ മെല്ലവെ ഉയർത്തിക്കൊണ്ടഹൊ.
തനിക്കും തന്നുടെ പ്രിയജനങ്ങൾക്കും
ഒരു മനസ്സോടെ അർത്ഥിക്കുന്നില്ലെങ്കിൽ
വകതിരിവൊട്ടും അറിഞ്ഞുകൂടാത്ത
വനാന്തരങ്ങളിൽ സ്വതന്ത്രമായ് വാഴും
വിവേകമില്ലാത്ത മൃഗങ്ങളെക്കാളും
മനുഷ്യനെന്തഹൊ മഹത്വം ഭൂമിയിൽ?
നമസ്കാരമതു ശിശുപ്രായത്തിലെ
കളങ്കമില്ലാത്ത ഉത്സാഹം തന്നെയാം
യുവത്വത്തിലുള്ള അഭയസ്ഥാനവും
വാർദ്ധക്യകാലത്തെ സമാധാനവുമാം.

ജനമനമതിൽ സന്മാർഗ്ഗ ബോധവും
പരസ്പരാദരം, വിശ്വാസം ഭക്തിയും
വളർത്തീടുവാനും ഉയർത്തിടുവാനും
കലാലയം നൂനം പരിശ്രമിക്കണം.
മഹത്വമാർന്നതാ ഗുണങ്ങളെ നൂനം
വളർത്തുവാൻ ചെമ്മെ ഉതകും പ്രാർത്ഥന
ദിവസവും ചെമ്മെ അഭയയാചന
നടത്തുന്ന നരൻ ഒരിക്കലും നൂനം
അസത്യം, ദുർമ്മാർഗ്ഗം, വിശ്വാസരാഹിത്യം
വിഭക്തിയൊ പിന്നെ ജനദ്രോഹങ്ങളൊ
സമൂഹത്തിൽ ദോഷം വരുത്തിവയ്ക്കുന്ന
ഒരു പ്രവൃത്തിയും അവൻ ചെയ്യില്ലഹൊ.
മനം നിറഞ്ഞുള്ള അഭയ യാചന
ജഗത്തിൻ നായകൻ ശ്രവിച്ചീടും നൂനം
ജഗന്നിവാസനൻ അനുഗ്രഹിച്ചഹൊ
അഭിലാഷങ്ങളെ സഫലമാക്കീടും.
ഇടവകയ്ക്കഹൊ കൊടുത്തിടുന്നതു
കളങ്കമില്ലാത്ത മനസ്സോടെയെങ്കിൽ
തവഭവനത്തിൽ അഖിലകാര്യവും
അവിതർക്കമതു വിശുദ്ധമായിടും.
പണമിടപാടിൽ ഒരു ചെറു ലാഭം
കരസ്ഥമാക്കിയാൽ അഹം ചൊന്നീടുന്നു
ചെറിയലാഭത്തിൽ പതിന്മടങ്ങഹൊ
നിനക്കു ചേതമായ് ഭവിച്ചീടും നൂനം.
അതിനാൽ ചൊല്ലുന്നു മമ തനയരെ
വിശുദ്ധ വിശ്വാസം പരിരക്ഷിക്കുക.
സഹോദരങ്ങളെ പ്രണയിച്ചീടുക
അയൽജനങ്ങളെ പ്രസാദിപ്പിക്കുക.
ചെറിയ ലാഭമൊ, മിഥ്യാഭിമാനമൊ
പ്രതീക്ഷിച്ചു സ്നേഹം വെടിയൊല്ല നിങ്ങൾ
വിശുദ്ധ സ്നേഹത്തെ വെടിഞ്ഞിടുന്നതു
പരിഹാസ്യമത്രെ, വിഫലവുമത്രെ.
ചെറിയ ലാഭവും അഭിമാനമതും
പ്രതീക്ഷിച്ചു സ്നേഹം വെടിയുന്നു എങ്കിൽ
മമ തനയരെ, ഉറപ്പു ചൊല്ലുന്നു
അവസാനം നിങ്ങൾ വ്യസനിച്ചീടുമെ.
സമാധാനത്തിനായ് പ്രവർത്തിക്കുന്നവർ

തുലോം പരിമിതം വളരെ തുച്ഛമാം
കലഹം സൃഷ്ടിക്കും നരാധമന്മാരൊ
അവരുടെ എണ്ണം വളരെയേറെയാം.
ഒടുക്ക കാലത്തിൽ അനുഭവിക്കുന്ന
ദുരവസ്ഥയെന്നു അഹം കരുതുന്നു.
ധരണി തന്നിൽ നാം പ്രവർത്തിപ്പതെല്ലാം
ജഗന്നിവാസനു മഹത്വമേകട്ടെ.
അതുപ്രകാരമായ് പ്രവർത്തിച്ചീടുകിൽ
പരംപുരുഷന്റെ ദയ ലഭിച്ചീടും.
ജയിക്കാനും പിന്നെ പരാജയത്തിനെ
മനസോടേൽക്കാനും പഠിച്ചീടണമെ.
പിണങ്ങി മേവീടും സഹോദരങ്ങളെ
അരികത്താക്കുവാൻ ശ്രമിച്ചീടേണമെ
ജഗന്നിവാസൻ സകല കാലത്തും
അവശന്മാർക്കൊപ്പം നിലകൊണ്ടീടുന്നു.
സകലകാലത്തും ജഗന്നിവാസനെ
സ്മരിച്ചുകൊണ്ടു നീ പ്രവർത്തിച്ചീടുക.
തനയരെ നിങ്ങൾ അതുപ്രകാരത്തിൽ
പ്രവർത്തിച്ചീടുകിൽ ശുഭം ശുഭം തന്നെ.
പുരോഹിതന്മാരെ ബഹുമാനിക്കുക
മനസിൽ വാക്കിലും പ്രവൃത്തി തന്നിലും
പുരോഹിതന്മാരെ പരിഹസിക്കൊല്ല
അവരെ നിന്ദിക്കാൻ ശ്രമിച്ചിടൊല്ല നീ.
അവർക്കു ചെയ്യേണ്ട മുറ ചെയ്തീടുക
അവരുമായ് നിങ്ങൾ കലഹിച്ചിടൊല്ല
പലിശയ്ക്കായ് നിങ്ങൾ കലഹിച്ചിടൊല്ല
അവർക്കു ദുഃഖം നീ പകർന്നീടൊല്ല ഹൊ.
അതുപ്രകാരം നീ മുതിർന്നവരോടും
തികഞ്ഞ ഭക്തിയിൽ പെരുമാറീടുക.
മിടുക്കനാകുവാൻ ശ്രമിച്ചീടൊല്ല നീ
തികഞ്ഞ ഭോഷനായ് ഭവിച്ചീടൊല്ല നീ
തവയാത്മാവേക്കാൾ ശരീരത്തെയും നീ
ജഗദീശനെക്കാൾ മനുഷ്യനെയും
അധികം സ്നേഹിക്കാൻ ശ്രമിച്ചീടൊല്ല നീ
ശ്രമിച്ചീടുമ്പോൾ നീ നരകയോഗ്യനാം.
ബലമറിഞ്ഞു നീ നടക്കുക വേണം
മനീഷ നീ നൂനം പഠിച്ചിടേണമെ.

സ്വയം ബുദ്ധിമാനായ് നടിച്ചിടൊല്ല നീ
മറന്നിടൊല്ല നീ സമൂഹത്തെ നൂനം.
നരസമൂഹത്തെ സ്മരിച്ചീടേണമെ
ഭയപ്പെട്ടീടണം ജഗന്നിവാസനെ
ഭയപ്പെട്ടീടൊല്ല നരക നാഥനെ
രിപുവിനെ നൂനം പ്രണയിച്ചീടണം.
പിണക്കിടൊലല്ല നീ നിണബന്ധുക്കളെ
നടന്നീടുക നീ ദൈവാനുവാദത്താൽ
പിതാവിനോടും നീ ഉണർത്തിച്ചീടുക
പിതാവു കൈവിട്ടാൽ അവിതർക്കം സുതാ
പ്രപഞ്ചനാഥനും ഉപേക്ഷിക്കും നിന്നെ.
ഗണിച്ചിടൊല്ല നീ പരരിൽ ശ്രേഷ്ഠനായ്
ദരിദ്രരെപ്പോലും ബഹുമാനിക്കുക
കടം വാങ്ങീടുവാൻ മനസുവെയ്ക്കൊല്ല
കടം വാങ്ങീടുകിൽ ഉറങ്ങിടാതെ നീ
കടം വീട്ടും വരെ മനസു നൊന്തു നീ
അപേക്ഷിച്ചീടുക പരിഹാരത്തിനായ്.
ജഗന്നിവാസനെ ഭയപ്പെടാത്തോരെ
സുഹൃത്തുക്കളാക്കാൻ ശ്രമിച്ചീടൊല്ല നീ.
നമസ്ക്കാരത്തിനായ് ഉപവാസത്തിനായ്
സസന്തോഷം നിങ്ങൾ പരിശ്രമിക്കുക.
ക്ഷമയെന്ന ഗുണം ബലവത്താകുന്നു
ഇഹത്തിലും പിന്നെ പരത്തിലും മാനം.
ഇവയൊക്കെത്തന്നെ നീതിജ്ഞരായിടും
നരകദംബത്തിൽ വിളങ്ങും ലക്ഷണം.
സകലത്തിലും നൽ മിശിഹാ തൻ പാത
സ്വഭാവത്തിൽ തന്നെ ചരിക്ക മുമ്പോട്ട്
അതുതന്നെ രാവും പകൽ മുഴുവനും
തനയരെ ചെമ്മെ പഠിപ്പിച്ചീടുക.
അതിൻഫലമായി സമാധാനത്തിന്റെ
പുരുഷന്മാർക്കുള്ള ഫലം ലഭിച്ചിടും.
വലിയവനാരു, ചെറിയവനാരു
ചെറിയവനാരു വലിയവനാരു.
ഉലകത്തിലുള്ള നരകദംബകം
ഇവയെല്ലാം ചെമ്മെ അറിഞ്ഞിടേണമേ.
നിഗളമായ് നിങ്ങൾ വിചാരിച്ചീടൊല്ല
ദയാസിന്ധുവാകും ജഗന്നിവാസനൻ

വരുന്നിടുമെല്ലാ അനർത്ഥത്തിൽ നിന്നും
കരുണയോടവൻ പരിപാലിക്കട്ടെ
ധരണിയിലുള്ള സകലത്തിലും നീ
ജഗന്നിവാസനിൽ പ്രതീക്ഷയർപ്പിക്ക
കരുണതൻ സിന്ധു ധരണിപാലകൻ
അനുഗ്രഹമാരി ചൊരിയട്ടെ നിന്നിൽ
കരുണ വല്ലഭൻ കരുണ തോന്നീട്ടു
തരുന്നിടുന്നെങ്കിൽ യഥാർത്ഥ തൃപ്തിയാം
നരനെത്രമാത്രം തരുന്നുവെങ്കിലും
ലവലേശം തൃപ്തി ലഭിക്കില്ല നൂനം.
ദുഷിച്ചവാശിയും കലഹാദികളും
ദുരഭിമാനവും അഹംഭാവമതും
സഭാസംബന്ധമാം വിഷയാദികളിൽ
ഒരിക്കലും നിങ്ങൾ വിചാരിച്ചീടൊല്ല.
അവനവൻ തന്റെ വിനയഭാവത്തിൽ
പ്രപഞ്ച സ്രഷ്ടാവിൽ അഭയം തേടിയും
ബഹുജനങ്ങളെ രമിപ്പിച്ചും ചെമ്മെ
ചരിപ്പവൻ നൂനം പരമ ഭാഗ്യവാൻ.
പെരിയസമ്പത്താൽ നിറഞ്ഞ മാനവൻ
ദരിദ്രനെപ്പോലെ പരിശ്രമിക്കണം
പ്രവൃത്തിചെയ്യാത്ത നരന്മാർക്കു നൂനം
പിടിച്ചീടും പിത്തം ധരിക്ക നന്ദന
അഹവും നിങ്ങളും സകല  കാലത്തും
നരകുലത്തിനു ദൃഷ്ടാന്തമാകണം.
അയൽഭവനത്തിൽ വസിച്ചീടുന്നോർക്കും
അവശന്മാർക്കും നീ അഭയമാകണം.
നിസാരമായിടും വിഷയത്തിൽ നിങ്ങൾ
പിടിവാശിക്കാരായ് പെരുമാറിക്കൊണ്ടു
പ്രപഞ്ചനാഥന്റെ വെറുപ്പതും പിന്നെ
നരന്റെ വിദ്വേഷം അതും നേടീടൊല്ല.
പ്രപഞ്ചസ്രഷ്ടാവെ സ്മരിച്ചീടുന്നെങ്കിൽ
വ്യസനിപ്പാൻ ഇടവരുകില്ല നൂനം.
ദുഷിച്ച പാതയിൽ ചരിക്കുകിൽ നിങ്ങൾ
വിനാശത്തിൻ വാതിൽ തുറക്കപ്പെട്ടിടും.
കൃഷിപ്പിഴ കണ്ടു അധീരരാകൊല്ല
പ്രപഞ്ചനാഥന്റെ വിധിയായ് ചിന്തിച്ചു
സ്വയമായ് ചെയ്തതാം വലിയപാപത്തിൻ

ഫലമെന്നെണ്ണി നീ അനുതപിക്കുക.
പരംപുരുഷനിൽ അഭയം പ്രാപിച്ചു
തകർന്ന ഹൃത്തോടെ നമസ്കരിക്കുക
മടിയനാണെങ്കിൽ പഠനമില്ലഹൊ
പിതാവാംദൈവത്തെ ഭയപ്പെട്ടീടുക.
വിനയഭാവത്തെ വിലപിടിപ്പുള്ള
വിജയഹാരമായ് ധരിച്ചുകൊള്ളുക.
തനയൻ നിങ്ങളോടപേക്ഷിക്കുന്നഹം
പൊളിവചനങ്ങൾ ഉപേക്ഷിച്ചീടുക.
സ്വയം വിനാശവും കുടുംബനാശവും
അഭിമാനഹാനി ഇവയ്ക്കു കാരണം
അതിനാൽ നന്ദനകദംബമെ നിങ്ങൾ
പൊളിവചനങ്ങൾ ഉപേക്ഷിച്ചീടുക.
പ്രപഞ്ചനാഥനെ ബഹുമാനിപ്പതു
പ്രഥമ ലക്ഷ്യമായ് കരുതുവിൻ നിങ്ങൾ.
മനസാവാചക പ്രവൃത്തിമൂലമായ്
ഒരുവനും ദുഃഖം പകർന്നീടൊല്ല നീ
കഴിയുന്നവിധം ഗുണം ചെയ്തീടുക
അതുമാത്രം തന്നെ ക്ഷിതിയിൽ സമ്പാദ്യം.
ഒരിക്കലും ദോഷം പ്രവർത്തിച്ചീടൊല്ല
നിനക്കും നിന്നുടെ തനയർക്കും പിന്നെ
ഭവനവാസികൾ അവർക്കെല്ലാമഹൊ
പെരിയദോഷമായ് ഭവിച്ചീടും നൃൂനം.
നൊയമ്പു പ്രാർത്ഥന ദാനധർമ്മാദികൾ
ഇവകളിൽ നിങ്ങൾ മുഴുകി വർത്തിക്ക.
ഭയഭക്തി പിന്നെ തികഞ്ഞ വിശ്വാസം
ഇവയോടു കൂടി പ്രവർത്തിച്ചീടുക.
സകലത്തിൽ പിന്നെ സകലവൃത്തിയിൽ
മനുഷ്യനന്മ നീ കണക്കാക്കീടുക.
തവ തനയർക്കും ഇതേ ഉപദേശം
കൊടുത്തു നീ ചെമ്മെ പഠിപ്പിച്ചീടുക.
സദാസമയം നീ തിരുവചനങ്ങൾ
വളരെ സൂക്ഷ്മമായി പഠിക്കയും ചെയ്ക.
തവ പ്രവൃത്തിയാൽ പിതാക്കൾ ഞങ്ങൾക്കു
പിതാവാംദൈവത്തിൻ തിരുസന്നിധിയിൽ
ജഗന്മയരായ മനുഷ്യർ മുമ്പിലും
യശസാദരങ്ങൾ വളരെ വർദ്ധിപ്പാൻ

തനയരാം നിങ്ങൾ ഋജുവാം പാതയിൽ
സദാസമയവും ചരിച്ചിടുവാനും
പിതാക്കന്മാരുടെ വചനം പോലവെ
നടന്നിടുവാനും മനസു തോന്നണം.
മരണമേവനും പടിവാതിൽക്കലാം
പരമാർത്ഥം നിങ്ങൾ സ്മരിച്ചിടേണമെ.
കുടുംബത്തിലുള്ള വയോവൃദ്ധന്മാരെ
പരിപോഷിപ്പിക്ക, സന്തുഷ്ടരാക്കുക.
ഇവയെല്ലാം തന്നെ ധരണി തന്നിലായ്
സ്വരൂപിച്ചീടുന്ന വലിയ സമ്പത്താം
തനയന്മാർക്കഹൊ വിദ്യ കൊടുക്കുകിൽ
അതുമാത്രം മതി ധരയെ വെല്ലുവാൻ
പരർക്കു സങ്കടം വരുത്തിവയ്ക്കൊല്ല
അവർ തന്നാതങ്കം അറിയുന്നു ദൈവം.

## 2

# യാത്രാനന്തരം

നിത്യവന്ദ്യനായീടുന്ന പരുമലത്തിരുമേനി
ജെറുസലേം യാത്ര തീർത്തു തിരിച്ചെത്തിയാൻ
പരുമലപ്പള്ളി തന്നിൽ ജനകനെത്തിയനേരം
വലിയൊരു പുരുഷാരം തിങ്ങിക്കൂടിയാൻ.
അവരെക്കണ്ടപ്പോൾ താതൻ വളരെ സന്തോഷവാനായ്
ഇപ്രകാരം അവരോടായ് ഉപദേശിച്ചു.
നമുക്കെല്ലാമേറ്റം പുണ്യസ്ഥലമാകും ജെറുസലേം
നഗരി സന്ദർശിച്ചിതാ എത്തിയാർ ചെമ്മെ.
യാത്രകളിലുടനീളം ദൈവത്തിന്റെ കരങ്ങളാൽ
സംരക്ഷിക്കപ്പെട്ടു ഞങ്ങൾ സ്തുതി കരേറ്റാം.
ഇനിയുമെൻ ജീവനുള്ള കാലം വരെ ദൈവത്തിന്റെ
കല്പന നടത്തീടുവാൻ ദൈവകല്പന.
ദൈവത്തിന്റെ കല്പനകൾ അക്ഷര പ്രകാശമഹം
അനുസരിച്ചീടാനിതാ ഒരുക്കമല്ലൊ.
നയനത്തിനെല്ലായ്പ്പോഴും ശ്രവണത്തിനെക്കാളേറെ
ഗ്രഹണശക്തിയുണ്ടെന്നു സർവ്വസമ്മതം.
ശ്രവിച്ചിട്ടു വിശ്വസിക്കുന്നതിനേക്കാൾ കാമ്യമല്ലൊ
നയനത്താൽ അഖിലവും കണ്ടിടുന്നതു.
രക്ഷകനാം ക്രിസ്തുവിന്റെ കഷ്ടതകളഖിലവും
മരണത്തെപ്പറ്റിയെല്ലാം വായിച്ചറിഞ്ഞു
സംഭവങ്ങൾ നടന്നതാം സ്ഥലമെല്ലാം കണ്ടിടുമ്പോൾ
മിശിഹാ തൻ കഷ്ടപ്പാടു നേരിൽ കാണുന്നു
അവിടുത്തെ പുണ്യസ്ഥലം സന്ദർശിച്ച ദശാന്തരെ
മനസിലെ കുറ്റബോധം ഉയർന്നുവന്നു.
ജീവിതത്തിൽ ഒരിക്കലും അനുഭവിച്ചിട്ടില്ലാത്ത
അനുതാപം ഭക്തിയിവ മനസിൽ തോന്നി.
മരണം വരിക്കും വരെ അവിടെത്തന്നെ വസിക്കാൻ
ജനകന്റെ മനസിലും ആഗ്രഹം തോന്നി.
ആത്മാവിന്റെ സത്യത്തിന്റെ പൂർണ്ണത പ്രാപിച്ചിടുവാൻ
ജെറുസലേം സന്ദർശനം ഉചിതമല്ലൊ.
ജഗത്തിൽ രക്ഷകനാകും ക്രിസ്തുവിന്റെ ഭക്തസംഘം
ധരണിതൻ ക്ഷേമത്തിനായ് പ്രവർത്തിക്കേണം.

നമ്മുടെ ഭാരതഭുവിൽ അജ്ഞാനികൾ ജനസംഘം
ദരിദ്രരായ്, ദുഃഖിതരായ് മരുവിടുന്നു.
അധഃസ്ഥിത ജാതിക്കാരായ് മരുവീടും പുലയരെ
മനുഷ്യരായ് ജീവിക്കുവാൻ തുണച്ചിടേണം.
രാജപാത തന്നിൽ ചെമ്മെ സഞ്ചരിക്കാൻ കഴിയാത്ത
പാവങ്ങളാം പുലയരെ സംരക്ഷിക്കണം.
അവർക്കഹൊ സത്യമായ ദൈവവിശ്വാസം ഉണ്ടാവാൻ
അവർ തന്റെ കഷ്ടപ്പാടു പരിഹരിക്കാൻ
സോദരകദംബകമെ അവരെ രക്ഷിച്ചിടുവാൻ
അവരെ പരിപാലിക്കാൻ അണിചേരുക.
ഇവരെയും ക്രിസ്തുവിന്റെ സഭയിൽ ചേർത്തിട്ടഹൊ
അവർക്കായി ദേവാലയം പണിതീടണം.
ഇവരുടെ ദുരവസ്ഥ പൂർണ്ണമായി തീർന്നിടുമ്പോൾ
ഇവരെയും നമ്മളുടെ പള്ളിയിൽ ചേർക്കാം.
ഇവർക്കായി താൽക്കാലിക പള്ളിക്കൂടം പണിയേണം
ഇവരെയും സമൂഹത്തിൽ വളർത്തിടേണം.
ഇവർക്കായി നമ്മൾ ചെയ്യും നന്മപ്രവൃത്തികളെല്ലാം
ഇനിയുമധികമായി ചെയ്യുക വേണം.
കേരളത്തിൻ ഗ്രാമങ്ങളിൽ ആംഗലേയ വിദ്യാലയം
സ്ഥാപിക്കുവാൻ സഭാമക്കൾ ഒരുങ്ങിടേണം.
സുവിശേഷ പ്രചാരണം വിദ്യാലയം വഴിയായി
നടത്തുവാൻ കഴിഞ്ഞിടും ശ്രവിപ്പിൻ നിങ്ങൾ.
ദൈവവേലക്കാരായിടും മഹത്തുക്കൾ രചിച്ചതാം
പുസ്തകങ്ങൾ പഠിക്കുമ്പോൾ മാറ്റമുണ്ടാകും.
ഇവരുടെ പുസ്തകങ്ങൾ മതത്തിൻ വിശ്വാസങ്ങൾക്കും
സന്മാർഗ്ഗ നിയമങ്ങൾക്കും വിരുദ്ധമെങ്കിൽ
സത്വരമായ് അവയുടെ പഠനങ്ങളെല്ലാം നിർത്താൻ
സോദരരെ നിങ്ങളൊട്ടും താമസിക്കൊല്ല.
ആകയാലീ ആംഗലേയ വിദ്യാലയം തുടങ്ങുവാൻ
ഇനിയൊട്ടും വൈകിക്കൂടാ സമാരംഭിക്കാം.
മാനവരാശിക്കു മദ്ധ്യേ സത്യം, സന്മാർഗ്ഗം, വിശ്വാസം
ഭക്തിയും ബഹുമാനവും വളർത്തീടുവാൻ
വിദ്യാലയം തന്നിലായി ലഭിച്ചിടും വിദ്യാഭ്യാസവും
നിർണ്ണയമായ് സഹായിക്കും സംശയമില്ലേ.
നിത്യവും ആരാധനകൾ നടത്തീടും വിശ്വാസികൾ
ദുർമാർഗ്ഗികൾ അവിശ്വാസി ആകില്ല നൂനം.
പ്രാർത്ഥന എന്നതൊ നൂനം ശൈശവത്തിലെ ഉത്സാഹം

യൗവനത്തിലെ ആശ്രയം വാർദ്ധക്യശാന്തി.
ഹൃദയം നിറഞ്ഞുള്ളതാം ഭക്തിയുള്ള പ്രാർത്ഥനകൾ
ദൈവം സ്വീകരിച്ചു കൃപ ചൊരിഞ്ഞീടുന്നു.
സമസൃഷ്ടങ്ങളെ ചെമ്മെ സ്നേഹിച്ചിടും ഭൂമിസ്പൃക്ക്
നിർണ്ണയമായ് അവനല്ലോ യഥാർത്ഥ ഭക്തൻ.
ദൈവത്തിന്റെ സൃഷ്ടികളെ അഖിലം സ്നേഹിച്ചിടുവാൻ
ദൈവസൃഷ്ടികളാം നമ്മൾ ഒരുങ്ങീടേണം.
സ്വപ്നമതിൽപ്പോലും ചെമ്മെ ചിന്തിച്ചീടാൻ കഴിയാത്ത
അർത്ഥനകൾ പ്രാർത്ഥനയിൽ കഴിഞ്ഞിടുമെ.
സ്രഷ്ടാവാകും ദൈവത്തിനെ വേണ്ടുംപോലെ അറിഞ്ഞിട്ടും
ബന്ധുക്കളെ സ്നേഹിതരെ വിസ്മരിക്കുകിൽ
ഭാവിയെന്തെന്നറിയാത്ത ബുദ്ധിഹീനങ്ങളാകിയ
ജന്തുക്കളേക്കാളും ശ്രേഷ്ഠൻ ആവതെങ്ങിനെ?
ഈശനോടുള്ള അർത്ഥനകൾ ധരണിയെ അഖിലവും
തൃപ്പാദത്തോടടുപ്പിക്കും പൊന്നിൻ ചങ്ങല.
രജനിയിലും പകലിലും ഭയഭക്തിയോടു കൂടി
ഉച്ചനാദത്തിലായ് നിങ്ങൾ പ്രാർത്ഥിച്ചീടുവിൻ
ഈവിധമാം പ്രാർത്ഥനകൾ നമ്മിലുള്ള അന്ധകാരം
തളർച്ചയും നീങ്ങീടുവാൻ പര്യാപ്തമത്രെ.
ഉദ്ദിഷ്ടമാം കാര്യങ്ങൾ തൻ സാധ്യതയ്ക്കും പരമമാം
രക്ഷ, മോക്ഷം ലഭിപ്പാനും ഉത്തമമത്രെ.
സ്രഷ്ടാവിങ്കൽ വിശ്വാസിപ്പിൻ പ്രാർത്ഥനയാൽ ഭജിക്കുവിൻ
പ്രപഞ്ചനാഥൻ നിങ്ങളിൽ പ്രസാദിച്ചിടും.
പിതാവാകും ദൈവത്തിന്റെ നിഷ്കളങ്ക സ്നേഹമതും
പുത്രനാകും തമ്പുരാന്റെ കൃപശാന്തിയും
പാവനനാം ആത്മാവിന്റെ പ്രസാദം രക്ഷയെന്നിവ
സോദരങ്ങളെ നിങ്ങളിൽ ഭവിച്ചിടട്ടെ.
ദൈവത്തെ ഭയപ്പെടുക സാത്താനെ നീ പേടിക്കൊല്ല
ശത്രുക്കളെപ്പോലും നിങ്ങൾ സ്നേഹിച്ചീടേണം
ബന്ധുക്കളെ, മിത്രങ്ങളെ ശത്രുക്കളായ് ചമയ്ക്കൊല്ല
ദൈവത്തെ അനുസ്മരിച്ചു പ്രവർത്തിക്കുക.
അഖിലമാം കാര്യങ്ങളും താതനോടു ചോദിക്കുക
താതൻ കൈവിട്ടാൽ നിങ്ങളെ ഈശൻ തള്ളിടും.
പ്രപഞ്ച സ്രഷ്ടാവാം ദൈവം സാധുക്കൾ തൻ പക്ഷത്തല്ലൊ
ദൈവത്തെ സ്മരിച്ചിടുകിൽ ശുഭമായ്ത്തീരും.
ആത്മാവതിനേക്കാൾ നിങ്ങൾ മേനിയെ സ്നേഹിച്ചീടൊല്ല
ദൈവത്തേക്കാൾ ദ്രവ്യത്തെ നീ കരുതീടല്ല.

ദൈവഭയമില്ലാത്തോരെ സ്നേഹിതരായ് കരുതൊല്ല
പ്രാർത്ഥനയിൽ തല്പരരായ് മരുവീടുക
സകല കാര്യങ്ങളിലും സത്യ ക്രിസ്ത്യാനികളാക.
നന്ദനരെ നിങ്ങൾ ചെമ്മെ പഠിപ്പിക്കുക
എങ്കിൽ നിങ്ങൾ ശാന്തിയുടെ മാനവർക്കായൊരുക്കിയ
അവസാനം നേടാനായ് കൃപ ലഭിക്കും.
സത്യം ഉള്ളതിനാൽ നിങ്ങൾ കർത്താവിങ്കൽ വിശ്വസിക്ക
സകല കാര്യങ്ങളിലും സത്യം ചിന്തിക്ക.
എല്ലായ്പ്പോഴും സത്യത്തിന്റെ തണലിൽ പാർക്കുക നിങ്ങൾ
ആ വഴിയിൽ കുടുംബത്തെ നടത്തിക്കൊൾക.
സകലയാപത്തിൽ നിന്നും രക്ഷിക്കുന്ന രക്ഷകനെ
സർവ്വയാമങ്ങളിലും നീ അനുസ്മരിക്കുക.
ദൈവത്തിന്റെ വെറുപ്പതും ജനത്തിന്റെ വെറുപ്പതും
ധരയിൽ സമ്പാദിപ്പാനായ് തുനിഞ്ഞിടൊല്ല
നമ്മൾ ചെയ്യും സർവ്വമതും ദൈവത്തിനായ് ചെയ്തിടുക
എങ്കിൽ ദൈവം കൃപാവരം ചൊരിയും നൂനം.
ജ്ഞാനത്തോടെ പരരുടെ തെറ്റുകൾ നീ ക്ഷമിക്കുക
തിന്മയ്ക്കു പകരമായി നന്മ ചിന്തിക്ക.
സർവ്വനേരം തനയരെ ദൈവത്തോടു പ്രാർത്ഥിക്കുക
അഹംഭാവം ഉടൻതന്നെ ഉപേക്ഷിക്കുക.
സകലത്തിലും മുമ്പായി സ്മരിക്കുക ദൈവഭയം
നിങ്ങളാർക്കും വ്യസനത്തെ കൊടുത്തുകൂടാ.
സമസൃഷ്ടങ്ങൾക്കു നിങ്ങൾ സഹായങ്ങൾ നൽകിടുക
അവസാനം അതു മാത്രം സമ്പാദ്യമല്ലൊ.
സോദരങ്ങൾക്കെതിരായി ദോഷമൊന്നും ചെയ്തിടൊല്ല
അതു നിന്റെ സന്തതിക്കും ദോഷം ചെയ്തിടും.
നൊയ്മ്പിൽ നമസ്കാരത്തിൽ ദാനധർമ്മാദികളിലും
ജാഗ്രത പുലർത്തീടുവീൻ സോദരങ്ങളെ
നൊയ്മ്പു നമസ്ക്കാരവും ദാനധർമ്മാദികളെല്ലാം
ഭക്തി, വിശ്വാസങ്ങളോടെ അനുവർത്തിക്ക
സകല വ്യസനങ്ങളും ദൈവത്തിങ്കൽ സമർപ്പിക്ക
ദൈവത്തിനുള്ളവരായി ജീവിച്ചീടുക
ദൈവത്തിനായ് മരിക്കയും മരണനാഴിക വരെ
ദൈവഭയത്തോടുകൂടി ജീവിച്ചീടുക.
പ്രപഞ്ച സ്രഷ്ടാവിന്നുടെ ഇഷ്ടദാസന്മാരാകുവാൻ
തനയരെ നിങ്ങളേറ്റം ഉത്സാഹിക്കുക.
ദൈവഭയത്തെ നിങ്ങളും മുറുകെപ്പിടിച്ചിടുവിൻ

വിനയത്തെ ഹാരമായി ധരിച്ചിടുക.
ദൈവത്തെ നീ സ്മരിക്കുകിൽ വ്യസനിപ്പാനിടയില്ല
ദുർനടപ്പു നാശത്തിനു വഴി തുറക്കും.
പന്നികളെപ്പോലെ നിങ്ങൾ ആയിടല്ലെ തനയരെ
ദൈവത്തെ വിളിച്ചിടുകിൽ ഉപേക്ഷിക്കില്ല.
ദൈവത്തിന്റെ ശിക്ഷയെല്ലാം നമ്മുടെ കുറ്റത്താലെന്ന്
സമ്മതിച്ചു സന്തോഷിച്ചു മാപ്പിരക്കുക.
നിഗളമായി യാതൊന്നിലും വിചാരിച്ചു പോയിടൊല്ല
രക്ഷിക്കട്ടെ ദൈവം നിന്നെ ആപത്തിൽ നിന്നും.
പള്ളിക്കു കൊടുപ്പാനുള്ളതെല്ലാം വേഗം കൊടുക്കേണം
മനസു ശുദ്ധമാണെങ്കിൽ ഭവനം ശുഭം.
പള്ളിയെ കബളിപ്പിച്ചും പണം സമ്പാദിച്ചീടുകിൽ
അതിന്റെ പത്തിരട്ടിയും നഷ്ടമായിടും.
അതിനാൽ നിങ്ങളേവരും ദൈവാശ്രയത്തിലും പിന്നെ
സഹോദര സ്നേഹത്തിലും അയൽവാസി തൻ
സുഖത്തിൽ സംപ്രീതിയിൽ തൻ സംതൃപ്തിയിൽ വിശ്വാസത്തിൽ
തല്പരനായ് ധരണിയിൽ വാഴുക നിങ്ങൾ.
പള്ളിയിൽ കൊടുപ്പാനുള്ള നാഴി നെല്ലു പോലും നിങ്ങൾ
കുടിശ്ശിക വരുത്തല്ലെ സോദരന്മാരെ
പള്ളിവഴക്കിൽ നിങ്ങൾ പ്രവേശിച്ചു വഴക്കാക്കി
പള്ളിക്കഹൊ ദോഷം പറ്റാൻ ഇടയാക്കല്ലെ.
പള്ളിസംബന്ധമായ കാര്യങ്ങളൊരിക്കലും
വാശി, വഴക്ക്, വലിപ്പം ഉണ്ടായിടൊല്ല.
ദൈവത്തിന്റെ കരുണയിൽ ആശ്രയിച്ചും അവനോന്റെ
വിനയത്തെ ശോഭിപ്പിക്കും നരൻ, ഭാഗ്യവാൻ.
ബഹുജനത്തിനായ് ചെമ്മെ തൃപ്തി നല്കും നരഗണം
ദൈവത്താലനുഗൃഹീതർ ഭാഗ്യവാന്മാരും.
വൈദികരെ വിശ്വാസികൾ വളരെ മാനിച്ചിടേണം
പ്രവൃത്തിയിൽ വചനത്തിൽ നിന്ദിച്ചീടൊല്ല.
അവർക്കു ചെയ്യേണ്ടുന്നതാം മുറ ചെയ്യാതിരിക്കയൊ
അവരുമായ് വക്കാണത്തിൽ ഏർപ്പെട്ടീടൊല്ല.
വൈദികനങ്ങെതിരായി പാപം ചെയ്തു എങ്കിൽ നിങ്ങൾ
തെറ്റുകൾക്കു മാപ്പിരന്നു നിരപ്പാകേണം.
പട്ടം സ്വീകരിക്കും മുമ്പു വിവാഹകൂദാശ വേണം
വിവാഹമില്ലെങ്കിൽ അയാൾ റമ്പാനാകേണം.
പരസ്പര സ്നേഹത്തിലും പരസ്പര വിശ്വാസത്തിൽ
ജീവിതം നയിച്ചീടുവാൻ ഇടവരട്ടെ.

കുടുംബത്തിലുള്ളോരെല്ലാ കാര്യങ്ങളും ആലോചിച്ചു
യോജിച്ചു പ്രവർത്തിക്കുകിൽ എത്രയോ ഭാഗ്യം!
പുതുതായിട്ടൊരു തർക്കം സൃഷ്ടിക്കുവാൻ ശ്രമിക്കൊല്ല
തർക്കമെല്ലാം ഒഴിവാക്കാൻ ക്ഷമ കാട്ടണം.
ബന്ധുമിത്രാദികളുമായി നിരന്തര സമ്പർക്കത്താൽ
അവർക്കു സന്തോഷം നൽകാൻ തയ്യാറാകേണം.
നിങ്ങൾക്കു പ്രവൃത്തിദൂഷ്യം ഉണ്ടെന്നാകിൽ നിങ്ങളുടെ
പ്രാർത്ഥനകൾ അഖിലവും നിഷ്പ്രയോജനം.
താവകമാതാവു നൂനം ബലഹീനയായീടുന്നു
അവർക്കു വേണ്ടാശ്വാസം നീ കൊടുത്തിടേണം
താവക ജനയിത്രിക്കു മാതാപിതാ ഭർത്താവെല്ലാം
നിങ്ങളെല്ലാതൊരുവനും ഇഹത്തിലില്ല.
വരവിനും ചെലവിനും കണക്കുകൾ സൂക്ഷിക്കേണം
നിസാരമാം കാര്യങ്ങളും ഐകകണ്ഠ്യേന
തമ്മിൽ തമ്മിൽ സകലതും ആലോചിച്ചു ചെയ്തിടേണം.
സകല സ്വത്തും പൊതുവിൽ നിക്ഷേപിക്കണം
നിങ്ങൾ തന്റെ ജായയേക്കാൾ താവക സഹോദരന്റെ
സഹധർമ്മിണിയെ നൂനം ബഹുമാനിക്ക.
താവകമാതാവിനെപ്പോൾ ആദരിക്ക, മാനിക്കുക
അവളുടെ ക്ഷേമം നൂനം ഉറപ്പാക്കേണം.
മുത്തശ്ശൻ, മുത്തശ്ശിയെയും വേണ്ടുംപോലെ മാനിക്കുക
അവർ തന്റെ ഉപദേശം ഉപേക്ഷിക്കൊല്ല.
അവരല്ലൊ നിങ്ങൾക്കെല്ലാ വിഭവവും നൽകിയവർ
അവരെ വിസ്മരിപ്പതു പാതകം തന്നെ.
അവർക്കു സങ്കടമൊട്ടും തോന്നാതിരിപ്പതിനായി
പാരിതോഷികങ്ങൾ നൽകി സന്തോഷിപ്പിക്ക.
സഹോദരിമാരിൽ ചിലർ രോഗിണികളാകുന്നെങ്കിൽ
സ്രഷ്ടാവിന്റെ കരുണയ്ക്കായ് നമസ്ക്കരിക്ക.
രോഗശമനത്തിനായി വൈദ്യന്മാരെ സമീപിക്ക
വൈദ്യന്മാരൊ ദൈവത്തിന്റെ സഹായികളാം
ദൈവത്തിൻ മഹാകൃപയാൽ സങ്കടലേശമില്ലാതെ
ഇന്നലെ സായംസന്ധ്യയിൽ ഇവിടെയെത്തി.
ജേർസലേമിൽ നിന്നുമുള്ള മാമക പുറപ്പാടേറ്റം
പരിഭ്രാന്തി ജനിപ്പിച്ച സമുദ്രയാത്ര.
എങ്കിലും പ്രപഞ്ചനാഥൻ പ്രാർത്ഥനകൾ കൈക്കൊണ്ടഹൊ
കടൽയാത്ര ശുഭമായി അവസാനിച്ചു.
തനയരെ നിങ്ങളെ ഞാൻ കർത്താവിന്റെ കരങ്ങളിൽ

ആത്മസംതൃപ്തിയോടിതാ സമർപ്പിക്കുന്നു
പ്രപഞ്ച സ്രഷ്ടാവാം ദൈവം സകല സമയങ്ങളിൽ
സകല പ്രവൃത്തികളിൽ കൃഷികളിലും
സകല നടത്തകളിൽ നിങ്ങളെ കാത്തിടുവാനും
പരസ്പരം പ്രാർത്ഥനയാൽ സഹായിച്ചിടാം
ഇഹത്തിലും പരത്തിലും കർത്താവിന്റെ മഹത്തായ
ചില്ലികളായ് ഭവിച്ചിടാൻ പ്രാർത്ഥിച്ചീടുന്നു.
സോദരി സോദരന്മാരെ മൂപ്പു വാഴ്ചകളിൽ നൂനം
ഈശ്വരനോടുള്ള ഭയം കലർന്നിരിക്ക.
എന്റെ പെങ്ങളെക്കണ്ടിട്ടു പിരിയുന്ന ദശാന്തരെ
ഹൃദയത്തിൽ വ്യഥ തന്നെ സങ്കടവുമാം.
അവളെക്കുറിച്ചെനിക്കു വളരെപ്പറഞ്ഞിടുവാൻ
ഹൃദയത്തിനുള്ളറയിൽ വളരെയുണ്ട്.
സോദരരെ അഹമിതപ്പോൾ സൂക്ഷ്മമായി ചൊന്നീടുന്നു
വ്യാജസാക്ഷി നിങ്ങൾ ന്യൂനം പറഞ്ഞിടൊല്ല.
വ്യാജസാക്ഷി ചൊല്ലുന്നതു ആത്മനാശം വംശനാശം
സജ്ജനങ്ങൾ ആക്ഷേപിക്കും സഹോദരരെ.
വിയർപ്പു ചൊരിഞ്ഞു നിങ്ങൾ ഭക്ഷണം കഴിപ്പാനല്ലോ
പ്രപഞ്ച സ്രഷ്ടാവാം ദൈവം ഉപദേശിച്ചു
ഒന്നിനും കൊള്ളാതിരുന്നാൽ നമ്മെക്കൊണ്ടു തനയരെ
എന്തു ഫലം ധരണിയിൽ ധരിത്രി തന്നിൽ.
അയൽവാസികളെ, നിങ്ങൾ ആലംബഹീനന്മാരെയും
ജഗദീശനെ സ്മരിച്ചു സഹായിക്കുക.
ഒരു വർഷം ഉണ്ടാകുന്ന കൃഷിപ്പിഴ കണ്ടു നിങ്ങൾ
ഭീരുക്കളായ് തീർന്നീടല്ലെ സോദരന്മാരെ.
വിവാഹം നിശ്ചയിപ്പതു കർത്താവിന്റെ തീരുമാനം
ബാലവിവാഹങ്ങൾ ന്യൂനം ഇല്ലാതാകേണം.
പരിശുദ്ധ മാതാവിന്റെ വിശുദ്ധ പിതാക്കളുടെ
ഓർമ്മ അനുഷ്ഠിപ്പതെന്നും അനുഗ്രഹമാം.
പിതാക്കൾ, മാതാക്കൾ, പിന്നെ കാരണവന്മാരുടെയും
ഓർമ്മ നടത്തിപ്പാനായി മനസു വേണം.
നിങ്ങളുടെ സമീപത്തു തപ്തരായി വസിക്കുന്ന
പുലയർ മുതലായുള്ള സാധുജനത്തെ
സുവിശേഷം അറിയിച്ച് സത്യവിശ്വാസത്തിലേക്കു
സാധുക്കളെ കൊണ്ടുവരാൻ ശ്രമിച്ചിടേണം.
അവർ തന്നാവശ്യത്തിനായ് പള്ളികൾ, പള്ളിക്കൂടങ്ങൾ
പണിയിച്ചു കൊടുക്കുവാൻ ഒരുങ്ങിടേണം.

സമാധാനപ്രേമികളൊ സംഖ്യയിൽ ചുരുക്കമത്രെ
കലഹത്തിൻ പുത്രന്മാരൊ വളരെയത്രെ.
ജയിക്കുവാൻ മാത്രമല്ല തോൽവി സ്വീകരിച്ചീടാനും
തനയരെ നമ്മൾ ചെമ്മെ പഠിപ്പിച്ചിടേണം.
സ്വന്ത ഇഷ്ടം അറിയാതെ ശാസനയിൽ വരുത്തിയാൽ
ഒത്തുവരികയില്ലെന്നു മനസിലാക്കൂ.
ദൈവശിക്ഷ ഭക്തിയോടെ സഹിക്കുന്ന തനയൻ മേൽ
ദൈവകൃപ സമൃദ്ധിയായ് ചൊരിയും ന്യൂനം.
മിടുക്കനാകുവാനായി ശ്രമിക്കല്ലെ സഹോദരാ
ഭോഷനായിതീരുവാനും ഒരുങ്ങീടൊല്ല.
ക്ഷമയാകും മനോബലം ഇഹലോകത്തിലും
പിന്നെ പരലോകത്തിലും മാനം എത്ര സുന്ദരം.
വലിയവൻ, ചെറിയവൻ, ചെറിയവൻ, വലിയവൻ
ഏവരും അവനവനെ അറിഞ്ഞിടേണം.
അവനവനുടെ ബലം അറിഞ്ഞു നടന്നിടേണം
ബുദ്ധി നന്നായ് പഠിക്കേണം നിഗളിക്കൊല്ല.
നിങ്ങൾ സ്വയം ബുദ്ധിമാനായ് ഗണിക്കല്ലെ സഹോദരാ
ഗണത്തെ മറന്നീടൊല്ല കരുതൽ വേണം.
മക്കൾക്കു വിദ്യ നല്കിയാൽ അതു തന്നെ മതിയാകും.
നന്മ മാത്രം എല്ലായ്പ്പോഴും ചിന്തിച്ചീടുക
നിങ്ങളുടെ മക്കളോടും ഇപ്രകാരം തന്നെ നിങ്ങൾ
ഉപദേശം നൽകീടുവാൻ മറന്നീടൊല്ല.
പഠിപ്പിച്ചീടുക നിങ്ങൾ ഇടയ്ക്കു മടിച്ചാൽ പിന്നെ
പഠിത്വം പുരോഗമിക്കാൻ സാധ്യതയില്ല.
ധരണിയിലാരേയും നീ വ്യസനിപ്പിച്ചീടരുതെ
അവന്റെ നിലവിളി ദൈവം കേട്ടിടും.
വേല ചെയ്വാൻ മടിപ്പോനു അപ്പം ഭക്ഷിച്ചിടുവാനും
അവകാശം ഇല്ലെന്നല്ലെ മഹദ് വചനം.
മറ്റുള്ളവരേക്കാൾ നിങ്ങൾ മഹാനെന്നു ചിന്തിക്കൊല്ല
ദരിദ്രനെ മഹാനെന്നു കണക്കാക്കുക.
ധരണിയിൽ കണ്ടീടുന്ന മനുഷ്യരെല്ലാവരെയും
കളങ്കമില്ലാതെ നിങ്ങൾ ബഹുമാനിക്ക.
അവശരെ, ആർത്തന്മാരെ ആലംബഹീനരെ നിങ്ങൾ
ചിന്തയതിൽപ്പോലും നൂനം നിന്ദിച്ചീടൊല്ല.
കടം വാങ്ങാതിരിക്കുവാൻ നിങ്ങളേറ്റം ശ്രമിക്കുവീൻ
വാങ്ങിയെങ്കിൽ വീട്ടുംവരെ ഉണർന്നിരിപ്പീൻ.
മരണം നമുക്കേവർക്കും സമീപസ്ഥമായിടുന്നു

തനയരെ നിങ്ങൾ ചെമ്മെ അനുസ്മരിക്ക.
കുടുംബത്തിൽ ജീവിക്കുന്ന വൃദ്ധന്മാരെ വൃദ്ധകളെ
സ്നേഹബഹുമാനത്താലെ സന്തോഷിപ്പിക്ക.
വൃദ്ധരാകും ജനത തൻ സന്തോഷവും സംതൃപ്തിയും
സമൂഹത്തിൻ സുരക്ഷിത നിക്ഷേപമത്രെ.
നിങ്ങൾ സദാ സമയവും വേദഗ്രന്ഥം വായിക്കുവിൻ
ജനകരാം ഞങ്ങൾക്കതു കീർത്തിപ്രദമാം.
നല്ല പ്രവൃത്തികൾ ചെമ്മെ ദിനംതോറും ചെയ്തുകൊണ്ടും
പിതാക്കൾ തൻ പാതകളെ പിന്തുടരുക.

# 3

# മരണക്കിടക്കയിൽ - ചരമം

ദീർഘമാം യാത്രയും വിശ്രമമില്ലാത്ത
കായികാദ്ധ്വാനവും കാരണമായി
താതന്റെ ആരോഗ്യം ഏറ്റം വഷളായി
അർശസു രോഗവും മൂർച്ഛിച്ചഹൊ.
അർശസു രോഗത്തിൻ ശാന്തിക്കായ് ചെയ്താം
വൈദ്യചികിത്സ പരാജയമായ്
അർശസു മാറിയ നേരത്തതിസാരം
വന്നു പിതാവിനെ ദുഃഖിപ്പിച്ചു.
ദേഹം തളർന്നപ്പോൾ ക്ഷീണം വളർന്നപ്പോൾ
ശയ്യാവലംബിയായ് വന്ദ്യപിതാ.
താതന്റെ രോഗവൃത്താന്തമറിഞ്ഞവർ
ഞാൻ മുമ്പേ, ഞാൻ മുമ്പേ എന്ന മട്ടിൽ
ദുഃഖവിവശരായ് ആകെത്തളർന്നോരായ്
മാന്നാറിലേക്കു കുതിച്ചുപാഞ്ഞു.
ദൂരെ സ്ഥലങ്ങളിൽ പാർക്കുന്നവർപോലും
താതനെ കാണുവാൻ വന്നുചേർന്നു.
താതനെ കാണുവാൻ വന്നുചേർന്നോർക്കു
ഭക്ഷണം നൽകുവാൻ കല്പിച്ചഹൊ.
സെമിനാരി തന്നിലെ പ്രശ്നം കണക്കാക്കി
അരിയും സാമാനവും എത്തിച്ചഹൊ.
നാട്ടുവൈദ്യന്മാരും മറ്റു വൈദ്യന്മാരും
താതനെ ശുശ്രൂഷിപ്പാനായെത്തി
പാവന താതനെ ശുശ്രൂഷിക്കുന്നതു
ഭാഗ്യമായ്ത്തന്നെ അവർ കരുതി.
എങ്കിലും താതന്റെ രോഗത്തിനൊട്ടുമെ
ശാന്തിയുണ്ടായില്ല എന്നു തോന്നി
ശയ്യാവലംബിയായ് മേവുന്ന നേരത്തും
താതനേവർക്കുമായ് പ്രാർത്ഥിച്ചഹൊ.
ദുസ്സഹവേദന കാർന്നു തിന്നീടുന്ന
നേരത്തതാ എത്തി വല്യ താതൻ.
വന്ദ്യ പുലിക്കോട്ടിൽ ജോസഫാം താതനും
എത്തിയാൻ രോഗിയെ കണ്ടീടുവാൻ

ദുസ്സഹമായുള്ള വേദന തിന്നുന്ന
കൊച്ചുമെത്രാച്ചനെ കണ്ട നേരം
ധീരനും വീരനുമായ തിരുമേനി
പൈതലെപ്പോലെ കരഞ്ഞുപോയി.
മേനിതൻ ദൗർബല്യം ഒട്ടു കണക്കാക്കി
സ്ഥാനചിഹ്നങ്ങളും താക്കോലെല്ലാം
വാത്സല്യ ശിഷ്യനാം വട്ടശ്ശേരിയിലെ
ഗീവർഗീസ് അച്ചനെ ഏല്പിച്ചഹൊ.
സെമിനാരി സംബന്ധമായുള്ള കാര്യങ്ങൾ
അച്ചനെത്തന്നെയങ്ങേല്പിച്ചു താൻ
പിന്നീടു രണ്ടു ദിവസം മുഴുവനും
മൗനവ്രതം താതൻ സ്വീകരിച്ചു.
മൂന്നാം ദിവസത്തിൽ പാതിരാനേരത്തു
താതൻ സംസാരിപ്പാൻ ആരംഭിച്ചു.
"എന്റെ തനയരെ വാത്സല്യ മക്കളെ
ഇന്നെത്ര തീയതി ചൊന്നീടുക."
താതന്റെ വാക്കുകൾ എത്രയും വ്യക്തവും
ഏറ്റം സ്ഫുടവുമങ്ങായിരുന്നു.
സുറിയാനി വർഷത്തിൽ ഇന്നു പതിനെട്ടു
സത്വരം ഉത്തരം നൽകിയാരോ.
"കർത്താവെ ഞാനിനി രണ്ടു ദിനം കൂടി
വേദനയെല്ലാം സഹിക്കേണമൊ."
തന്നുടെ ജീവിതം കേവലം രണ്ടു നാൾ
എന്നു തിരുമേനി ഉച്ചരിച്ചു.
രോഗാരംഭത്തിലെ തൈലാഭിഷേകവും
ചെമ്മെ നടത്തിയതാണെങ്കിലും
വന്ദ്യ പിതാവിന്റെ ആവശ്യം പോലവെ
കന്തീല ശുശ്രൂഷ നിശ്ചയിച്ചു.
വന്ദ്യ പിതാക്കളും ഒട്ടേറെ പട്ടക്കാർ
ചേർന്നു ശുശ്രൂഷ നടത്തി ചെമ്മെ
കന്തീലാ ശുശ്രൂഷാവേളയിൽ തന്നഹൊ
താതൻ കുർബാന അനുഭവിച്ചു.
ഇപ്രകാരം താതൻ അന്ത്യനിദ്രയ്ക്കായി
വേണ്ടുംവിധത്തിൽ ഒരുക്കമായി
ഈ സുന്ദര ഭുവിൽ തന്നുടെ കർമ്മങ്ങൾ
ചെമ്മെ അനുഷ്ഠിച്ചു പൂർത്തിയാക്കി.
തന്നന്ത്യനാളുകൾ ഏറ്റം അടുത്തെന്നു

പുണ്യവാനാം താതൻ ചിന്തിച്ചേവം
അന്ത്യഘട്ടത്തിലും ഭക്തശിരോമണി
സത്യോപദേശം കൊടുത്തു ചെമ്മെ.
അല്പസമയം കഴിഞ്ഞു ദശാന്തരെ
സംസാരശക്തിയും നഷ്ടമായി.
ഭക്തജനങ്ങൾ ഹാ നോക്കിനിന്നീടുമ്പോൾ
“എന്റെ കർത്താവെ” എന്നുച്ചരിച്ചു
എന്നിട്ടു പുണ്യവാൻ നിശ്ചലനായിട്ടു
വൈദികസംഘത്തെ നോക്കിനിന്നു.
ചാരത്തു നിന്നതാം പുന്നൂസ് റമ്പാച്ചൻ
“മ്ഹയിൻ മെൻനോ” എന്നു ചൊല്ലിയേവം
വൈദികസംഘ വിലാപത്തോടു കൂടി
ത്രിത്വ സ്തുതിയുമങ്ങാരംഭിച്ചു.
വൈദികസംഘത്തിൻ പ്രാർത്ഥനാ നേരത്തു
താതന്റെ കൺമിഴി ഈറനായി
ജീവിതമൊക്കെയും പ്രാർത്ഥനയാക്കിയ
താതന്റെ ആത്മാവ് പോയ് മറഞ്ഞു.
ചുറ്റിലും നിന്നോരാ വൈദികശ്രേഷ്ഠരും
പൊട്ടിക്കരഞ്ഞഹൊ അല്മായരും
പുണ്യപുരുഷന്റെ മേനിയിൽ നിന്നഹൊ
ആത്മാവു വേർപെട്ട വേളയിങ്കൽ
ദ്വീപാം പരുമല ദേശമെല്ലാടവും
ദിവ്യപ്രകാശം വിളങ്ങിയത്രെ.
എണ്ണിയാലൊട്ടും ഒടുങ്ങാത്ത മാനവ
സാഗരമെത്തി പരുമലയിൽ.
ദുഃഖം സഹിക്കാനാവാതെ മാനവർ
വാവിട്ടുകേണു നിലവിളിച്ചു.
ദുഃഖസമയം പ്രകൃതിയൊ നിശ്ചലം.
ചൂടും തണുപ്പുമങ്ങൊട്ടുമില്ല
കോരിച്ചൊരിയും മഴയില്ല, കാറ്റില്ല
ഭക്തസഹസ്രത്തിൻ കണ്ണീർ മാത്രം.
എന്നിട്ടും വണ്ടിയിൽ, വള്ളത്തിൽ അങ്ങനെ
ഭക്തസഹസ്രങ്ങൾ എത്തിച്ചേർന്നു.

# കബറടക്കം

കൊച്ചുതിരുമേനി തൻ അകാലവിയോഗത്തിൽ
പുലിക്കോട്ടിലെ താതൻ വളരെ വിലപിച്ചു.
സഭയായീടും നൗക കാറ്റിലും കോളിലുമായ്
ഉലഞ്ഞു തകർന്നങ്ങു മുങ്ങുവാൻ തുടങ്ങുമ്പോൾ
നൗക തൻ അമരത്തു സ്വസ്ഥനായിരുന്നഹൊ
സഭയെ നയിക്കുവാൻ ശക്തിയെ ലഭിച്ചതു
ഈ കൊച്ചുതിരുമേനി നടത്തിവന്നിരുന്ന
പ്രാർത്ഥന മൂലമെന്നു ദൃഢമായ് വിശ്വസിച്ചു
വലിയ തിരുമേനി ഈ കൊച്ചു തിരുമേനി
എന്നിവർ പട്ടത്വത്തിൽ സമന്മാർ ആണെങ്കിലും
അവരൊ ജനകനും മകനും എന്നപോലെ
സ്നേഹിച്ചു ആദരിച്ചു ബഹുമാനിച്ചു ചെമ്മെ.
മരണം എന്നുള്ളൊരു പ്രതിഭാസത്തെ നമ്മൾ
ആത്മീയ പശ്ചാത്തലെ ചിന്തിക്ക ചെയ്തീടുകിൽ
ദൈവസന്നിധി തന്നിൽ പോയിടും യാത്രയിതു
സന്തോഷത്തോടെ നമ്മൾ സ്വീകരിച്ചീടും നൂനം.
എങ്കിലും പെട്ടെന്നുള്ള താതന്റെ വിടവാങ്ങൽ
സഭയെ ആകമാനം വളരെ ദുഃഖിപ്പിച്ചു.
ഇനിയും ഇതുപോലെ നിഷ്കളങ്കനെ കാണ്മാൻ
ഭാരതസഭയെത്ര നൊയമ്പു നോറ്റീടണം!
ഇനിയും ഇതുപോലെ പരിശുദ്ധനെ കാണ്മാൻ
ഭാരതസഭയെത്ര കാത്തുകാത്തിരിക്കണം!
ഇനിയും ഇതുപോലെ തിരുമേനിയെ കിട്ടാൻ
ഭാരതസഭയെത്ര നേർച്ചകൾ നേർന്നീടേണം!
കൊച്ചുതിരുമേനി തൻ നിശ്ചല മേനി കണ്ടു
വിശ്വാസീസഹസ്രങ്ങൾ ദീനരായ് വിലപിച്ചു.
കൊച്ചുതിരുമേനി തൻ ദേഹവിയോഗവാർത്ത
ഗ്രഹിച്ച സഭാമക്കൾ ഏറ്റവും വിലപിച്ചു.
തിരുമേനി തൻ ദേഹവിയോഗം സഭയുടെ
കഷ്ടകാലത്തിന്റെ തൻ ആരംഭമായിക്കണ്ടു
മരണവർത്തമാനം ദൂരസ്ഥ പള്ളികൾക്കു
കമ്പിസന്ദേശമായി അയച്ചു അതിവേഗേ
എന്നാലൊ സമീപസ്ഥ പള്ളികൾക്കുടൻ തന്നെ
കത്തുകൾ മുഖാന്തരം വിവരമറിയിച്ചു.
താതന്റെ തിരുമേനി ആചാരംപോലെ തന്നെ

അംശവസ്ത്രങ്ങൾ ചെമ്മെ ധരിപ്പിച്ചാചാര്യന്മാർ
സ്ലീബാ, വടി എന്നീ സ്ഥാനചിഹ്നങ്ങളെല്ലാം
സത്വരമണിയിച്ചു ആചാര്യശ്രേഷ്ഠർ തന്നെ.
അണിയിക്കലഖിലം പൂർത്തിയാക്കിയശേഷം
താതനെ കസേരയിൽ ഇരുത്തി ഭക്തിപൂർവം
മൂന്നിനു തിങ്കളാഴ്ച കബറടക്കത്തിന്റെ
പ്രാരംഭ ശുശ്രൂഷകൾ നടത്തി മേല്പട്ടക്കാർ.
നാലിനു ചൊവ്വാഴ്ചനാൾ ദിവ്യബലിക്കുശേഷം
ഈവാനിയോസ് താതന്റെ മുഖ്യനേതൃത്വത്തിലായ്
റമ്പാന്മാർ, പുരോഹിതർ ഇരുനൂറോളം പേർ തൻ
സഹകാർമ്മികത്വത്തിൽ ശുശ്രൂഷയാരംഭിച്ചു.
വിവിധ മതങ്ങളിൽ വിശ്വസിച്ചീടും ജനം
സഹസ്രക്കണക്കിന് പള്ളിയിലോടിക്കൂടി.
തിരുമേനി തൻ മുഖം ഒരു നോക്കു കാണുവാൻ
ജനങ്ങൾ വാശിയോടെ തിക്കും തിരക്കും കൂട്ടി.
വമ്പിച്ച ജനത തൻ തേങ്ങലും കരച്ചിലും
പരുമല ദേശത്തെ ദുഃഖഭൂരിതമാക്കി.
ഉച്ച കഴിഞ്ഞ നേരം രണ്ടു മണിയായപ്പോൾ
ശുശ്രൂഷയഖിലവും പര്യവസാനിച്ചു.
പൊൻവെള്ളിക്കുരിശുകൾ കുടയും കൊടികളും
പള്ളിസാമഗ്രിയെല്ലാം സമസ്തമെടുത്തഹൊ
നഗരികാണിക്കലാം ചടങ്ങും നടത്തിയാർ
മാനവസഹസ്രങ്ങൾ ഭയഭക്തിയാൽത്തന്നെ
പാവന പിതാവിന്റെ തൃക്കരം മുത്തി വേഗം
സമയം അഞ്ചു മണി അന്തരീക്ഷമാകെയും
ദുഃഖത്താൽ സന്താപത്താൽ ദുഃഖപൂരിതമായി
വാനത്തിൽ വിളങ്ങുന്ന ഉജ്ജ്വല പ്രഭാകരൻ
ദുഃഖിതജനത തൻ സന്താപം കണ്ടിട്ടഹൊ
ദുഃഖത്താൽ നിരാശയാൽ തീവ്രവേദനയാലെ
ശോഭയേറീടും മുഖം ചുവന്നു തുടുത്തഹൊ.
ക്ഷോണിയിൽ വീണിടുന്ന കണ്ണിനീർത്തുള്ളി കണ്ടു
നഭസിൽ നിന്നും ചെമ്മെ ചാറ്റൽമഴയായ് പെയ്തു
മാർത്താണ്ഡൻ ദുഃഖത്താലെ അരുണവർണ്ണമാർന്നു
മാനവദുഃഖം കണ്ടു പ്രഭയെ കുറച്ചഹൊ.
അധികം താങ്ങീടുവാൻ ശക്തിയില്ലാതെ സൂര്യൻ
അറബിക്കടലതിൽ മുങ്ങിയാൻ നിരാശയാൽ
ക്രൈസ്തവസഭയ്ക്കഹൊ കേരളം സമ്മാനിച്ച

പ്രഥമ വിശുദ്ധന്റെ ഭൗതികമാകും മേനി
വളരെ ഭക്തിപൂർവ്വം വിറയ്ക്കും കൈകളോടെ
സേവക കദംബകം കുഴിയിലിറക്കിയാർ
പാവന മദ്ബഹായ്ക്കും ചാരത്തെ ഹൈക്കലാ തൻ
കിഴക്കെ ചുവരിനും മദ്ധ്യത്തിലായിത്തന്നെ
പ്രത്യേകാൽ നിർമ്മിച്ചതാ സുന്ദര കബറതിൽ
പാവന ജനകന്റെ മേനിയടക്കം ചെയ്തു.
ഭക്തരാം വിശ്വാസികൾ നേർച്ചയായ് കൊണ്ടുവന്ന
കുന്തിരിക്കത്താൽത്തന്നെ കല്ലറ നിറച്ചഹൊ.
കബർ മൂടിയിട്ടവർക്കഹൊ ദരിദ്ര ജനതയ്ക്കു
സഭ തൻ നേതാക്കന്മാർ കോടിവസ്ത്രങ്ങൾ നൽകി.
ചരമത്തിനു ശേഷം മുപ്പതാം ദിവസത്തിൽ
അടിയന്തിരം ചെമ്മെ നടത്തി സഭാമക്കൾ.
അറുനൂറാകും പറ അരിയും അതോടൊപ്പം
ആയിരത്തിമുന്നൂറു രൂപായും ചെലവായി.
അടിയന്തിരത്തിനു ശേഷമാ ദിവസത്തിൽ
നടന്നു പൊതുയോഗം പ്രതിപുരുഷയോഗം.
വലിയ പുലിക്കോട്ടിൽ വന്ദ്യനാം തിരുമേനി
യോഗത്തിൽ ദയവായി അദ്ധ്യക്ഷനായി ചെമ്മെ.
പഴയസെമിനാരി മാനേജർ വന്ദ്യനായ
പൗലോസ് റമ്പാച്ചനെ പിന്നീടു വട്ടശ്ശേരിൽ
ഗീവർഗ്ഗീസ് കത്തനാരെ മെത്രാന്മാരാക്കീടുവാൻ
പ്രതിപുരുഷയോഗം തീരുമാനിച്ചു മോദാൽ.
തിരുവല്ലായിൽ പണിയാരംഭിച്ചതാം
പാഠശാലയ്ക്കു നൂനം താതന്റെ പേർ നല്കണം.
കൊച്ചുതിരുമേനി തൻ ദേഹവിയോഗവാർത്ത
വിദേശീയരെപ്പോലും ദുഃഖിതരാക്കിത്തീർത്തു.
മരണവാർത്തയതു ഊർശ്ലേമിൽ അറിഞ്ഞപ്പോൾ
അവിടെ വസിച്ചിടും ജനവും ദുഃഖിച്ചഹൊ.
വിവരമറിഞ്ഞപ്പോൾ സ്നേഹസമ്പന്നനായിടും
ഊർശ്ലേം പിതാവൊരു കല്പന അയച്ചഹൊ.
“വത്സല തനയനാം ശ്ലീബാ ശെമ്മാശന്റെ മേൽ
ദൈവികകൃപ വാഴ്വ് എന്നിവ ഉണ്ടാകട്ടെ.
നമ്മുടെ കർത്താവിന്റെ കബറിന്റെ
വാഴ്വെന്നും എന്നന്നേക്കും വന്നു വസിച്ചീടട്ടെ.
ആയതു ദൈവത്തിന്റെ മാതാവാം അമ്മയുടെ
സുവിശേഷകനായ വിശുദ്ധ മർക്കോസിന്റെ

സഹദേന്മാരുടെയും ശുദ്ധിമാന്മാരുടെയും
പ്രാർത്ഥന, അപേക്ഷകൾ കോട്ടയായിരിക്കട്ടെ.
നിങ്ങൾ തൻ സത്യസ്നേഹത്തോടെ നാം ചൊല്ലുന്നതു
നന്മകളാലെ തന്നെ കർത്താവു ചൊന്നീടട്ടെ.
നിങ്ങൾ താൻ അയച്ചതാം ദുഃഖ കത്തു നാം കണ്ടു.
വിവരം അറിഞ്ഞഹൊ സ്തബ്ധനായിരുന്നഹം
കൊച്ചുമെത്രാച്ചനുടെ  ദേഹവിയോഗവാർത്ത
വായിച്ചു എനിക്കെന്റെ ബോധവും മറഞ്ഞുപോയ്
മത്തു പിടിച്ചവനെപ്പോലെ ഞാൻ ആയിക്കൂടി.
എന്റെ വിലാപം കേട്ടു ദയറാ നിവാസികൾ
ഭയന്നു വിറച്ചുകൊണ്ടെന്നുടെ ചാരത്തെത്തി.
നമുക്കു സംസാരിപ്പാൻ ആവതില്ലാഞ്ഞിട്ടഹൊ
കത്തു നാം അവർക്കപ്പോൾ സത്വരം നൽകി ചെമ്മെ.
അവരും വായിച്ചപ്പോൾ സങ്കടപ്പെടുകയും
ഏകശബ്ദത്തോടവർ വിലപിക്കയും ചെയ്തു.
കത്തിൽ പറഞ്ഞ വാർത്ത സ്വപ്നമാണെന്നു പോലും
പാവമാമീയുള്ളവൻ സങ്കല്പിച്ചതും സത്യം.
ഭാരതത്തിലുള്ളതാം മാമക തനയർക്കു
തമസും കൂരിരുട്ടും പിടിപെട്ടിരിക്കുന്നു.
സത്യമായ് സത്യമായ് ഞാനിതാ ചൊന്നീടുന്നു
സഭ തൻ വിളക്കിതാ കെട്ടു പോയെൻ മക്കളെ.
ഭാരതസഭയുടെ തൂണിതാ തകർന്നല്ലൊ.
സഭ തൻ നിലനില്പു രക്ഷകൻ താങ്ങീടട്ടെ.
വിവരം അറിഞ്ഞതും ഊർശലേം നിവാസികൾ
അനുശോചനത്തിനായ് എന്നുടെ ചാരത്തെത്തി.
വളരെ ദുഃഖത്താലെ ആബൂനെ ഓർത്തുകൊണ്ട്
അധികം നേരമവർ  കരഞ്ഞു വിലപിച്ചു.
ആബൂനെക്കുറിച്ചുള്ള ആതങ്കം നമ്മുക്കഹൊ
അടങ്ങായ്കയാലത്രെ കത്തു താമസിച്ചതു.
ആബൂന്റെ വിയോഗത്തെക്കുറിച്ചു ചിന്തിക്കുമ്പോൾ
കണ്ണുകൾ ഈറനായി വിലപിക്കയും ചെയ്വൂ.
എങ്കിലും താതന്മാരാം ആബൂൻ മാർ ദീവന്നാസ്യോസ്
ആബൂൻ മാർ ഈവാനിയോസ് എന്നിവരൊക്കെയും താൻ
മരണസമയത്തു  കൂട്ടായിരുന്നതിനാൽ
നമുക്കു സീമാതീത ആശ്വാസം തോന്നീടുന്നു.
അതുപോൽ മമസുതൻ ആബൂന്റെ ശിഷ്യനുമാം
ഗീവറുഗീസ് മല്പാനും സത്യപുത്രനെപ്പോലെ

വളരെ കഷ്ടപ്പെട്ടു വളരെ ഉത്സാഹിച്ചു
ഗുരുവിൻ വാഴ്‌വിനയാൾ യോഗ്യനായ് ഭവിച്ചഹൊ.
അദ്ദേഹം ഇതിലെല്ലാം കാട്ടിയ സ്നേഹാദരം
അതിനായിതാ അഹം സ്തുതികൾ കരേറ്റുന്നു.
ശിഷ്യന്മാർ സകലരും ഗുരുസന്നിധിയിങ്കൽ
ഈവിധം അവിതർക്കം സത്യസന്ധരാകണം.
ആബൂൻ മാർ ഗ്രീഗോറിയോസ് മദ്ധ്യപ്രായത്തിൽ തന്നെ
വിണ്ടലമതിൽ പൂകി എങ്കിലും തനയരെ
ഇനിയും ജീവിക്കുന്ന വിശ്വവിശ്രുതന്മാരും
അനുഗൃഹീതരുമാം ഭാരതദേശത്തിലെ
സത്യഇടയന്മാരാം ആത്മീയ പിതാക്കന്മാർ
പട്ടക്കാർ, റമ്പാച്ചന്മാർ, ശെമ്മാശ്ശന്മാരെന്നിവർ
മാർത്തോമ്മാശ്ലീഹായുടെ വത്സലശിഷ്യന്മാരും
നമ്മുടെ പിതാവിന്റെ ആട്ടിൻകൂട്ടവുമായ
ഗൃഹസ്ഥർ, വ്യാപാരികൾ, വലിയോർ, ചെറിയവർ,
പുരുഷർ, സ്ത്രീജനങ്ങൾ, പൈതങ്ങൾ ഇവർക്കെല്ലാം
ദീർഘമാം ആയുഷ്ക്കാലം കൊടുത്തീടണമെന്നു
നമ്മുടെ കർത്താവോടു ഞാനിതാ യാചിക്കുന്നു.
ആബൂന്റെ സംസ്കാരത്തിൽ പങ്കെടുത്തവരുടെ
സ്നേഹത്തിൽ വിശ്വാസത്തിൽ നാമിതാ സംപ്രീതനായ്
അദ്ദേഹം ജനങ്ങളിൽ നിന്നുമായ് പിരിച്ചതാം
മുതലുകൊണ്ടു ചെമ്മെ പണി കഴിപ്പിച്ചതാം
പള്ളിയിൽത്തന്നെ നിങ്ങൾ ആബൂനെ സംസ്കരിച്ചു.
താതന്റെ നിര്യാണത്തിൽ സഭ തൻ വിശ്വാസികൾ
വളരെ വിലപിച്ചു എന്നും ഞാൻ അറിയുന്നു.
നമ്മുടെ വിശ്വാസത്തിൽ ശത്രുക്കൾക്കെതിരായി
തീക്ഷ്ണതയോടുകൂടി പടവെട്ടിയ താതൻ
നല്ലൊരു ഇടയനും കൃപയിൽ പിതാവുമായ്
താതന്റെ വിയോഗത്തിൽ സങ്കടം സഹജമാം
എങ്കിലും ജനകന്റെ കാര്യത്തെക്കുറിച്ചഹൊ
നമുക്കു കർത്താവിങ്കൽ ശരണം നൂനമുണ്ട്.
എന്തെന്നാൽ പിതാവിന്റെ പാവനമാകും മേനി
അനുകൂലപ്പെട്ടീടും നിർണ്ണയം ഇതു സത്യം.
പാവന പിതാവിന്റെ ആത്മാവ് ആനന്ദത്തിൽ
പറുദീസയിലേക്കു വാങ്ങിപ്പോയീടും നൂനം.
ദീർഘദർശിമാരുടെ ശിഷ്യസമൂഹത്തിന്റെ
സംഘത്തോടൊപ്പം തന്നെ ചേർക്കപ്പെട്ടീടും നൂനം

കൃപയിൽ നിറഞ്ഞോനാം പാവന താതൻ ചെമ്മെ
മാലാഖമാരോടൊപ്പം തുഷ്ടിയിൽ വസിക്കുന്നു.
തന്റെ ശിഷ്യായുസ്സിനെ പിൻഗാമികളുടെ മേൽ
വർദ്ധിപ്പിച്ചീടുകയും ജീവനുള്ള ദൈവത്തിൻ
ഇഷ്ടന്മാരായിത്തീർന്ന് ജനത്തിൻ പ്രാർത്ഥനയാൽ
പൂർണ്ണത അടക്കവും ഉള്ള കാലങ്ങളെയും
ഏകാന്തമായിട്ടുള്ള സംവത്സരങ്ങളെയും
തനയർ നിങ്ങൾക്കെല്ലാം തമ്പുരാൻ നല്കീടട്ടെ.
വത്സല തനയരെ നമുക്കും നിങ്ങൾക്കുമായ്
സംഭവിച്ചിരിക്കുന്ന വലിയ ദുഃഖത്തിങ്കൽ
താവക വേദനയും ആകുലചിന്തകളും
ദൂരസ്ഥനായ നമ്മെ അധികം ദുഃഖിപ്പിച്ചു.
നമ്മുടെ സോദരന്റെ ആത്മശാന്തിക്കായ് നൂനം
വലിയ കൃംതാപ്പള്ളി മർക്കോസിൻ ഭവനമാം
നമ്മുടെ പള്ളിയിലും ദയറാകളിലുമായ്
കുർബാന, നമസ്കാരം എന്നിവ കഴിച്ചഹൊ.
ധനുവാം മാസത്തിലെ ആദ്യത്തെ ഞായർ തന്നിൽ
ശ്രേഷ്ഠനാം പിതാവിന്റെ സംസ്കാരം നടത്തിയാൻ
സകല ജാതിക്കാരും ഭാഷക്കാർ, രാജ്യക്കാരും
ശുശ്രൂഷാവേളയിൽ ഭക്തിയിൽ സംബന്ധിച്ചു.
അർമോന്യ പാത്രിയർക്കീസ് ഈജിപ്ഷ്യൻ സഭക്കാരും
കൂശായർ, പ്രാങ്കായക്കാർ ഇവർ തൻ പ്രധാനികൾ
എന്നിവരെല്ലാവരും വളരെ ഭക്തിപൂർവ്വം
വളരെ ചിട്ടയോടെ പള്ളിയിൽ എത്തിച്ചേർന്നു
പട്ടക്കാർ മേല്പട്ടക്കാർ എന്നിവരെല്ലാവരും സ്ഥാനവസ്ത്രങ്ങളുമായ്
സങ്കടനാദത്തോടെ മണികൾ മുഴക്കയും വളരെ ഭക്തിപൂർവ്വം
വളരെ ആദരവിൽ ആഘോഷപൂർവ്വം തന്നെ
ശുശ്രൂഷ നിർവഹിച്ചു ജനമൊ ദുഃഖമണി
കൈത്താളം ഇവയാലെ സംബന്ധപ്പെട്ടു നൂനം.
പ്രാർത്ഥന സമയത്തു ദുഃഖത്താൽ, സങ്കടത്താൽ
കരച്ചിൽ നിയന്ത്രിപ്പാൻ കഴിവുണ്ടായില്ലഹൊ.
ശുശ്രൂഷ കഴിപ്പാനായ് പള്ളിതൻ മദ്ധ്യത്തിൽ
മദ്ബഹാ എന്ന പോലെ മൂന്നു ദർഗ്ഗാകളായി
സ്ഥലം വേർതിരിച്ചിട്ടു അവിടെ വിളക്കുകൾ
മെഴുകുതിരികളും ചെമ്മെയായ് കത്തിച്ചഹൊ.
ഒരു സിംഹാസനത്തെ ഒരുക്കി പ്രതിഷ്ഠിച്ചു
മെത്രാന്റെ സ്ഥാനവസ്ത്രം അഖിലം ധരിപ്പിച്ചു.

വടിയും സ്ലീബായതും കൊണ്ടലങ്കരിച്ചഹൊ
വളരെ സുന്ദരമായ് ശുശ്രൂഷ നടത്തിയാൻ
ഇവകളെല്ലാം കണ്ടു ജനങ്ങൾ അഖിലരും
ഏകശബ്ദത്തിൽത്തന്നെ ഈ വിധം തന്നെ ചൊല്ലി
ഇവകളെല്ലാം കണ്ടു അത്ഭുതപ്പെട്ടീടുന്നു
ഈ വിധം കാഴ്ച ഞങ്ങൾ കണ്ടിട്ടേയില്ല നൂനം.
യാക്കോബായക്കാരുടെ ക്രമങ്ങളെല്ലാമെല്ലാം
മാലാഖമാർ തൻ ക്രമം അതുപോൽ തന്നെ നൂനം.
ശുശ്രൂഷ കഴിഞ്ഞിട്ടു ഞങ്ങളെല്ലാരും കൂടി
പാത്രിയർക്കീസിൻചാരെ എത്തിയാരുടൻ തന്നെ
പള്ളിയിൽ സിംഹാസനം മൂന്നു ദിവസത്തോളം
എടുത്തുമാറ്റീടാതെ സൂക്ഷിച്ചു ഭക്തിപൂർവ്വം
അതിന്റെ ഫോട്ടോഗ്രാഫും എടുത്തു നിങ്ങൾ കാണ്മാൻ
അതിന്റെ പകർപ്പിതാ അയപ്പൂ ഇതോടൊപ്പം.
അസുഖം നിമിത്തമായ് ഫോട്ടോയെടുക്കുംനേരം
അതിലും സംബന്ധിപ്പാൻ നമുക്കു കഴിഞ്ഞില്ല.
നമ്മുടെ പിതാക്കളാം മെത്രാന്മാരെക്കുറിച്ചും
ആബൂന്റെ ശിഷ്യോത്തമൻ ഗീവർഗീസ് മല്പാനെയും
ദുഃഖത്തിൽ വിലാപത്തിൽ കഴിയുന്നെല്ലാരെയും
ഞങ്ങളും സ്മരിക്കുന്നു പ്രാർത്ഥന അർപ്പിക്കുന്നു
നമ്മുടെ മിശിഹാതൻ നിത്യമാം കൃപയാലെ
അവർക്കു സാന്ത്വനവും ധൈര്യവും നൽകീടട്ടെ.
അവർതൻ കണ്ണുകളിൽ നിറഞ്ഞു നിന്നീടുന്ന
കണ്ണുനീർത്തുള്ളികളെ തുടച്ചു കളയട്ടെ.
കഠിന വിലാപത്തെ ദുഃസ്സഹ സങ്കടത്തെ
പ്രപഞ്ചനാഥൻ ദേവൻ നീക്കിക്കളഞ്ഞീടട്ടെ.
ബഹുമാന്യരായിടും ആത്മീയ പിതാക്കൾക്കും
മത്തായി കത്തനാർക്കും ശിഷ്ടരാം പട്ടക്കാർക്കും
ദയറാവാസികൾക്കും ശ്രേഷ്ഠരാം ജനങ്ങൾക്കും
ആശ്വാസം പകരുവാൻ പ്രാർത്ഥന നടത്തുന്നു.
കർത്താവിൻ കൃപാവരം നിങ്ങളിലുണ്ടാകട്ടെ
കർത്താവിൽ നിങ്ങളെല്ലാം സുഖമായിരിക്കട്ടെ.”

## ഉത്തരകാണ്ഡം

## 1

# ചില അത്ഭുത സംഭവങ്ങൾ

ഇഹലോകവാസം വെടിഞ്ഞു താതൻ
വിണ്ടലം പൂകീട്ടു വർഷങ്ങളായ്
എങ്കിലും ഇന്നും സജീവനായി
ഭക്തജനങ്ങൾക്കു ശക്തിയായി
ആശ്രിതന്മാർക്കഹൊ ആശ്രയമായി
ഇന്നും പരിലസിച്ചീടുന്നിതാ
നിത്യമെന്നവിധം ഒട്ടധികം
അത്ഭുതങ്ങൾ നടന്നീടുന്നഹൊ
താതന്റെ ജീവിതകാലങ്ങളിൽ
സംഭവിച്ചിട്ടുള്ള അത്ഭുതങ്ങൾ
ഇന്നു പതിന്മടങ്ങത്ഭുതങ്ങൾ
സംഭവിച്ചീടുന്നു ദൈനംദിനം
എം. പി. പത്രോസെന്ന വൈദികന്റെ
സോദരപുത്രിയാം അച്ചാമ്മയ്ക്കു
ടൈഫോയിഡെന്നുള്ള രോഗം വന്നു
രോഗം വളരെ ഗുരുതരമായ്
ബന്ധുക്കളെല്ലാവരും ദുഃഖിതരായ്
ബോധമില്ലാതെ കിടന്നിടുമ്പോൾ
മെത്രാപ്പോലീത്താ തൻ വേഷവുമായ്
ഏതോ ഒരാൾ വന്നു സംസാരിച്ചു
സ്ലീബാ അംശവടി കൈയിലേന്തി
രോഗി തൻ ചാരത്തു വന്നണഞ്ഞു
ആഗതന്റെ സ്ലീബാ തുഷ്ടിയോടെ
രോഗി തൻ നെറ്റിമേൽ വച്ചുകൊണ്ട്
“പ്രിയ പുത്രി നിന്റെ രോഗമെല്ലാം
മാറി സുഖം പ്രാപിച്ചീടുമല്ലൊ”
എന്നു പറഞ്ഞുകൊണ്ടാ വിശുദ്ധൻ
മിന്നലു പോലെ മറഞ്ഞുവല്ലൊ.
ബോധമില്ലാതെ കിടന്ന രോഗി
നെറ്റിയിൽ മെല്ലെ തലോടുന്നു.
ബന്ധുക്കൾ മിത്രങ്ങൾ ചോദിച്ചപ്പോൾ

സംഭവിച്ചതൊക്കെ ചൊല്ലിയല്ലോ
സംഭവം കേട്ടതാം ബന്ധുജനം
പുണ്യ ശ്ലോകന്മാർ തൻ പേരു ചൊല്ലി
അന്നുരാത്രി തന്നെ മെത്രാച്ചന്റെ
വേഷം ധരിച്ചയാൾ വീണ്ടും വന്നു.
രോഗി തൻ ചാരത്തു വന്നു നിന്നു
ആഗതൻ രോഗിയോടിപ്രകാരം
സ്നേഹത്തിൻ ഭാഷയിൽ ചൊല്ലിയല്ലോ
"മകളെ നിനക്കു മനസ്സിലായൊ
പരുമലപ്പള്ളിയിൽ ഇരുന്നീടുന്ന
മെത്രാച്ചനാണു ഞാൻ പ്രിയ പുത്രി
രോഗം മാറീടുമ്പോൾ നിശ്ചയമായ്
പരുമലപ്പള്ളിയിൽ വന്നിടേണം.
പരുമലയിൽ വന്നുചേർന്നീടുമ്പോൾ
ഊട്ടുകഴിക്കാൻ മറന്നീടൊല്ല
നിങ്ങൾക്കെന്നിലേറ്റം വിശ്വാസമാം
തന്മൂലമത്രെ ഞാൻ ആഗതനായ്."
ഇപ്രകാരമെല്ലാം ചൊല്ലിയിട്ടു
പുണ്യവാനാം താതൻ പോയ് മറഞ്ഞു.
തലവടി ദേശത്തു പാർത്തിരുന്ന
കോതപ്പുഴശ്ശേരി കുടുംബത്തിലെ
ഏകാവകാശിയാം കുടുംബനാഥൻ
കുരുവിള ഏബ്രഹാം എന്നൊരുവൻ
സന്നിപാതത്താലെ ദുഃഖിതനായി
ഏബ്രഹാമിന്റെ കുടുംബാംഗങ്ങൾ
മുട്ടിപ്പായ് പ്രാർത്ഥിപ്പാനാരംഭിച്ചു
പുണ്യവാനായുള്ള വന്ദ്യതാതൻ
പ്രാർത്ഥനയ്ക്കുത്തരം ഏകിയല്ലോ.
അത്ഭുതമെന്നു പറഞ്ഞിടട്ടെ
രോഗവിമുക്തി ലഭിച്ചു നൂനം
മൂവാറ്റുപുഴയെന്ന ദേശത്തിനു
പൂർവ്വഭാഗത്തു സ്ഥിതിചെയ്യുന്ന
പ്രവിത്താനമെന്ന പ്രദേശവാസി
ആഗസ്തിയെന്നൊരു റോമ്മാക്കാരൻ
താതന്റെ പ്രാർത്ഥന കാരണത്താൽ
രോഗത്തിൽ നിന്നും വിടുതൽ നേടി
തിരുവിതാംകൂറിൻ വടക്കുഭാഗെ

മുടക്കുഴയെന്ന ജനപദത്തിൽ
ഉൽകൃഷ്ടമായ തറവാടൊന്നിൽ
മണവാട്ടിയായ് വന്ന പെൺകിടാവു
ബുദ്ധിഭ്രമം കാട്ടാൻ ആരംഭിച്ചു.
കാലക്രമേണയാ ബുദ്ധിഭ്രമം
വർദ്ധിച്ചു ശക്തിപ്പെടാൻ തുടങ്ങി
എന്നാൽ തിരുമേനി ഭക്തരായ
വീട്ടുകാർ നേർച്ചകൾ നേർന്നുവല്ലൊ.
നേർച്ചകൾ നേർന്നതാം അന്നു തന്നെ
പെൺകുട്ടി രോഗവിമുക്തയായി.
പാമ്പാടി ദേശത്തെ ഇടവകയിൽ
ചെറിയമഠത്തിലെ വൈദികനാം
യാക്കോബ് കശീശാ തൻ പ്രിയ പുത്രൻ
യാക്കോബു നാമാവാം ശെമ്മാശനു
വിദ്യപഠിക്കാനായ് വന്നുചേർന്നു
ഡീക്കനു രോഗം കലശലായി
ഓശാന ഞായറിൻ സന്ധ്യനേരം
പ്രാർത്ഥന നേരത്തു ബോധക്ഷയം
ബോധക്ഷയം വന്ന നേരത്തയാൾ
തലചുറ്റി വീണല്ലൊ പള്ളിയതിൽ.
ശെമ്മാശൻ രോഗിയായ് മൂന്നാലു നാൾ
എന്നിട്ടും രോഗം കുറഞ്ഞതില്ല.
നാലാം ദിനമായ നേരത്തിങ്കൽ
രോഗിക്കു വിമ്മിട്ടം ഉണ്ടായ് വന്നു.
സാത്താന്റെ ബാധയാൽ ശെമ്മാശനു
രോഗമുണ്ടായെന്നു ബോധ്യമായി.
താതന്റെ മദ്ധ്യസ്ഥ പ്രാർത്ഥനയാൽ
രോഗിക്കു പൂർണ്ണ ശമനമുണ്ടായ്.
കുട്ടമ്പേരൂരിൽ പ്രസിദ്ധമായ
പല്ലാട്ടുശ്ശേരിൽ കുടുംബത്തിലെ
യൗസേപ്പു കൊച്ചുമ്മൻ എന്നൊരുവൻ
സ്വന്തം അനുഭവം ചൊന്നിടുന്നു
“പത്തു പതിനഞ്ചു വർഷങ്ങളായ്
ഉദരത്തിൻ രോഗത്താൽ ദുഃഖിക്കുന്നു
ദീപനശക്തി ക്ഷയിച്ചതിനാൽ
ഭക്ഷണം ഏറ്റവും അല്പമാക്കി
ഏറെ ചികിത്സകൾ സ്വീകരിച്ചു

സൽഫലമൊന്നും ലഭിച്ചതില്ല.
നെയ്യൂരാസ്പത്രിയിൽ ജോലിചെയ്യും
സോമർവെല്ലെന്ന പ്രസിദ്ധ ഡോക്ടർ
ശസ്ത്രക്രിയാദികൾ നിർവ്വഹിച്ചു
എന്നിട്ടുമില്ല ഫലം തോഴരെ.
മദിരാശിയിലുള്ള ആസ്പത്രിയിൽ
ജോലി ചെയ്തീടുന്ന മാൽക്കം ഡോക്ടർ
ഏറെ മരുന്നുകൾ നൽകിയിട്ടും
രോഗിക്കു സൗഖ്യമതുണ്ടായില്ല
രാത്രി സ്വപ്നത്തിൽ ലഭിച്ചതായ
സത്യോപദേശം ഞാൻ സ്വീകരിച്ചു
പരുമലയിൽ വച്ചു കാലം ചെയ്ത
കൊച്ചുതിരുമേനി എന്ന താതൻ
മദ്ധ്യസ്ഥതയ്ക്കഹൊ യോഗ്യനല്ലോ
വേണ്ടുംപ്രകാരം നീ ചെയ്തിടുക.
സത്യോപദേശം ഞാൻ കേട്ടനേരം
മദ്ധ്യസ്ഥപ്രാർത്ഥന ആരംഭിച്ചു.
പ്രാർത്ഥന വേളയിലെല്ലാമഹം
താതനോടീവിധം അഭ്യർത്ഥിച്ചു
പരുമലയിൽ വാഴും ദിവ്യതാതാ
രോഗം മാറീടുവാനർത്ഥിക്കുക
എന്നു ഞാനെപ്പോഴും അഭ്യർത്ഥിച്ചു
രോഗത്തിൽ നിന്നും ഞാൻ രക്ഷപ്പെട്ടു
എൻനാട്ടുകാരനാം നാട്ടുവൈദ്യൻ
തന്ന മരുന്നു ഫലവത്തായി
ഭക്ഷണമെല്ലാം കഴിച്ചീടുവാൻ
ഇപ്പോളെനിക്കിതാ സാധ്യമായി
പാവന താതന്റെ കബറിങ്കലായ്
ആയിരമായിരം എത്തീടുന്നു
ജീവിതം തന്നിലുളവായതാം
പ്രശ്ന പ്രയാസങ്ങൾ നീങ്ങുവാനായ്
പ്രാർത്ഥന നോമ്പുപവാസത്താലെ
താതനോടർത്ഥന ചെയ്തീടുന്നു.
പള്ളിയിലെത്തുന്ന ആയിരങ്ങൾ
സാക്ഷ്യമേകീടുന്നു സൽഫലങ്ങൾ
ചിന്തിച്ചീടാത്തതാം നേരത്തഹൊ
ജീവിതത്തിനേറ്റ സങ്കടങ്ങൾ

ആകെത്തുടച്ചു മാറ്റീടുവാനായ്
താതസവിധത്തിലെത്തിടുന്നു
തീർത്ഥാടകരായ് എത്തിടുന്ന
ആയിരമായിരം മാനവർക്കു
താതന്റെയർത്ഥന മൂലമായി
കിട്ടിയ നന്മകൾ ഒട്ടേറെ.
പരുമല ദേശത്തു ജീവിച്ചൊരു
തമ്പിയുമ്മനെന്ന വ്യക്തിയുടെ
സ്നേഹിതനായവൻ ഒരു ദിനത്തിൽ
ആഞ്ഞിലിയിൽ നിന്നും വീണുവല്ലൊ.
വീണയുടൻ തന്നെ ആസ്പത്രിയിൽ
നല്ല ചികിത്സയുമാരംഭിച്ചു.
സ്നേഹിതനെ കാണാൻ തമ്പിയുമ്മൻ
പോകുംവഴിക്കൊന്നു വീണുവല്ലൊ.
കാൽമുട്ടിനേറ്റ പരിക്കു മൂലം
രോഗി ചികിത്സക്കായെത്തി വേഗം.
ഡോക്ടർ തൻ സൂക്ഷ്മനിരീക്ഷണത്തിൽ
കാൽ മുറിച്ചീടുവാൻ നിർദ്ദേശിച്ചു.
തന്റെ ദുഃഖാവസ്ഥ ചിന്തിച്ചപ്പോൾ
തമ്പിയുമേറ്റം നിരാശനായി.
ദൈവത്തിൽ പൂർണ്ണമായാശ്രയിച്ചു
കാൽമുറിക്കേണ്ടെന്നു തീർമാനിച്ചു.
ക്ഷീണിതമായുള്ള കാലുമായി
എത്തീതമ്പിയുമ്മൻ പള്ളിയതിൽ
പരുമല ബാവാ തൻ കബറിലെത്തി
രാപകൽ പ്രാർത്ഥനയാരംഭിച്ചു
പ്രാർത്ഥന നോമ്പുപവാസത്താലെ
തമ്പി തൻ കാൽമുട്ടു ഭേദമായി
രോഗം ഭേദമായ കാലം മുതൽ
പള്ളിയിൽ ജോലിയും ആരംഭിച്ചു.
സാലിയെന്നു നാമമുള്ള യോഷാ
കല്യാണം കഴിഞ്ഞിട്ട് പത്തു വർഷം
എന്നിട്ടും കുട്ടികൾ ഉണ്ടായില്ല.
ബന്ധുമിത്രാദികൾ ദുഃഖത്തിലായ്
ഏറ്റം പ്രഗത്ഭരാം ഡോക്ടറന്മാർ
നല്ല ചികിത്സ നടത്തിയിട്ടും
ഓപ്പറേഷൻ ചെമ്മെ നടത്തിയിട്ടും

ഗർഭിണിയായതുമില്ല സാലി
ഭാഗ്യപരീക്ഷണമെന്ന മട്ടിൽ
താതനോടർത്ഥന ചെയ്തു സാലി
പാവന താതന്റെ കബറിടത്തിൽ
മുട്ടിപ്പായ് പ്രാർത്ഥന ചെയ്തു സാലി
നോമ്പുപവാസങ്ങൾ ചെയ്തു സാലി
സാക്ഷാൽ പരുമല ഭക്തയായി
ജന്മനാട്ടിൽ നിന്നും പരുമലയ്ക്കു
കാൽനടയാത്രയ്ക്കു നേർച്ച നേർന്നു
നേർച്ചയ്ക്കു ചൊന്നതുപോലെ തന്നെ
കോട്ടയം പരുമല യാത്ര ചെയ്തു
താതന്റെ പ്രാർത്ഥനാശക്തിയതിൽ
പൂർണ്ണവിശ്വാസിയാം സീമന്തിനി
മുപ്പത്തിയൊൻപതാം പ്രായത്തിങ്കൽ
സാലിയൊരു കുഞ്ഞിൻ മാതാവായി
കുഞ്ഞു ജനിച്ചിട്ടും വീണ്ടുമവൾ
യാത്ര നടത്തിയാൾ മൃത്യു വരെ.
കോട്ടയം ദേശികൻ ജേക്കബിനു
ഉത്തര ഇന്ത്യയിൽ ജോലിയല്ലോ
ജേക്കബിൻ പ്രിയനാം നന്ദനനു
ബ്രെയിൻ ട്യൂമറെന്നൊരു രോഗമായി
പരുമല വാണീടും താതനോടു
മദ്ധ്യസ്ഥതയ്ക്കായി യാചിച്ചവൻ
ഏറ്റവും നല്ല ചികിത്സ ചെയ്തു
ബാലകന്റെ രോഗം ഭേദപ്പെട്ടു
ബാലകരോഗത്തിൽ ദുഃഖം പൂണ്ടു
അഛന്റെ സമനില തെറ്റി വേഗം
ജേക്കബിന്റെ അമ്മ തപ്തയായി
താത സവിധത്തിൽ എത്തി വേഗം
പ്രാർത്ഥന നോമ്പുപവാസത്താലെ
ജേക്കബിൻ രോഗവും ഭേദമായി.
പെരുന്നാൾ ദിനങ്ങളിൽ പള്ളിയതിൽ
താമസമാക്കിയുപവസിച്ചു.
ചെങ്ങന്നൂർ ദേശിനി ചന്ദ്രിക തൻ
ഭർത്താവു രോഗത്താൽ ദുഃഖിതനാം
സ്വന്തമായൊന്നുമേ ചെയ്യാൻ മേലാ
വേറെ വരുമാനം ഇല്ലേയില്ല

നാലു കുഞ്ഞുങ്ങൾക്കു മാതാവായ
ചന്ദ്രികയാകെ പൊറുതിമുട്ടി
ഭിക്ഷക്കാരിയായി വീടു തോറും
കേറിയിറങ്ങേണ്ടി വന്നിട്ടുണ്ട്
ആഹാരം വസ്ത്രം ഇവയ്ക്കു പോലും
ചന്ദ്രികയാകെ വിഷമിച്ചു പോൽ
കുഞ്ഞുങ്ങൾ തന്നുടെ ദുഃഖം കണ്ടു
ആത്മഹത്യ പോലും ആഗ്രഹിച്ചു
കാര്യമറിഞ്ഞൊരയൽക്കാരിയാൾ
പരുമലയിലേക്കു കൊണ്ടുപോയി
പരുമലപ്പള്ളിയിൽ എത്തിയവർ
പ്രാർത്ഥിച്ചു കണ്ണുനീരോടുകൂടി
താതന്റെ മദ്ധ്യസ്ഥ പ്രാർത്ഥനയാൽ
ചന്ദ്രികയ്ക്കൊരു ജോലി കിട്ടി
ക്രൈസ്തവവിശ്വാസം സ്വീകരിച്ചു
സന്തോഷത്തോടവർ ജീവിക്കുന്നു
വെള്ളിയതാംനാളിൽ പരുമലയിൽ
പതിവായിട്ടെത്തുന്നു തുഷ്ടിയോടെ
ചന്ദ്രികയാളുടെ പ്രിയ പുത്രി
ആസ്ത്മാ രോഗത്താൽ വലഞ്ഞിരുന്നു
പള്ളിയിലെത്തുന്ന നേരം തന്നെ
പെൺകുട്ടി അസ്വസ്ഥയായിരുന്നു
പിറ്റേ വെള്ളിയാഴ്ച പെൺകുട്ടിയെ
പള്ളിയിൽ കൊണ്ടുപോയില്ല നൂനം.
അന്നു പെൺകുട്ടി തൻ ആസ്ത്മാ രോഗം
വീണ്ടുമധികമായ് മൂർഛിച്ചയ്യോ
തെറ്റുകൾ കുമ്പസാരിച്ചുകൊണ്ട്
കുട്ടിയെ പള്ളിയിൽ കൊണ്ടുവന്നു.
ചന്ദ്രികാപുത്രി തൻ രോഗം മാറി
ഭവനത്തിലൈശ്വര്യം തിങ്ങിവിങ്ങി.
കുറ്റൂർ സ്വദേശിയാം ബാലകൻ താൻ
ആസ്ത്മാ രോഗത്താൽ വലഞ്ഞിരുന്നു
ചെയ്ത ചികിത്സകളെല്ലാം തന്നെ
ഒട്ടും ഫലപ്രദമായതില്ല
പരുമല ബാവാ തൻ മദ്ധ്യസ്ഥത
ബാലന്റെ രോഗമകറ്റി നൂനം
പന്ത്രണ്ടു വെള്ളികൾ ബാലനുമായ്

പരുമല പള്ളിയിൽ എത്താമെന്നു
ബാലന്റെ മാതാവു ഭക്തിപൂർവ്വം
നേർച്ചയും നേർന്നങ്ങു യാത്രയായി
തലവടി ദേശത്തെ ഏലിയാമ്മ
വീട്ടുവഴക്കിനാൽ ദുഃഖിതയായ്
ഏലിയാമ്മ തന്റെ രണ്ടു മക്കൾ
ശത്രുക്കളെപ്പോൽ വഴക്കിടുന്നു
സോദരന്മാർകളെ യോജിപ്പിക്കാൻ
നോമ്പുപവാസത്തിൽ ആശ്രയിച്ചു
ഏറ്റവും ഭക്തി ബഹുമാനത്താൽ
താതനോടർത്ഥന ചെയ്തു അവൾ
പ്രാർത്ഥനയ്ക്കുത്തരം ഏകീ ദൈവം
സോദരന്മാർ രണ്ടും യോജിപ്പിലായ്.
തിരുവല്ലാ ദേശികൻ സി. പി. സൈമൺ
കത്തോലിക്കാസഭാ വിശ്വാസിയാം
കേറിക്കിടക്കുവാൻ കൂരയില്ല
ആഹാരത്തിനുപോലും മുട്ടുണ്ടായി
ധാരാളം വാതിൽക്കൽ ചെന്നു മുട്ടി
യാതൊരുത്തൻ ദയ കാട്ടിയില്ല.
ദുഃഖിതനായി നിരാശനായി
കണ്ണുനീർ ധാരയൊഴുക്കിക്കൊണ്ടു
പരുമല ബാവാതൻ കബറിടത്തിൽ
ദുഃഖങ്ങളാകെയിറക്കിവച്ചു
ശരണാർത്ഥിയാകുമയാൾക്കുവേണ്ടി
കൊച്ചുതിരുമേനി പ്രാർത്ഥിച്ചല്ലൊ
കന്യാസുതന്റെ കരുണ മൂലം
സൈമണു പാർപ്പിടം ഉണ്ടായ് വന്നു
നേർച്ചയ്ക്കനുസരണമായിട്ടു
വീടിന്റെ മുമ്പിലായ് ചെമ്മെയായി
പരുമല ബാവാ തൻ ഛായാചിത്രം
സത്വരം സൈമൺ പ്രതിഷ്ഠിച്ചല്ലൊ.
താതനോടുള്ളതാം ഭക്തി മൂലം
വെള്ളിദിനങ്ങളിൽ കൃത്യമായി
പരുമല പള്ളിയിൽ എത്തിടുന്നു
നന്ദിയർപ്പിക്കുവാൻ, പ്രാർത്ഥിക്കുവാൻ.
എണ്ണയ്ക്കാട്ടുള്ളൊരു കുഞ്ഞുമോളു
സമ്പത്തു കാര്യത്തിൽ കഷ്ടപ്പെട്ടു

അന്തിയുറങ്ങുവാൻ വീടുമില്ല
ഒരു സെന്റു പോലും സ്ഥലവുമില്ല
പാവമാ കുഞ്ഞുമോൾ പരുമലയിൽ
താതന്റെ മാദ്ധ്യസ്ഥ്യം അഭയം തേടി
തിരുമേനി തന്നുടെ പ്രാർത്ഥനയാൽ
സാമ്പത്തികക്ലേശം മാറിക്കിട്ടി.
സ്വന്തമായ് ഭവനവും നൽകി ദൈവം
കുഞ്ഞുമോൾ സംതൃപ്തയായി ചെമ്മെ.
വെള്ളികളിലവൾ പ്രാർത്ഥനയ്ക്കായ്
താതസവിധത്തിൽ എത്തിടുന്നു.
ഹിന്ദു സ്ത്രീയായ സരസമ്മയും
എണ്ണയ്ക്കാട്ടുള്ളവൾ തന്നെ നൂനം.
കായത്തിൻ വേദന മൂലമവൾ
ഒത്തിരി ഒത്തിരി കഷ്ടപ്പെട്ടു.
വൈദ്യന്മാർ സവിധത്തിൽ പോയെങ്കിലും
ഇല്ല ഫലമൊന്നും സോദരരെ
ആരൊ പറഞ്ഞു സരസമ്മയും
പരുമലബാവായെ പോയിക്കണ്ടു.
പന്ത്രണ്ടു വെള്ളികൾ നോമ്പെടുത്തു
പ്രാർത്ഥിച്ചു ചങ്കു നുറുങ്ങിക്കൊണ്ടു
കണ്ണുനീർ കാണിക്കയായി വച്ചു
ദൈവമുമ്പാകെ സമർപ്പിച്ചവൾ.
താതന്റെ പ്രാർത്ഥന കേട്ടു ദൈവം
രോഗമതിവേഗം വിട്ടുപോയി.
വെള്ളികളിലവൾ കൃത്യമായി
താതസവിധത്തിലെത്തുന്നുണ്ട്.
ഓതറ ദേശിനിയായൊരുവൾ
കുഞ്ഞമ്മ കോശിയെന്നാണു പേരും.
വയറിലെ വേദന കാരണമായി
കാൽനട പോലും അസാദ്ധ്യമായി.
താതന്റെ മദ്ധ്യസ്ഥ പ്രാർത്ഥനയാൽ
രോഗം പരിപൂർണ്ണമായി മാറി.
പ്രാർത്ഥന നോമ്പുപവാസങ്ങളിൽ
കുഞ്ഞമ്മ കോശി ശരണപ്പെട്ടു.
ഒറ്റയ്ക്കു പോകാൻ കഴിയാഞ്ഞവൾ
ഒറ്റയ്ക്കു പോകുന്നു കബറിടത്തിൽ.
കവിയൂർ നിവാസിയാം ജോണെന്നൊരാൾ

രോഗങ്ങൾ മൂലമായ് ക്ഷീണിതനായ്
ക്ഷീണം തളർച്ചയാൽ ദുഃഖിതനായ്
ഏറെ മരുന്നുകൾ സേവിച്ചയാൾ
ആഴ്ചകൾ മാസങ്ങൾ പോയ് മറഞ്ഞു
രോഗങ്ങൾ മാറിയതില്ല നൂനം.
ഒടുവിൽ പരുമല ബാവാ തന്റെ
കബറിടത്തിലയാൾ ശരണം വച്ചു
ദ്വാദശ വെള്ളികൾ നോമ്പു നോറ്റു
പള്ളിയിലെത്തുവാൻ നേർച്ച നേർന്നു
മദ്ധ്യസ്ഥ പ്രാർത്ഥന മൂലമായി
രോഗമതിവേഗം മാറിടുന്നു.
ചേപ്പാട്ടു ദേശിനി ശോശാമ്മയാൾ
തന്റെ മകൾക്കായി പ്രാർത്ഥിക്കുന്നു
വയറ്റിലെ വേദന മൂലമവൾ
ഒട്ടേറെ കഷ്ടപ്പെട്ടീടുന്നുണ്ട്.
വേദന മാറുവാൻ രോഗം നീങ്ങാൻ
വെള്ളികളിലവൾ എത്തിടുന്നു.
നോമ്പുപവാസത്താൽ പ്രാർത്ഥനയാൽ
തനയതൻ രോഗവും പോയ്മറഞ്ഞു.
കുട്ടംപേരൂരെന്ന ജനപഥത്തിൽ
ചിന്നമ്മ നാമാവാം സീമന്തിനി
ദാരിദ്ര്യത്താലെ വലഞ്ഞിരുന്നു
ഉടുതുണിക്കായവൾ കഷ്ടപ്പെട്ടു
കണവനൊ മദ്യത്തിനടിമയായി
നാടുവിട്ടെങ്ങോട്ടോ പോയ് മറഞ്ഞു
മൂന്നു കുട്ടികളെ പോറ്റീടുവാൻ
ചിന്നമ്മ വല്ലാതെ ബദ്ധപ്പെട്ടു.
മാതാവിൻ വാക്കുകൾ കേട്ടുകൊണ്ടു
കബറിങ്കലേക്കവൾ യാത്രയായി
താതന്റെ സവിധത്തിലെത്തിയവൾ
നിർമ്മല പ്രാർത്ഥനയാരംഭിച്ചു.
കണ്ണുനീരൊട്ടേറെ ഒഴുക്കിയവൾ
താതനോടായവൾ കേണിരന്നു
പ്രാർത്ഥന നോമ്പുപവാസത്താലെ
താതന്റെ പരിപൂർണ്ണ ഭക്തയായി
താതന്റെ മദ്ധ്യസ്ഥ പ്രാർത്ഥനയാൽ
കാണവാൻ കനിവോടെ വന്നണഞ്ഞു

മദ്യപാനം ചെമ്മെ കുറച്ചുകൊണ്ട്
മാതൃകാജീവിതം ആരംഭിച്ചു
ധൂർത്തനാം മൂത്ത മകനുമിപ്പോൾ
ഒട്ടേറെ മാറ്റങ്ങളുണ്ടായി പോൽ
ഭവനത്തിൽ ദാരിദ്ര്യം ഇല്ലാതായി
സുവിശേഷവേലയ്ക്കായ് മൂത്ത മകൻ
അന്യദേശത്തു വസിച്ചിടുന്നു.
ചെട്ടികുളങ്ങര ദേശികനാം
ഗോപകുമാറെന്ന ബാലകന്റെ
ക്ലേശം നിറഞ്ഞുള്ളനുഭവങ്ങൾ
കോരിത്തരിപ്പിക്കും വിശ്വാസിയെ
നാസിക ആനനം തന്നിൽ നിന്നും
ശോണിതം നിർത്താതൊഴുകിടുന്നു
ഈയൊരു രോഗത്താൽ ഗോപകുമാർ
ഒട്ടേറെ കഷ്ടം സഹിച്ചു നൂനം.
ഡോക്ടർമാർ നോക്കി പരിശോധിച്ചു
സത്ഫലമൊന്നുമുണ്ടായതില്ല.
ദീർഘമാം കാല ചികിത്സയ്ക്കായി
മാതാപിതാക്കൾക്കങ്ങാവതില്ല.
നല്ലവരായുള്ള നാട്ടുകാരൊ
പണമൊ കുറെയേറെ ശേഖരിച്ചു
ബാലനെ നല്ലൊരു ആസ്പത്രിയിൽ
താമസിയാതെ പ്രവേശിപ്പിച്ചു.
പരുമല ബാവാ തൻ കഥകൾ കേട്ടു
ബാലന്റെ മാതാപിതാക്കൾ ചെമ്മെ
പരുമലപ്പള്ളിയിൽ ബാലകനെ
പൂർണ്ണവിശ്വാസത്തിൽ കൊണ്ടുവന്നു
പരുമലപ്പള്ളി തൻ അങ്കണത്തിൽ
ബാലകൻ വലത്തുകാൽ തൊട്ടനേരം
ഒരു മിന്നലെന്നപോൽ രക്തധാര
എന്നുമെന്നേക്കുമായ് നിന്നു നൂനം.
കാരയ്ക്കൽകാരിയാം ശോശാമ്മ തൻ
മകളുടെ രോഗശമനത്തിനായി
പതിവായി പരുമല പള്ളിയതിൽ
മാദ്ധ്യസ്ഥ്യം തേടുവാൻ എത്തിടുന്നു.
ബോംബേയിൽ നേഴ്സായ തങ്കമ്മയ്ക്കു
കൈവിറയലെന്ന രോഗത്താലെ

ഒട്ടേറെ കഷ്ടം സഹിച്ചു പാവം
വേദനയാലേറെ ദുഃഖിച്ചവൾ
പരുമലപ്പള്ളിയിൽ കബറിടത്തിൽ
പ്രാർത്ഥന തുടങ്ങിയ നേരം മുതൽ
തങ്കമ്മ നേഴ്സിന്റെ കൈവിറയൽ
ക്രമശ ക്രമശയായ് മാറിടുന്നു.

# 2

# വിശുദ്ധൻ

പരുമല ബാവാ തൻ പരിശുദ്ധിയെ
തെളിയിച്ചീടുന്നതാം സംഭവങ്ങൾ
ഒട്ടേറെ ഉള്ളതിൽ ചിലതു മാത്രം
കുത്തിക്കുറിക്കുവാനാഗ്രഹിപ്പൂ.
വെട്ടിക്കൽ ദയറായിൽ താമസിക്കും
താതനിരുപത്തിമൂന്നു വയസ്.
അന്നേരമാണത്രെ പുണ്യവാളൻ
റമ്പാനായിട്ടങ്ങുയർത്തപ്പെട്ടു.
താതന്റെ മേനിയിൽ പിൻവശത്തായ്
എന്തോ വലിയൊരു നീർക്കെട്ടുണ്ടായ്
വൈദ്യന്മാരതു കണ്ടു വിധിയെഴുതി
കാര്യം നിസാരമല്ലെന്നു ചൊല്ലി
കേട്ടദശാന്തരെ ശിഷ്യന്മാർക്കും
ഭൃത്യജനങ്ങൾക്കും ദുഃഖമായി.
എന്നാൽ തിരുമേനി നീർക്കെട്ടിനെ
ഒട്ടുമെ കാര്യമായ് കരുതിയില്ല.
താതന്റെ രോഗവിവരമെല്ലാം
ചാത്തുരുത്തിയിലും അറിഞ്ഞുവല്ലൊ
സ്വന്തം പിതാവതിവേഗം തന്നെ
കുഴമ്പു കഷായങ്ങൾ കൊടുത്തയച്ചു.
പുണ്യവാൻ തിരുമേനി അവയെല്ലാമെ
സന്തോഷപൂർവ്വമായ് സ്വീകരിച്ചു
എന്നാലവയൊന്നും പുണ്യവാളൻ
ഒട്ടുമുപയോഗിച്ചില്ല നൂനം
കാരണം ചോദിച്ച ഭൃത്യനോടു
താതനിപ്രകാരം ഉച്ചരിച്ചു.
എന്തിനായ് നീയിത്ര പരിഭ്രമിപ്പൂ
ദൈവമറിയാത്ത കാര്യമില്ല.
തനിയെ വന്ന രോഗം തനിയെ പോകും.
ചെറിയേട്ടൻ ശാന്തനായ് തിരികെപ്പോക
താതൻ പ്രവചിച്ചപോലെ തന്നെ
നീർക്കെട്ടു താനെ മറഞ്ഞുപോയി.

തൃപ്പൂണിത്തുറയിലെ ജനപദമാം
തിരുവാങ്കുളത്തു സ്ഥിതിചെയ്യുന്ന
കരിങ്ങാശ്രപ്പള്ളി വകയായിട്ടു
കുരിശടി സ്ഥാപിക്കാൻ തെരഞ്ഞെടുത്ത
പുരയിടത്തിന്റെ സമീപത്തായി
ഹൈന്ദവക്ഷേത്രമതൊന്നുണ്ടെന്ന്
ആരോപിച്ചുള്ളൊരു കേസുണ്ടായി
തിരുമേനി ആ കേസിൽ സാക്ഷിയത്രെ
കോടതി വിസ്താരവേളയിങ്കൽ
തിരുമേനിയല്പം മൊഴിമാറ്റിയാൽ
കേസിൽ ജയിക്കുവാൻ സാധ്യമാകും.
പള്ളിക്കാരീവിധം താതനോടു
മൊഴി മാറ്റിച്ചൊല്ലുവാൻ അഭ്യർത്ഥിച്ചു.
എന്നാൽ തിരുമേനി കോടതിയിൽ
സത്യമതു മാത്രം ഉച്ചരിച്ചു.
കോടതി പ്രതികൾക്കു ശിക്ഷ നൽകി
ഏറ്റവും തപ്തരായ് പള്ളിക്കാരും
താതൻ പള്ളിക്കാരെ നേരിൽക്കണ്ടു
ആശ്വാസവാക്കുകൾ ചൊല്ലിയല്ലൊ.
പള്ളിക്കാരും പിന്നെ ഹൈന്ദവരും
ചർച്ചകൾ ചെയ്തങ്ങു യോജിപ്പിലായ്
കുരിശടിയല്പം അകലെയായി
സ്ഥാപിക്കാൻ പള്ളിക്കാർ സന്നദ്ധരായ്.
ഒരു പട്ടക്കാരന്റെ തെറ്റിനാലെ
തിരുമേനി ക്രൂദ്ധനായ് ശാസിച്ചല്ലൊ.
ശാസന ചെയ്യുന്ന വേളയിങ്കൽ
താതൻ വൈദികനെ ഒന്നടിച്ചു.
അല്പസമയം കഴിഞ്ഞ നേരം
താതനു കുണ്ഠിതമുണ്ടായ് വന്നു.
പിറ്റേന്നു തന്നെയാ വൈദികനെ
താതൻ വിളിച്ചു വരുത്തിയല്ലൊ.
പിറ്റേന്നു ദിവ്യബലിയർപ്പിക്കാൻ
താതൻ വൈദികനോടാജ്ഞാപിച്ചു.
ദിവ്യബലിക്കഹൊ മുമ്പുതന്നെ
വൈദികന്റെ മുമ്പിൽ താഴ്മയോടെ
തെറ്റുകളൊക്കെയും ഏറ്റുചൊല്ലി
സത്യമാം കുമ്പസാരം നടത്തി.

പ്രായശ്ചിത്തമായി വന്ദ്യപിതാ
ഒരു രൂപാ നാണയവും കൊടുത്തു
ശിരസിൽ കരം വച്ചു പ്രാർത്ഥിക്കുവാൻ
താതൻ വൈദികനോടഭ്യർത്ഥിച്ചു.
കൂടാതെ "ഹൂസോയോ" നൽകുവാനും
വന്ദ്യ പിതാവപേക്ഷിച്ചുവല്ലൊ.
ഈറനാംകണ്ണുകളോടെയച്ചൻ
താതന്റെയിച്ഛപോൽ ചെയ്തുവല്ലൊ.
വന്ദ്യ പിതാവിന്റെ ദൈവഭയം
താഴ്മ, വിനയവും കണ്ടനേരം
വൈദികശ്രേഷ്ഠനുണ്ടായി വന്നു
നിർവ്യാജമായ മനംമാറ്റം താൻ.
കുന്നക്കുരുടിയിൽ പള്ളിയുടെ
കൂദാശ നടക്കുന്ന പുണ്യദിനം.
മേല്പട്ടക്കാരെയങ്ങാർഭാടമായ്
സ്വീകരിച്ചെതിരേറ്റു മഞ്ചലിലായ്
പള്ളിയിലേക്കഹൊ പോയിടുമ്പോൾ
പെട്ടെന്നതങ്ങഹൊ സംഭവിച്ചു.
ഏതാനും സാമൂഹ്യദ്രോഹികൾ ഹാ
ചാണകം വാരിയെറിഞ്ഞുവല്ലൊ
വന്ദ്യ പിതാവിന്റെ വസ്ത്രമെല്ലാം
ദുർഗന്ധപൂരിതമായിത്തീർന്നു
ക്ഷോഭം നിറഞ്ഞുള്ള വിശ്വാസികൾ
യുദ്ധത്തിനായങ്ങു കച്ചകെട്ടി
അക്ഷോഭ്യനായുള്ള പുണ്യശ്ലോകൻ
യാത്ര തുടരുവാൻ ആജ്ഞാപിച്ചു.
സാമൂഹ്യദ്രോഹികൾ ചെയ്ത തെറ്റു
പുണ്യവാനാം താതൻ വിസ്മരിച്ചു.
അല്പസമയം കഴിഞ്ഞ നേരം
തെറ്റുകാർക്കുണ്ടായി കുറ്റബോധം.
ആയവർ താതന്റെ ചാരത്തെത്തി
മാപ്പപേക്ഷിച്ചവർ താഴ്മയോടെ
പ്രായശ്ചിത്തമായി ശത്രുസംഘം
കുരിശടിയൊന്നവർ സ്ഥാപിച്ചഹൊ.
വീയപുരത്തുള്ള പള്ളിയതിൽ
താതനെഴുന്നെള്ളിച്ചെന്നു കൊണ്ടു
കല്യാണകൂദാശ നടത്തുംനേരം

ഭക്തിയിൽ വാഴ്ത്തുന്ന വേളയിങ്കൽ
മോതിരം പെട്ടെന്നു വീണുപോയി.
സംഭവം കണ്ടതാം ബന്ധുജനം
ദുഃഖപരവശരായിത്തീർന്നു.
കാര്യം ഗ്രഹിച്ച പിതാവു ചൊല്ലി
"സംഭ്രമിച്ചീടേണ്ട സോദരരെ.
ദമ്പതികൾക്കൊന്നും തീർച്ചയായും
സംഭവിക്കില്ലെന്നറിഞ്ഞു കൊൾവിൻ.
ഈയുള്ളവനിനി വിവാഹത്തിൻ
കൂദാശ നൂനം നടത്തുകില്ല."
അപ്രകാരം തന്നെ വന്ദ്യ താതൻ
ശയ്യാവലംബിയായ്, മൃത്യുവായി.
താതൻ കരിങ്ങാശ്ര പള്ളി തന്നിൽ
താമസിച്ചീടുന്ന കാലത്തിങ്കൽ
ആത്മസ്നേഹിതൻ തൻ പുത്രനുമായ്
താതനെ കാണുവാൻ വന്നുചേർന്നു.
തൃക്കരം മുത്തുന്ന വേളയിങ്കൽ
താതന്റെ മോതിരം കണ്ടു ബാലൻ.
അംഗുലീയത്തിന്റെ ശോഭ കണ്ടു
ബാലനാ കൈയിൽ പിടിമുറുക്കി
ബാലനെ പിന്തിരിപ്പിച്ചീടുവാൻ
സർവ്വരുമേറെ പരിശ്രമിച്ചു.
വന്ദ്യനാം താതനാ ബാലകനെ
കോരിയെടുത്തിട്ടു ചുംബിച്ചഹൊ
പുണ്യവാൻ മത്തായി ശ്ലീഹായുടെ
സുവിശേഷ പ്രതിയൊന്നു കാട്ടിക്കൊണ്ടു
"മോനെ നിനക്കിപ്പോൾ മോതിരമൊ
പുസ്തകം വേണമോ എന്നു ചൊൽക."
ബാലകൻ സത്വരം പുസ്തകത്തിൽ
പിഞ്ചു കൈകൊണ്ടു പിടിമുറുക്കി.
വർദ്ധിച്ച സന്തോഷമോടെ താതൻ
പുസ്തകം ബാലനു നൽകി ചെമ്മെ.
പിറ്റേന്നു ബാലനും തൻ പിതാവും
യാത്ര പോയീടാനൊരുങ്ങീടുമ്പോൾ
വന്ദ്യ ജനകനാ ബാലകനു
യോജിച്ച മോതിരം നൽകി ചെമ്മെ.

# 3
# പ്രഖ്യാപനം

ജീവിതകാലമെല്ലാം നിർമ്മല ജീവിതത്താൽ
ചിരപ്രസിദ്ധി നേടി മാനവസ്നേഹിയായി
വന്ദ്യനാം പരുമല ഗ്രീഗോറിയോസിൻ കീർത്തി
ധരണി മുഴുവനും വ്യാപിച്ചു അതിവേഗം
മദ്ധ്യസ്ഥ പ്രാർത്ഥനയാൽ സകല മതസ്ഥർക്കും
സങ്കട പരിഹാരം നൽകുന്ന മഹാമുനി
ഈവിധം മലങ്കരസഭയ്ക്കു മഹാഭാഗ്യം
നൽകിയ പിതാവിനെ മറക്കാൻ കഴിയില്ല.
സഭയാം മാതാവിനെ വാനോളം ഉയർത്തിയ
താതനു വിശുദ്ധന്റെ പദവി നൽകീടുവാൻ
സഭ തൻ സുന്നഹദോസ് ഏകകണ്ഠമായ്ത്തന്നെ
തുഷ്ടിയാൽ, സംതൃപ്തിയാൽ തീരുമാനവും ചെയ്തു.
ബാല്യകാലത്തും പിന്നെ യൗവ്വനകാലത്തിലും
അതിനു പിൽക്കാലത്തും പുണ്യവാൻ അദ്ദേഹത്തിൽ
യാതൊരുവിധമായ തെറ്റുകുറ്റങ്ങളൊന്നും
കണ്ടെത്തപ്പെട്ടീടുവാൻ കഴിഞ്ഞില്ലെന്നുള്ളതും
സർവ്വകാലങ്ങളിലും അദ്ദേഹം വിശുദ്ധർക്കു
തുല്യജീവിതം ചെമ്മെ നയിച്ചെന്നതിനാലും
ജീവിതകാലത്തിലും മൃത്യുവായശേഷവും
അദ്ദേഹം മൂലം നടന്നിട്ടുള്ളത്ഭുതങ്ങളും
ഒക്കെയും കണക്കാക്കി ഗ്രീഗോറിയോസ് താതനെ
പരിശുദ്ധന്മാരുടെ പട്ടികയതിൽ ചേർക്കാൻ
ഔഗേൻ മാർ തീമോത്തിയോസ് അഭിപ്രായത്തെ ചൊന്നു
തോമസ് മാർ ദീവന്നാസിയോസ് ആബൂൻ മാർ പീലക്സിനോസ്
എന്നിവർ പ്രമേയത്തെ അനുകൂലിച്ചു ചെമ്മെ.
പ്രമേയം ഏകകണ്ഠമായിത്താൻ പാസായിതെ.
മാർത്തോമ്മാശ്ലീഹായുടെ സിംഹാസനത്തിന്മേലായ്
വാണരുളീടുന്നതാം ഗീവറുഗീസ് രണ്ടാമൻ
മോറാൻ മാർ ബസേലിയോസ് കാതോലിക്കാ ബാവാ താൻ
ആദ്ധ്യക്ഷ്യം വഹിച്ചുള്ള സിനഡു പ്രഖ്യാപിച്ചു
പരുമല കാലംചെയ്ത പരിശുദ്ധ ഗ്രീഗോറിയോസ്
ബാവാതൻ തിരുനാമം പാവന ചരിതർ തൻ
പട്ടികയതിൽ ചേർത്തു തുബ്ദേനിൽ എഴുതാനും

സിനഡിൽ തീരുമാനം ഇന്നിതാ പ്രഖ്യാപിപ്പൂ.
കോതമംഗലത്തിലായ് കാലം ചെയ്തതായുള്ള
മാർ ബേസിൽ കാതോലിക്കാ ബാവാതൻ നാമധേയം
ഇപ്രകാരമായ്ത്തന്നെ ചെയ്യാനും സുന്നഹദോസ്
നിശ്ചയിച്ചിരിക്കുന്നു എന്ന സന്തോഷവാർത്ത
ഇതിനാൽ നിങ്ങളെ നാം ബോധ്യപ്പെടുത്തീടുന്നു
അതിനാൽ മേല്പറഞ്ഞ പാവന പിതാക്കൾ തൻ
ഓർമ്മകൾ എന്നുമെന്നും മറ്റുള്ള പിതാക്കൾ തൻ
ഓർമ്മകൾ പോലെതന്നെ പ്രാർത്ഥന അതിലെന്നും
അനുസ്മരിക്കുകയും അവർ തൻ നാമങ്ങളിൽ
പള്ളികൾ സ്ഥാപിക്കാനും കഴിയുന്നതുമാണ്.
പാവന പിതാക്കൾ തൻ പ്രാർത്ഥന നമുക്കെന്നും
കോട്ടയും അഭയവും നാളെന്നും ആയീടട്ടെ.

# 4

# പരിമളം പരത്തുന്ന പരുമലത്തിരുമേനി

മലങ്കരസഭയുടെ ഭാവിയെക്കുറിച്ചു സ്വപ്നം കണ്ടിടുവാൻ
സഭാതനയർക്കു ബോധനം നൽകിയ പുണ്യപിതാവല്ലോ

അവശന്മാരെ, ആർത്തന്മാരെ ആലംബഹീനന്മാരെ
അവരെ ഉയർത്താൻ അവരെ വളർത്താൻ പടവെട്ടീ താതൻ

വിദ്യാഭ്യാസം ആവശ്യമെന്നു ജനതയെ പഠിപ്പിച്ചു
ഗ്രാമംതോറും വിദ്യാലയങ്ങൾ സ്ഥാപിച്ചു ജനകൻ

ഇംഗ്ലീഷ് ഭാഷതൻ മാഹാത്മ്യത്തെ എടുത്തുകാട്ടി താതൻ
അതിനായ് സ്കൂളിൽ ഇംഗ്ലീഷ് മീഡിയം തുടങ്ങിവച്ചല്ലോ

ദേവാലയങ്ങളിൽ മുളച്ചുപൊങ്ങീടും അന്തഃഛിദ്രങ്ങളെ
മുളയിലെ നുള്ളിക്കളയാൻ താതൻ ജാഗ്രത കാട്ടിയല്ലോ

ദളിതന്മാരെ, ദുഃഖിതന്മാരെ പീഡിത ജനതകളെ
അവർ തൻ കണ്ണീരൊപ്പീ ജനകൻ സഭയിൽ ചേർത്തല്ലോ.

ആത്മീയത തൻ പുതിയ മാനം ദർശിച്ചീടുവാനായ്
വിശുദ്ധ നാടുകൾ സന്ദർശിച്ച പ്രഥമ വന്ദ്യപിതാ.

നിഷ്കളങ്കതയുടെ മൂർത്തിമദ് ഭാവം പരുമലത്തിരുമേനി
ശിശുക്കളെയും ബാലകരെയും സ്നേഹിച്ചു താതൻ

പരുമല മാർ ഗ്രീഗോറിയോസ് ബാവാ പരിശുദ്ധനല്ലോ
മലങ്കരസഭയുടെ പൊതുസ്വത്തായ പുണ്യ പിതാവല്ലോ.

പരുമലയെന്ന കുഗ്രാമത്തെ മഹത്വവൽക്കരിച്ചു
വിശുദ്ധ നാടായി മാറ്റീ ജനകൻ പരിഷ്കർത്താവല്ലോ

ഭാരതനാടിൻ അഭിമാനത്തെ പ്രോജ്വലിപ്പിച്ചു
കേരളനാടിൻ നന്മയ്ക്കായി ചോര തിളച്ചല്ലോ.

മലങ്കരസഭയിലെ യാഥാസ്ഥിതികരെ വിറകൊള്ളിപ്പിച്ചു
കാലത്തിൻ ചുവരെഴുത്തുകൾ കാട്ടി മനംമാറ്റം വരുത്തി.

മലങ്കരസഭയുടെ നിത്യവസന്തം അവിടുന്നാണല്ലോ
താവക ദിവ്യസന്ദേശങ്ങൾ ആരാധ്യം തന്നെ.

യാദൃഛികമായ് ചെയ്യും തെറ്റുകൾക്കുടനടി പരിഹാരം
ചെയ്യാൻ വിമുഖത കാട്ടാതിരുന്ന ആദർശശാലി.

ലളിതസുന്ദര വേഷാദികളെ സ്നേഹിച്ചൂ ജനകൻ
ലളിത ജീവിതം, പെരിയ ചിന്ത തവ ലക്ഷ്യം തന്നെ.

ശിശുക്കളെയെല്ലാം മാലാഖമാരായ് കരുതീ തിരുമേനി
മാറോടണച്ചു ചുംബിച്ചീടുവാൻ വെമ്പൽ കാട്ടിയല്ലൊ.

മലങ്കരസഭയിൽ ജനിച്ചു ജനകൻ ഭാരത സ്വത്തായി
ഇന്നീ ധരണിയിൽ വിശുദ്ധന്മാരിൽ പ്രഥമ ഗണനീയൻ.

അനന്ത സുന്ദര നീല വിഹായസിൽ ഉജ്വല പ്രഭ ചൊരിയും
താരകമായി, ജ്യോതിസായി സഭയിൽ വിളങ്ങീടും.

# 5
# മദ്ധ്യസ്ഥ പ്രാർത്ഥന

സാധാരണക്കാരതിൽ സാധാരണക്കാരനും
അജ്ഞാനി, മഹാപാപി ആയിടും ഈയുള്ളോനു
പരുമല ബാവാ തൻ പാവന ചരിതത്തെ
കാവ്യമായ് രചിക്കുവാൻ പ്രാപ്തിയും സഹായവും
നൽകിയ കന്യാസുതൻ കരുണാമൂർത്തീ നാഥൻ
വാഴ്ത്തപ്പെട്ടീടട്ടെന്നും സ്തുതിക്കപ്പെട്ടീടട്ടെ
കന്യകാ തനയന്റെ കൃപയും കരുണയും
ഇല്ലായ്കിൽ ഈയുള്ളവൻ എത്രയൊ നിസാരനാം.
ആയിരമായിരമായ് വാക്കിനാൽ സ്തുതിച്ചാലും
അങ്ങയോടുള്ള നന്ദി തീരില്ല ഇതു സത്യം.
അങ്ങുതൻ ദാസേയന്റെ പാവന ജീവകഥ
ഇന്നിതാ മഹാകാവ്യമായിത്താൻ ഇറങ്ങുന്നു.
ഇതിനായ് എൻ കരത്തെ ശക്തമാക്കീടുവാനായ്
പ്രാർത്ഥിച്ച പരിശുദ്ധാ അങ്ങേയ്ക്കു നന്ദി നന്ദി.
മലങ്കരസഭയുടെ പ്രഥമ പരിശുദ്ധാ
സഭയ്ക്കുവേണ്ടി നിത്യം പ്രാർത്ഥിച്ചീടണെ നാഥാ
സഭതൻ ശാന്തിക്കായി പ്രാർത്ഥിച്ചീടണെ നിത്യം
മാലോക നന്മയ്ക്കായി പ്രാർത്ഥനയർപ്പിക്കണെ.
കരുണാകരനാകും കർത്താവെ ജഗന്നാഥാ
മാർ ഗ്രീഗോറിയോസിന്റെ പ്രാർത്ഥന കേൾക്കേണമെ
കൊച്ചുതിരുമേനി തൻ പ്രാർത്ഥന മൂലമായി
ഞങ്ങളെ മുഴുവനായ് അനുഗ്രഹിക്കേണമെ
ശാന്തിതൻ കാലങ്ങളെ ഞങ്ങൾക്കു ദാനം ചെയ്ത
ദുഷ്കാമങ്ങളെ പിന്നെ ദുഷ്ടകാലങ്ങളെയും
നീക്കിക്കളയേണമെ നാഥാ നീ ദയ തോന്നി
പാവന താതനെപ്പോൽ വെടിപ്പിൽ, വിശുദ്ധിയിൽ
ജീവിപ്പാൻ ജഗദീശാ ഞങ്ങളെ ഒരുക്കണെ.
തിരുമേനി തന്നുടെ പ്രാർത്ഥനാ സഹായത്താൽ
കരുണ, മനോഗുണം പ്രാപിപ്പാൻ സഹായിക്ക.
താവക തിരുമുമ്പിൽ അപേക്ഷാ സ്വാതന്ത്ര്യവും
സംപ്രീതിയുള്ളവനും ആകുന്ന ജനകന്റെ
പ്രാർത്ഥന യാചനയാൽ ഉത്തമ നാഥാ ദേവാ
ദയയാൽ അനുഗ്രഹം മാരിപോൽ ചൊരിയണെ.

നൈർമ്മല്യത്തിന്റെ മഹാ വിശുദ്ധ സ്ഥലത്തഹൊ
സ്ഥിതി ചെയ്യുന്നവനെ ശുദ്ധരിൽ ശുദ്ധൻ ദേവാ
നിർമ്മല കീർത്തനത്താൽ ഞങ്ങൾ തൻ പിതാവിനെ
പുകഴ്ത്തി ശ്ലാഘിക്കുവാൻ ഞങ്ങളാഗ്രഹിക്കുന്നു
യുക്തമാംവിധംതന്നെ പുകഴ്ത്താൻ ശ്ലാഘിക്കുവാൻ
കളങ്കിതന്മാർക്കഹൊ സാധ്യമാകില്ല നൂനം
എങ്കിലും ഞങ്ങളുടെ പ്രാപ്തിയും കഴിവുംപോൽ
അർപ്പിക്കും അഭ്യർത്ഥന സ്വീകരിച്ചീടേണമെ.
ഞങ്ങൾതൻ പിതാവായ ഗ്രീഗോറിയോസാം താതൻ
മിശിഹാതമ്പുരാന്റെ ഇഷ്ടതോഴനാകുന്നു.
സത്യവിശ്വാസത്തിന്റെ ഉപദേഷ്ടാവാകുന്നു
സകല നന്മകൾ തൻ ശ്രീഭണ്ഡാരവും നീയെ
വിശ്വാസിയപേക്ഷിച്ചാൽ നിരസിക്കാത്തവൻ നീ
കണ്ണുനീർ തുടപ്പവൻ ജനകാ നീയല്ലയൊ.
സ്വർഗ്ഗസ്ഥ പിതാവിന്റെ ശ്രീഭണ്ഡാരത്തിൻമേലായ്
വിശ്വസ്തൻ, ജ്ഞാനിയുമാം ഗൃഹവിചാരകനായ്.
നിയമിക്കപ്പെട്ടതാം പാവന ജനകാ നീ
കുറ്റക്കാർ, രോഗികൾക്കും മദ്ധ്യസ്ഥനായിത്തീർന്നു.
താവക നാഥൻ നൂനം കടങ്ങൾക്കു മോചനം
പാപത്തിൻ പരിഹാരം ആപത്തുകളിൽ നിന്നും
വിടുതൽ പ്രാപിക്കാനും ദണ്ഡനങ്ങളിൽ നിന്നും
രക്ഷ നേടീടുവാനും ഞങ്ങൾക്കായ് പ്രാർത്ഥിക്കണെ
താവക യജമാനൻ ദൈവത്തോടുള്ളപേക്ഷ
ഞങ്ങൾ തൻ നന്മയ്ക്കായി ഭവിച്ചീടണെ താത
ഞങ്ങൾ തൻ ശരീരത്തെ നിർമ്മലീകരിക്കയും
സർവ്വ ആത്മാക്കളെയും വെണ്മയാക്കീടുകയും
ഞങ്ങൾ തൻ വിചാരത്തെ ധവളീകരിക്കയും
ജനകാ ചിന്തകളെ നിർമ്മലീകരിക്കണെ.
ഇന്ദ്രിയം അഞ്ചിനെയും ശക്തിപ്പെടുത്തേണമെ
ഞങ്ങൾ തൻ സഞ്ചാരത്തെ ശുദ്ധമാക്കീടേണമെ
പള്ളികൾ ശാന്തികേന്ദ്രം ആകുവാൻ തുണയ്ക്കണെ.
കുടുംബങ്ങളെ വാഴ്ത്തി അനുഗ്രഹിക്കേണമെ
വൃദ്ധരെ താങ്ങേണമെ ബാലരെ നിയന്ത്രിക്ക.
നിർമ്മല ശിശുക്കളെ ചെമ്മെയായ് വളർത്തണെ
ഞങ്ങൾ ദൗർബ്ബല്യത്തെ പോക്കണെ തിരുമേനീ
വളരെ ദയവുള്ള പാവനജനകാ നീ.
ഞങ്ങൾ തൻ രോഗികൾക്കു സൗഖ്യമതേകേണമെ

ക്ഷീണിച്ചു തളർന്നോരെ ബലപ്പെടുത്തേണമെ.
മാനസികഭാരത്താൽ ക്ഷീണിച്ച മനുഷ്യരെ
ജനകാ ദയ തോന്നി ശക്തരാക്കീടണമേ.
ദുഃഖിതരായുള്ളോരെ ആശ്വസിപ്പിക്കേണമെ
അനാഥരായുള്ളോർക്കു നാഥനായ്ത്തീരേണമെ.
വൈധവ്യം ഭവിച്ചോരെ സംരക്ഷിച്ചീടേണമെ
ദൂരത്തു വസിപ്പോർക്കു ശാന്തിയരുളേണമെ.
ചാരത്തു വസിപ്പോർക്കു രക്ഷ നീ നൽകേണമെ
രിപുക്കൾ തന്നിൽ നിന്നും വീണ്ടെടുത്തീടേണമെ.
കാത്തുകൊള്ളേണം നാഥാ മാനവ കദംബത്തെ
ചൊല്ലുന്നൂ മൂന്നുവട്ടം കുറിയേലായിസോൻ. ഹാ!

(പരുമല മാർ ഗ്രീഗോറിയോസ് വിജയം മഹാകാവ്യം സമാപിച്ചു.)

# ഗ്രന്ഥസൂചിക

1. പരുമല കൊച്ചുതിരുമേനി

ഫാ. ഇ. ജെ. ഏബ്രഹാം

2. പരിശുദ്ധ പരുമല കൊച്ചുതിരുമേനി

ഒ.എസ്.എസ്.എ.ഇ. പ്രസിദ്ധീകരണം

3. പരിശുദ്ധനായ പരുമല കൊച്ചുതിരുമേനി

അരുൺ തുവയൂർ

4. പവിത്ര രചനകൾ

സമ്പാദകൻ: ഡോ. സാമുവൽ ചന്ദനപ്പള്ളി

5. പരുമല തിരുമേനി മലയാള സാഹിത്യത്തിൽ

ഫാ. ജോൺ തോമസ്, കരിങ്ങാട്ടിൽ

6. Behold A Saint

Sunny Thomas

7. Parumala Thirumeni: The Saint Reformer

Dr. Varghese Perayil

8. മലങ്കരയുടെ പരിശുദ്ധൻ ചാത്തുരുത്തിൽ മോർ ഗ്രീഗോറിയോസ്

ഷെവ. കെ. വി. പൗലോസ് കൂരൻ